# ഗിരിദീപം

ഒക്ടോബർ 2023



ഒക്ടോബർ 07

പരിശുദ്ധ ജപമാല രാജ്ഞിയുടെ തിരുനാൾ

## തലശ്ശേരി അതിരൂപത
## ADAM മിനിസ്ട്രി സെന്റർ ഉദ്ഘാടനവും ലോക ബധിരദിന വാരാഘോഷവും
## 2023 സെപ്റ്റംബർ 17
ഗുഡ് ഷെപ്പേർഡ് പാസ്റ്ററൽ സെന്റർ പടന്നക്കാട്













ഒക്ടോബർ 2023
വാല്യം 06
ലക്കം 10

# ഗിരിദീപം

തലശ്ശേരി അതിരൂപതയുടെ മുഖപത്രം

Archbishops House, Holloway Road, Thalassery, Kerala, India - 670101
Ph: 0091-490 2341058; Email: curiaadtly@gmail.com; Web: www.archdioceseoftellicherry.org

# ഗിരിദീപം

തലശ്ശേരി അതിരൂപതയുടെ മുഖപത്രം

1. Prot. No. 563/2023, Circular No.09/2023 .................................. 05
2. ആഗോളപ്രേഷിതദിന സന്ദേശം- ഫ്രാൻസീസ് പാപ്പാ ............................ 08
3. സിനഡാനന്തര സർക്കുലർ ............................................................ 17
4. കച്ചേരിക്കാര്യം ........................................................................ 22
5. പ്രെസ്ബിറ്ററൽ യോഗറിപ്പോർട്ട് ...................................................... 31
6. കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ് .................................................. 34
7. ബൈബിൾ അപ്പൊസ്റ്റൊലേറ്റ് . .......................................................... 42
8. ചിൽഡ്രൻ അപ്പൊസ്റ്റൊലേറ്റ് ............................................................ 47
   തിരുബാലസഖ്യം ......................................................................... 53
9. യൂത്ത് അപ്പൊസ്റ്റൊലേറ്റ് ............................................................... 55
10. ഫാമിലി അപ്പൊസ്റ്റൊലേറ്റ് ............................................................ 59
11. എജ്യൂക്കേഷണൽ അപ്പൊസ്റ്റൊലേറ്റ് .................................................. 66
    നിർമ്മലഗിരി കോളേജ് ................................................................ 68
    സാൻജോസ് അക്കാദമി ................................................................ 70
    വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ് ........................................ 71
12. ലെയ്റ്റി അപ്പൊസ്റ്റൊലേറ്റ് ............................................................... 73
    കെസിബിസി മദ്യവിരുദ്ധ സമിതി .................................................. 76
    ADAM .................................................................................... 78
    സെന്റ് വിൻസെന്റ് ഡി പോൾ ........................................................ 81
13. ധ്യാനകേന്ദ്രങ്ങളിലൂടെ ................................................................ 84
14. സോഷ്യൽ സർവ്വീസ് അപ്പൊസ്റ്റൊലേറ്റ് .............................................. 85
    ബയോ മൗണ്ടൻ ഫാർമേഴ്സ് ........................................................... 88
15. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (പാംപ്ലാനി പിതാവ്) ........................ 89
16. Engagements - October (Archbishop Mar Joseph Pamplany) ............. 93
17. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (ഞറളക്കാട്ട് പിതാവ്) ....................... 94
18. Engagements - October (Archbishop Mar George Njaralakatt) ......... ... 96
19 വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (വലിയമറ്റം പിതാവ്) ......................... 97
20. Engagements - October (Archbishop Mar George Valiamattam)....... ... 98

# സർക്കുലർ

## മാർ ജോസഫ് പാംപ്ലാനി

Prot. No. 563/ 2023, Circular No. 09/2023

### ജപമാലമാസം

ഈശോയിൽ പ്രിയപ്പെട്ടവരെ,

ഒക്ടോബർ മാസം പരമ്പരാഗതമായി പരിശുദ്ധ ജപമാല രാജ്ഞിക്ക് സമർപ്പിതമാണല്ലോ. പരിശുദ്ധ അമ്മയുടെ സംരക്ഷണം തേടാനും അമ്മയുടെ മാതൃസഹജമായ പരിപാലനയ്ക്കു നന്ദിപറയാനും ആണ്ടുവട്ടത്തിൽ തിരുസഭ കരുതിവച്ച മാസമാണിത്. കൂടുതൽ സ്നേഹത്തോടെയും ഭക്തിയോടെയും വിശ്വാസത്തോടെയും ജപമാല കരങ്ങളിലെടുക്കുവാൻ ഈ ജപമാലമാസം വഴിയൊരുക്കട്ടെ. ദൈവമാതാവിലുള്ള വിശ്വാസത്തിലെ കുറവ് ദൈവപിതാവിലും ദൈവപുത്രനിലുമുള്ള വിശ്വാസത്തിലെ കുറവിനു കാരണമാകുമെന്ന എഫേസൂസ് സൂനഹദോസിന്റെ പഠനം ഏറെ പ്രസക്തമാണ്.

തിരുസഭയുടെ സംരക്ഷകയാണ് പരിശുദ്ധ മറിയം എന്ന സത്യമാണ് ജപമാലമാസത്തിൽ നാം ആദ്യമായി അനുസ്മരിക്കുന്നത്. ക്രൈസ്തവ രാജ്യങ്ങളും ആരാധനാലയങ്ങളും കീഴടക്കാനെത്തിയ തുർക്കികളുടെ ഓട്ടോമൻ സൈന്യത്തെ 1571 ൽ ലെപാന്റോയിൽ വച്ച് ക്രൈസ്തവ സൈന്യം നേരിട്ടു. അഞ്ചാം പീയൂസ് മാർപാപ്പായുടെ ആഹ്വാനപ്രകാരം സഭയൊന്നാകെ ജപമാല കരങ്ങളിലെടുത്ത് തീക്ഷ്ണമായി പ്രാർത്ഥിച്ചു. ജപമാലയുടെ കരുത്തിൽ നിർണ്ണായകമായ ആ യുദ്ധത്തിൽ വിശ്വാസധ്വംസകർ പരാജിതരായി. യൂറോപ്പ് മുഴുവനും ക്രൈസ്തവവിശ്വാസത്തിലും സംസ്കാരത്തിലും ഇന്നും നിലനിൽക്കുന്നതിനു കാരണം ഈ യുദ്ധവിജയമാണ്. സഭയെയും സത്യവിശ്വാസത്തെയും സംരക്ഷിക്കാൻ തിരുസഭയുടെ മാതാവായ പരിശുദ്ധ മറിയം സദാ ജാഗരൂകയാണെന്ന സത്യമാണ് ജപമാല രാജ്ഞിയുടെ തിരുനാളിൽ നാം ഏറ്റു

പറയുന്നത്. തിരുസഭയും സഭയുടെ സത്യവിശ്വാസവും കൂദാശകളു മൊക്കെ ഇന്ന് വ്യാപകമായി അധിക്ഷേപിക്കപ്പെടുകയും തിരസ്കരി ക്കപ്പെടുകയും ചെയ്യുന്ന സാഹചര്യത്തിൽ ജപമാലയെ കൂടുതൽ ആത്മാർത്ഥമായി നമുക്ക് നെഞ്ചോടു ചേർത്തുപിടിക്കാം. മണിപ്പൂരും ഒറീസ്സയും ആവർത്തിക്കാതിരിക്കാൻ നമുക്കു അമ്മയുടെ മാധ്യസ്ഥ്യം തേടാം. മയക്കുമരുന്നിന്റെ കെണികളിലും പ്രണയത്തിന്റെ ചതിക്കുഴി കളിലും വീണുപോകുന്ന നമ്മുടെ മക്കളെ വീണ്ടെടുക്കാൻ ജപമാല യാണ് നമുക്ക് ആശ്രയം. ഞായറാഴ്ച കുർബാനയും കൂദാശാ ജീവിതവും അന്യമാകുന്ന പുതുതലമുറയുടെ സംരക്ഷണത്തിനായി നമുക്കു ജപമാല ചൊല്ലി പ്രാർത്ഥിക്കാം.

കുടുംബങ്ങളുടെ കൂട്ടായ്മയുടെ കരുത്താണ് ജപമാല. ജപമാല യിലെ മുത്തുമണികൾ പോലെ കുടുംബത്തിലെ അംഗങ്ങളെയെല്ലാം ഒരേ ചരടിൽ കോർത്ത കൂട്ടായ്മയാക്കി മാറ്റാൻ ജപമാല പ്രാർത്ഥ നയ്ക്ക് അസാധാരണ ശക്തിയുണ്ട്. ഒരുമിച്ചു പ്രാർത്ഥിക്കുന്ന കുടുംബം ഒരുമയിൽ നിലനില്ക്കുന്നു എന്ന ചൊല്ല് നമുക്ക് മറക്കാതിരിക്കാം. കുടിയേറ്റത്തിന്റെ ആരംഭം മുതൽ നമ്മുടെ കുടുംബങ്ങളുടെ ശക്തി ദൈവമാതാവിനോടുള്ള ജപമാല ഭക്തിയായിരുന്നു. ജപമാല യിൽനിന്ന് അകലാൻ തുടങ്ങിയതിന്റെ തിക്തഫലങ്ങൾ നമുക്കിടയിൽ ദൃശ്യമാണ്. കുടുംബബന്ധങ്ങളിലെ ഇഴയടുപ്പം കുറയുന്നതും വിവാഹമോചനങ്ങൾ വർദ്ധിച്ചുവരുന്നതും പ്രായമായ മാതാപിതാക്കൾ അവഗണിക്കപ്പെടുന്നതും വിവാഹപ്രായം കഴിഞ്ഞിട്ടും ദാമ്പത്യഭാഗ്യം അന്യമാകുന്ന യുവാക്കളുടെ എണ്ണം വർദ്ധിക്കുന്നതുമായ നിരവധി പ്രതിസന്ധികൾക്ക് ജപമാലയാണ് യഥാർത്ഥ പരിഹാരം. കുടുംബാംഗ ങ്ങൾ എല്ലാവരും ഒരുമിച്ചു ജപമാല ചൊല്ലാൻ ശ്രദ്ധിച്ചാൽ നമ്മുടെ കുടുംബങ്ങൾ നസ്രത്തിലെ തിരുക്കുടുംബംപോലെ കൃപ നിറഞ്ഞ താകും. മരിയഭക്തിയിലൂടെ തിരുസഭ കൂടുതൽ മാതൃഭാവം കൈവരി ക്കുമെന്ന ബനഡിക്ട് പാപ്പായുടെ നിരീക്ഷണം നമുക്കു പ്രചോദന മാകട്ടെ.

'മറിയത്തിലൂടെ ഈശോയിലേക്ക്' എന്ന ആപ്തവാക്യം അന്വർത്ഥ മാക്കുന്നതാണ് നാം ആചരിക്കുന്ന കൊന്തനമസ്കാരം. പരിശുദ്ധ കുർബാനയിലെ ദിവ്യകാരുണ്യ ഈശോയ്ക്കു മുന്നിലിരുന്ന് ജപമാല ചൊല്ലുമ്പോൾ കുരിശിൻ ചുവട്ടിൽ നില്ക്കുന്ന പരിശുദ്ധ മറിയത്തോടു ചേർന്നാണ് നാം പ്രാർത്ഥിക്കുന്നത്. ക്രിസ്തുരഹസ്യങ്ങളാണ് ജപമാലയുടെ ഇരുപത് രഹസ്യങ്ങളിലായി നാം ധ്യാനിക്കുന്നത്. തന്റെ തിരുക്കുമാരന്റെ രക്ഷാകരബലിയിൽ പങ്കുചേരുന്ന പരിശുദ്ധ മറിയത്തോടൊത്ത് നാം പ്രാർത്ഥിക്കുന്ന കൊന്തനമസ്കാരത്തിൽ കുരിശിലെ ബലിയുടെ രക്ഷാകര ഫലങ്ങളാണ് നാം സ്വന്തമാക്കുന്നത്.

നരകപിശാചിന്റെ തല തകർക്കുന്നവളായി പരിശുദ്ധ മറിയം പരിണ മിക്കുന്നത് ഈശോയുടെ കുരിശിലെ ബലിയിലെ പങ്കാളിത്ത ത്തിലൂടെയാണ്. അതേ രക്ഷാകരഫലം അനുഭവിക്കാനും പൈശാചിക ശക്തികളെ പരാജയപ്പെടുത്താനുമുള്ള കൃപയാണ് കൊന്തനമസ്കാര ത്തിൽ പങ്കുചേരുന്നതിലൂടെ നമുക്ക് ലഭിക്കുന്നത്.

സഭ നേരിടുന്ന നിരവധിയായ പ്രതിസന്ധികളെ മുൻനിർത്തി ഈ വർഷത്തെ കൊന്തനമസ്കാരത്തിൽ, സവിശേഷമായ ഒരു ത്യാഗം അനുഷ്ഠിക്കാൻ എല്ലാ വിശ്വാസികളെയും ഞാൻ സ്നേഹപൂർവ്വം സ്വാഗതം ചെയ്യുകയാണ്. സാധിക്കുന്ന എല്ലാ ഇടവകകളിലും സന്യാസ ഭവനങ്ങളിലും ഈ വർഷം കൊന്തനമസ്കാരത്തിന്റെ ഒരു ദിവസം 13 മണിക്കൂർ ആരാധനയും അഖണ്ഡജപമാലയുമായി നടത്തണം. വിവിധ ഭക്തസംഘടനകൾ, കുടുംബക്കൂട്ടായ്മകൾ എന്നിവരുടെ സഹകരണ ത്തോടെ സമയം ക്രമീകരിച്ച് ഈ അഖണ്ഡജപമാലയർപ്പണവും 13 മണിക്കൂർ ആരാധനയും അനായാസേന നടത്താവുന്നതാണ്. പരിശുദ്ധ അമ്മയോടു ചേർന്ന് തീക്ഷ്ണമായ പ്രാർത്ഥനയിലൂടെ തിന്മയുടെ ശക്തിയെ പരാജയപ്പെടുത്താൻ നമുക്ക് ഒരുമിക്കാം.

ഒക്ടോബർ 4 മുതൽ 30 വരെ റോമിൽ നടക്കുന്ന സിനഡിൽ പങ്കെടുക്കാനായി ഞാൻ നിയോഗിക്കപ്പെട്ടിരിക്കുന്നതിനാൽ സിനഡിന്റെ വിജയത്തിനായി നിങ്ങളുടെ പ്രാർത്ഥനാസഹായം ഹൃദയപൂർവ്വം യാചിക്കുന്നു.

നിങ്ങളെ എല്ലാവരെയും ഈശോയുടെ തിരുഹൃദയത്തിനും പരി ശുദ്ധ അമ്മയുടെ വിമലഹൃദയത്തിനും സമർപ്പിക്കുന്നു. ഏവരെയും പിതാവിന്റെയും + പുത്രന്റെയും + പരിശുദ്ധാത്മാവിന്റെയും നാമ ത്തിൽ + ആശീർവദിക്കുന്നു.

സ്നേഹത്തോടെ, നിങ്ങളുടെ പിതാവ്

**+ മാർ ജോസഫ് പാംപ്ലാനി**
*തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത*

തലശ്ശേരി അതിരൂപതാ കാര്യാലയത്തിൽനിന്നും 2023 സെപ്റ്റം ബർ 21 ന് വി. മത്തായി ശ്ലീഹായുടെ തിരുനാൾ ദിനത്തിൽ നൽക പ്പെട്ടത്.

---

*NB:* ഈ സർക്കുലർ 2023 ഒക്ടോബർ 01–ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ എല്ലാ ഇടവകപ്പള്ളികളിലും വി. കുർബാന നട ക്കുന്ന മറ്റ് സ്ഥലങ്ങളിലും വായിക്കേണ്ടതാണ്.

No: 3918/K-5/KCBC/OL/DS 14.09.2023

# പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ

## 2023 ആഗോളപ്രേഷിതദിനത്തിൽ നൽകുന്ന സന്ദേശം

**ജ്വലിക്കുന്ന ഹൃദയങ്ങൾ, ചലിക്കുന്ന പാദങ്ങൾ** (ലൂക്കാ 24:13-35 കാണുക)

പ്രിയ സഹോദരീ സഹോദരന്മാരേ,

വിശുദ്ധ ലൂക്കായുടെ സുവിശേഷത്തിൽ കാണുന്ന എമ്മാവൂസിലേക്ക് പോയ ശിഷ്യരുടെ കഥയെ ആസ്പദമാക്കി, "ജ്വലിക്കുന്ന ഹൃദയങ്ങൾ, ചലിക്കുന്ന പാദങ്ങൾ," എന്ന ആപ്തവാക്യമാണ് ഈ വർഷത്തെ ആഗോള പ്രേഷിത ഞായറിന് ഞാൻ തിരഞ്ഞെടുത്തിരിക്കുന്നത്. ആ രണ്ട് ശിഷ്യരും അസ്വസ്ഥരും നിരാലംബരും ആയിരുന്നു. എന്നാൽ, വചനത്തിലും അപ്പം മുറിക്കലിലും ക്രിസ്തുവിനെ കണ്ടുമുട്ടിയ അവരിൽ പുതിയൊരു ചൈതന്യം ഉടലെടുക്കുകയുണ്ടായി. ഉടൻതന്നെ ജറുസലേമിലേക്ക് തിരികെ പോകാനും "കർത്താവ് സത്യമായി ഉയിർത്തെഴുന്നേറ്റു" എന്ന് പ്രഖ്യാപിക്കാനുമുള്ള ആഗ്രഹം അവരിൽ ജനിക്കുകയുണ്ടായി. ശിഷ്യർക്ക് ഉണ്ടായ ഈ മാനസാന്തരം സുവിശേഷത്തിലെ വിവരണത്തിൽ വ്യക്തമാണ്. ശിഷ്യരിൽ ഉണ്ടായ വ്യത്യാസത്തിലേക്ക് സുവിശേഷ വിവരണത്തിലെ ചില സൂചനകൾ പ്രകടമായി വിരൽചൂണ്ടുന്നു: യേശു വിശുദ്ധ ലിഖിതങ്ങൾ വ്യാഖ്യാനിച്ചു കൊടുത്തപ്പോൾ, അവരുടെ ഉള്ളിൽ "അവരുടെ ഹൃദയങ്ങൾ ജ്വലിക്കുക" ആയിരുന്നു; അവർ അവിടത്തെ തിരിച്ചറിഞ്ഞു കഴിഞ്ഞപ്പോൾ "അവരുടെ നയനങ്ങൾ തുറക്കപ്പെട്ടു;" അവസാനമായി, "അവരുടെ പാദങ്ങൾ പാത പുൽകി." പ്രേഷിതശിഷ്യരായ എല്ലാവരുടെയും സഞ്ചാരത്തെ പ്രതിഫലിപ്പിക്കുന്ന ഈ മൂന്ന് ചിത്രങ്ങളെ ധ്യാനിച്ചുകൊണ്ട് ഇന്നത്തെ ലോകത്തിൽ സുവിശേഷവൽക്കരണ പ്രക്രിയയിൽ ഏർപ്പെടാനുള്ള വിളി നമുക്ക് നവീകരിക്കാം.

1. "അവൻ നമുക്ക് വിശുദ്ധ ലിഖിതങ്ങൾ വ്യാഖ്യാനിച്ചു തന്നപ്പോൾ," നമ്മുടെ ഹൃദയങ്ങൾ ജ്വലിക്കുക ആയിരുന്നു. നമ്മുടെ പ്രേഷിതപ്രവർത്തനത്തിൽ *ദൈവവചനം നമ്മുടെ ഹൃദയങ്ങളെ പ്രകാശിപ്പിക്കുകയും പരിവർത്തനപ്പെടുത്തുകയും ചെയ്യുന്നു.* ജെറുസലേമിൽനിന്ന് എമ്മാവൂസിലേക്കുള്ള യാത്രയ്ക്കിടെ ആ രണ്ട് ശിഷ്യരുടെ ഹൃദയങ്ങൾ ദുഃഖഭരിതമായിരുന്നു. അവരുടെ മ്ലാനവദനങ്ങൾ അക്കാര്യം വ്യക്തമാക്കിയിരുന്നു; അവർ വിശ്വാസം അർപ്പിച്ചിരുന്ന യേശുവിന്റെ മരണമായിരുന്നു അതിനു കാരണം. ക്രൂശിക്കപ്പെട്ട

തങ്ങളുടെ ഗുരുവിന്റെ പരാജയ പശ്ചാത്തലത്തിൽ അവിടന്ന് മിശിഹാ ആണെന്നുള്ള അവരുടെ പ്രത്യാശപൂർവ്വമായ വിശ്വാസം തകർക്കപ്പെട്ടിരുന്നു (വാ. 21 കാണുക).

"അവർ സംസാരിക്കുകയും തർക്കിക്കുകയും ചെയ്തുകൊണ്ടു പോകുമ്പോൾ യേശുതന്നെ അടുത്തെത്തി അവരോടൊപ്പം യാത്ര ചെയ്തു" (വാ. 15). ആദ്യശിഷ്യരെ വിളിച്ചവേളയിൽ എന്നപോലെ, ഇപ്പോൾ അവർ മ്ളാനവദനരായിരുന്ന നേരത്ത് കർത്താവ് മുൻകൈയെടുത്തുകൊണ്ട് അവരുടെ മധ്യേ വരുന്നു; അവിടന്ന് അവരെ സമീപിച്ച്, അവരുടെ കൂടെ നടക്കുന്നു. അതുപോലെ തന്റെ നിസ്സീമമായ കരുണയാൽ അവിടത്തേക്ക് നമ്മോട് ഒരിക്കലും മടുപ്പ് തോന്നുകയില്ല. നമ്മുടെ എല്ലാ പരാജയങ്ങൾക്കും സംശയങ്ങൾക്കും ബലഹീനതകൾക്കും ഉപരിയാണ് അവിടത്തെ കരുണ; അല്പവിശ്വാസികളായ നാം നമ്മുടെ ദുഃഖവും നൈരാശ്യവാദവുംമൂലം "ഭോഷന്മാരും ഹൃദയം മന്ദീഭവിച്ചവരും" (വാ. 25) ആയാൽപ്പോലും.

അന്നത്തെപ്പോലെ ഇന്നും ഉത്ഥിതനായ കർത്താവ് തന്റെ പ്രേഷിതശിഷ്യരോട് ചേർന്നിരിക്കുന്നു. അവിടന്ന് അവരുടെ ചാരെ നടക്കുന്നു, ഏറെ പ്രത്യേകിച്ച് അവർ ലക്ഷ്യരഹിതരും നിരുത്സാഹപ്പെട്ടവരും തങ്ങൾക്ക് ചുറ്റും നിൽക്കുന്നതും തങ്ങളെ വലയം ചെയ്യാൻ ഉദ്ദേശിക്കുന്നതുമായ തിന്മയുടെ രഹസ്യത്തെ ഭയപ്പെടുന്നവരും ആകുമ്പോൾ. ആകയാൽ, "പ്രത്യാശ മോഷ്ടിക്കപ്പെട്ടവരാകാതിരിക്കാൻ നമുക്ക് ശ്രമിക്കാം" (*സുവിശേഷത്തിന്റെ സന്തോഷം*, [*Evangelii Gaudium*], 86). നമ്മുടെ എല്ലാ പ്രശ്നങ്ങൾക്കും അതീതനായവനാണ് കർത്താവ്, പ്രത്യേകിച്ച് ലോകത്തോട് സുവിശേഷം പ്രഘോഷിക്കുക എന്ന നമ്മുടെ ദൗത്യത്തിന് മുന്നിലാണ് പ്രസ്തുത പ്രശ്നങ്ങൾ നാം അഭിമുഖീകരിക്കുന്നതെങ്കിൽ. എന്തെന്നാൽ, ഈ ദൗത്യം അവിടത്തേതാണ്; നമ്മൾ കേവലം വിനീത സഹപ്രവർത്തകരത്രേ, "പ്രയോജനമില്ലാത്ത ദാസർ" (ലൂക്കാ 17:10 കാണുക).

ഇത്തരുണത്തിൽ പ്രേഷിതപ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന ലോകം മുഴുവനുമുള്ള എല്ലാ സ്ത്രീ പുരുഷന്മാരെയും എന്റെ സാമിപ്യം അറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു, ഏറെ പ്രത്യേകിച്ച് ഏതെങ്കിലും തരത്തിൽ ഈ പ്രക്രിയയിൽ ആയിരിക്കുമ്പോൾ വലിയ സഹനം ഏറ്റെടുത്തിരിക്കുന്നവരോട്. പ്രിയ സുഹൃത്തുക്കളേ, ഉത്ഥിതനായ നാഥൻ നിങ്ങളോടൊപ്പം എപ്പോഴുമുണ്ട്. നിങ്ങളുടെ ഔദാര്യവും വിദൂരനാടുകളിൽ സുവിശേഷവൽക്കരണം നടത്തുന്ന നിങ്ങളുടെ

ദൗത്യത്തിൽ നിങ്ങൾ ചെയ്യുന്ന ത്യാഗപൂർണമായ പ്രവൃത്തികളെയും അവിടന്ന് കാണുന്നു. നിങ്ങളുടെ ദിവസങ്ങളെല്ലാം സ്വസ്ഥവും കാർമേഘ രഹിതവും ആണെന്ന് ഞാൻ കരുതുന്നില്ല. എന്നാൽ, തന്റെ പീഡാനുഭവത്തിനുമുമ്പായി തന്റെ സുഹൃത്തുക്കളോട് അവിടന്ന് പറഞ്ഞത് നമുക്ക് വിസ്മരിക്കാതിരിക്കാം: "ലോകത്തിൽ നിങ്ങൾക്കു ഞെരുക്കം ഉണ്ടാകും. എങ്കിലും ധൈര്യമുള്ളവരായിരിക്കുവിൻ; ഞാൻ ലോകത്തെ കീഴടക്കിയിരിക്കുന്നു" (യോഹ 16:33).

എമ്മാവൂസിലേക്കുള്ള വഴിയിലെ രണ്ട് ശിഷ്യരെ ശ്രവിച്ചശേഷം, "മോശ മുതൽ എല്ലാ പ്രവാചകന്മാരും വിശുദ്ധ ലിഖിതങ്ങളിലെല്ലാം തന്നെപ്പറ്റി എഴുതിയിരുന്നവ അവൻ അവർക്കു വ്യാഖ്യാനിച്ചു കൊടുത്തു" (ലൂക്കാ 24:27). ശിഷ്യരുടെ ഹൃദയങ്ങൾ, അവർ പിന്നീട് പരസ്പരം പങ്കുവച്ചതുപോലെ, ഉത്സാഹഭരിതമായി: "വഴിയിൽവച്ച് അവൻ നമ്മോടു സംസാരിച്ചുകൊണ്ടിരുന്നപ്പോഴും നമ്മോടു വിശുദ്ധ ലിഖിതങ്ങൾ വ്യാഖ്യാനിച്ചുകൊണ്ടിരുന്നപ്പോഴും നമ്മുടെ ഹൃദയം ജ്വലിക്കുകയായിരുന്നില്ലേ?" (വാ. 32). യേശുതന്നെയാണ് ജീവിക്കുന്ന വചനം; അവിടത്തേക്കു മാത്രമേ നമ്മുടെ ഹൃദയങ്ങളെ ജ്വലിപ്പിക്കാനാവൂ; എന്തെന്നാൽ അവിടന്ന് അവയെ പ്രകാശിപ്പിക്കുകയും പരിവർത്തനപ്പെടുത്തുകയും ചെയ്യുന്നു.

ഈ പശ്ചാത്തലത്തിലാണ് നാം വിശുദ്ധ ജെറോമിന്റെ സൂക്തം കൂടുതൽ വ്യക്തമായി മനസ്സിലാക്കുന്നത്: "വിശുദ്ധ ലിഖിതങ്ങളെക്കുറിച്ചുള്ള അജ്ഞത ക്രിസ്തുവിനെക്കുറിച്ചുള്ള അജ്ഞതയാണ്" (*ഏശയ്യായുടെ ഗ്രന്ഥത്തിന്റെ വ്യാഖ്യാനം*, ആമുഖം [*Commentary on Isaiah*, Prologue]). "കർത്താവ് നമുക്കത് വ്യാഖ്യാനിച്ചു തന്നില്ലെങ്കിൽ, വിശുദ്ധലിഖിതങ്ങൾ ആഴത്തിൽ മനസ്സിലാക്കാൻ നമുക്ക് കഴിയുകയില്ല; അതേസമയം, മറിച്ചുള്ളതും ഇതുപോലെതന്നെ സത്യമാണ്: വിശുദ്ധ ലിഖിതങ്ങൾ ഇല്ലാതെ യേശുവിന്റെ ദൗത്യത്തിലെ സംഭവങ്ങളും ലോകത്തിൽ അവന്റെ സഭയുടെ ദൗത്യവും അസ്പഷ്ടമായിരിക്കും'' (*അവൻ അവർക്ക് തുറന്നുകൊടുത്തു*, [*Aperuit Illis*]). ആയതിനാൽ, ക്രിസ്തീയ ജീവിതത്തിൽ വിശുദ്ധ ലിഖിതങ്ങളെക്കുറിച്ചുള്ള അറിവ് പ്രധാനപ്പെട്ടതാണ്; ക്രിസ്തുവിനെയും അവിടത്തെ സുവിശേഷത്തെയും പ്രസംഗിക്കണമെങ്കിലാകട്ടെ ഈ അറിവ് അതിലേറെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. അങ്ങനെയല്ലെങ്കിൽ, നിങ്ങൾ കൈമാറുന്നത് നിങ്ങളുടെ ആശയങ്ങളും പദ്ധതികളും ആയിരിക്കില്ലേ? ഒരു തണുത്ത ഹൃദയത്തിന് മറ്റു ഹൃദയങ്ങളെ ഒരിക്കലും ജ്വലിപ്പിക്കാൻ ആകുകയില്ലല്ലോ!

ഉത്ഥിതനായ നാഥൻതന്നെ നമുക്ക് വിശുദ്ധ ലിഖിതങ്ങളുടെ അർത്ഥം വ്യാഖ്യാനിച്ചുതരുന്നതിനാൽ അവിടന്നിനാൽ അനുഗമനം ചെയ്യപ്പെടാൻ നാം സദാ സന്നദ്ധരായിരിക്കണം. അവിടന്ന് നമ്മുടെ ഉള്ളിൽ നമ്മുടെ ഹൃദയങ്ങളെ ജ്വലിപ്പിക്കട്ടെ; അവിടന്ന് നമ്മെ പ്രകാശിപ്പിക്കുകയും പരിവർത്തനപ്പെടുത്തുകയും ചെയ്യട്ടെ. അങ്ങനെ നമുക്ക് ലോകത്തിന്റെ മുമ്പിൽ അവിടത്തെ ആത്മാവിൽനിന്നുവരുന്ന ശക്തിയിലും ജ്ഞാനത്തിലും രക്ഷയുടെ രഹസ്യം പ്രഘോഷിക്കാനാകും.

2. അപ്പം മുറിച്ചപ്പോൾ "ഞങ്ങളുടെ കണ്ണുകൾ തുറക്കുകയും ഞങ്ങൾ അവനെ തിരിച്ചറിയുകയും ചെയ്തു." ദിവ്യകാരുണ്യത്തിലെ യേശു നമ്മുടെ പ്രേഷിതദൗത്യത്തിന്റെ ഉറവയും ഉച്ചിയും ആണ്. ദൈവവചനത്തിനായി തങ്ങളുടെ ഹൃദയങ്ങൾ ജ്വലിച്ചുകൊണ്ടിരുന്നതിനാൽ എമ്മാവൂസിലേക്ക് പോയ ശിഷ്യർ നേരം സന്ധ്യയായതിനാൽ തങ്ങളുടെ കൂടെചേർന്ന ആ അപരിചിതനായ വഴിപോക്കനെ തങ്ങളോടൊപ്പം വസിക്കാൻ ക്ഷണിച്ചു. അവർ മേശക്കരികിൽ ഇരുന്നനേരം അവിടന്ന് അപ്പം മുറിച്ച് നൽകിയപ്പോൾ അവരുടെ നയനങ്ങൾ തുറക്കപ്പെടുകയും അവർ അവിടത്തെ തിരിച്ചറിയുകയും ചെയ്തു. ശിഷ്യരുടെ നയനങ്ങൾ തുറക്കപ്പെടാൻ ഇടയാക്കിയ നിർണായകഘടകം യേശു നിർവഹിച്ച അനുക്രമമായ ചില പ്രവൃത്തികൾ ആണ്: അവിടന്ന് അപ്പമെടുത്ത് ആശീർവദിച്ചു മുറിച്ച് അവർക്കു കൊടുത്തു. ഒരു യഹൂദ ഭവനത്തിലെ കുടുംബനാഥൻ സാധാരണ ചെയ്തിരുന്ന പ്രവൃത്തികളാണവ. എന്നാൽ പരിശുദ്ധാത്മാവിന്റെ കൃപാവരത്തിൽ യേശുക്രിസ്തു അത് ചെയ്തപ്പോൾ മേശയ്ക്കരികിൽ ഇരുന്ന ആ രണ്ടുപേർക്കും അത് അപ്പം വർദ്ധിപ്പിക്കലിന്റെയും, എല്ലാറ്റിനും ഉപരിയായി, കുരിശിലെ ബലിയുടെ കൂദാശയായ ദിവ്യകാരുണ്യത്തിന്റെയും അടയാളം ആവർത്തിക്കുന്നതിന്റെ അനുഭവമായിരുന്നു. എന്നാൽ അപ്പം മുറിച്ച അതേ നിമിഷം തന്നെ, അവർ യേശുവിനെ തിരിച്ചറിഞ്ഞപ്പോൾതന്നെ, "അവൻ അവരിൽനിന്ന് അപ്രത്യക്ഷനായി" (ലൂക്കാ 24:31). ഇവിടെ നാം നമ്മുടെ വിശ്വാസത്തിന്റെ ഒരു അടിസ്ഥാന യാഥാർഥ്യം തിരിച്ചറിയുന്നു: അപ്പം മുറിക്കുന്ന ക്രിസ്തു ഇപ്പോൾ മുറിക്കപ്പെടുന്ന അപ്പമായി ഭവിക്കുന്നു; അവിടന്ന് ശിഷ്യരുടെ ഇടയിൽ പങ്കുവയ്ക്കപ്പെടുകയും ഉൾക്കൊള്ളപ്പെടുകയും ചെയ്യുന്നു. അവിടന്ന് ഇനിമേൽ കാണപ്പെടുന്നില്ല; അവിടന്നിപ്പോൾ ശിഷ്യരുടെ ഹൃദയങ്ങളിൽ പ്രവേശിച്ചവനായി; അങ്ങനെ അവർ കൂടുതൽ ജ്വലിക്കുന്നവരായിത്തീരും. അത് അവരെ

ഉത്ഥിതനായ നാഥനെ കണ്ടുമുട്ടിയതിന്റെ അതുല്യമായ അനുഭവം എല്ലാവരുമായി പങ്കുവയ്ക്കാൻ ഉടനെതന്നെ ഇറങ്ങിപുറപ്പെടാൻ പ്രേരിപ്പിക്കുന്നു. ആകയാൽ, ഉത്ഥിതനായ ക്രിസ്തു അപ്പം മുറിക്കുന്നവനും അതേസമയംതന്നെ നമുക്കായി മുറിക്കപ്പെട്ട അപ്പമായും ഭവിക്കുന്നു. അതിനാൽ, ഓരോ പ്രേഷിതശിഷ്യനും യേശുവിനെപ്പോലെ ആയിത്തീരാൻ വിളിക്കപ്പെട്ടിരിക്കുന്നു. അങ്ങനെ ക്രിസ്തുവിലൂടെയും പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താലും അവൻ അപ്പം മുറിക്കുന്നവനും ലോകത്തിനുവേണ്ടി മുറിക്കപ്പെടുന്ന അപ്പമായും മാറേണ്ടിയിരിക്കുന്നു.

യഥാർത്ഥത്തിൽ ക്രിസ്തുനാമത്തിൽ വിശക്കുന്നവരുമായി ഭൗതികമായ അപ്പം മുറിക്കുന്നതുതന്നെ ക്രൈസ്തവ പ്രേഷിത പ്രവൃത്തിയാണെന്ന് തിരിച്ചറിയേണ്ടതുണ്ട്. അങ്ങനെയെങ്കിൽ, ദിവ്യകാരുണ്യ അപ്പംമുറിക്കൽ അതിനേക്കാളേറെ വലിയ പ്രേഷിത പ്രവർത്തനം അല്ലേ? കാരണം, ക്രിസ്തു തന്നെയാണ് മുറിക്കപ്പെടുന്നത്; അത് പ്രേഷിതപ്രവർത്തനത്തിന്റെ സമുന്നതഭാവമാണ്; എന്തെന്നാൽ സഭയുടെ ജീവിതത്തിന്റെയും പ്രേഷിതദൗത്യത്തിന്റെയും ഉറവയും ഉച്ചിയും ആണ് ദിവ്യകാരുണ്യം.

ബെനഡിക്ട് പതിനാറാം പാപ്പാ ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ: “ദിവ്യകാരുണ്യ കൂദാശയിൽ നാം ആഘോഷിക്കുന്ന സ്നേഹം നമുക്ക് സ്വകാര്യമായി വയ്ക്കാവുന്ന ഒന്നല്ല. എല്ലാവരുമായി അത് പങ്കുവയ്ക്കണം എന്ന് അത് അതിന്റെ സ്വഭാവത്തിൽത്തന്നെ ആവശ്യപ്പെടുന്നു. ലോകത്തിനു ആവശ്യമായിരിക്കുന്നത് ദൈവത്തിന്റെ സ്നേഹമാണ്. ക്രിസ്തുവിനെ കണ്ടുമുട്ടുകയും അവനിൽ വിശ്വസിക്കുകയും ചെയ്യുക ലോകത്തിന്റെ ആവശ്യമാണ്. അതുകൊണ്ട് ദിവ്യകാരുണ്യം സഭയുടെ ജീവിതത്തിന്റെ മാത്രമല്ല, അവളുടെ പ്രേഷിത ദൗത്യത്തിന്റെയും ഉറവിടവും അത്യുച്ചസ്ഥാനവുമാണ്: ‘യഥാർത്ഥ ദിവ്യകാരുണ്യ പരമായ സഭ ഒരു പ്രേഷിത സഭയാണ്’” (*സ്നേഹത്തിന്റെ കൂദാശ* [Sacramentum Caritatis], 84).

ഫലം പുറപ്പെടുവിക്കണമെങ്കിൽ നാം യേശുവുമായി ഐക്യപ്പെട്ടിരിക്കണം (യോഹ 15;4-9 കാണുക). ദൈനംദിനമുള്ള പ്രാർത്ഥന വഴിയാണ് ഈ ഐക്യം സാധ്യമാകുന്നത്, ഏറെ പ്രത്യേകിച്ച് ദിവ്യകാരുണ്യ ആരാധനവഴി. ദിവ്യകാരുണ്യ ആരാധനയിൽ ദിവ്യ കൂദാശയിൽ നമ്മോടൊപ്പം ആയിരിക്കുന്ന കർത്താവിന്റെ സാന്നിധ്യത്തിൽ നാം നിശബ്ദരായി ഇരിക്കുകയാണെല്ലോ! ക്രിസ്തുവുമായുള്ള

ഐക്യം സ്നേഹപൂർവ്വം പരിപോഷിപ്പിക്കുന്നതുവഴി പ്രേഷിത ശിഷ്യന് ഒരു പ്രവർത്തനനിരതനായ യോഗിയായി (mystic in action) തീരാൻ സാധിക്കും. നമ്മുടെ ഹൃദയങ്ങൾ എപ്പോഴും യേശുവുമായുള്ള സഹവാസത്തിൽ ആയിരിക്കാൻ കാംക്ഷിക്കട്ടെ, ഏറെ പ്രത്യേകിച്ച് സായംസന്ധ്യകളിൽ; എമ്മാവൂസിലേക്ക് പോയ ആ രണ്ട് ശിഷ്യരുടെ തീക്ഷ്ണമായ യാചന അവയിൽ പ്രതിധ്വനിക്കട്ടെ: "നാഥാ ഞങ്ങളോടൊത്ത് വസിച്ചാലും" (ലൂക്ക 24:29 കാണുക).

3. നമ്മുടെ പാദങ്ങൾ പാതയിൽ ആയിരിക്കുകയും ഉത്ഥിതനായ ക്രിസ്തുവിനെക്കുറിച്ച് മറ്റുള്ളവരോട് സന്തോഷപൂർവ്വം സംസാരിക്കുകയും ചെയ്യുന്നു. എപ്പോഴും പുറത്തേക്ക് ഗമിക്കുന്ന സനാതന യുവത്വമുള്ള ഒരു സഭയുടെ ചിത്രമാണിത്.

അപ്പം മുറിക്കലിൽ കണ്ണുകൾ തുറക്കപ്പെടുകയും അങ്ങനെ യേശുവിനെ തിരിച്ചറിയുകയും ചെയ്ത ആ ശിഷ്യർ "ഉടനെതന്നെ ജറുസലേമിലേക്ക് തിരികെ പോയി" (ലൂക്കാ 24: 33 കാണുക). കർത്താവിനെ കണ്ടതിന്റെ സന്തോഷം മറ്റുള്ളവരുമായി പങ്കുവയ്ക്കാൻ തിടുക്കത്തിൽ നടത്തിയ ഈ പുറപ്പാട് ഒരു കാര്യം വ്യക്തമാക്കുന്നു: "സുവിശേഷത്തിന്റെ സന്തോഷം യേശുവിനെ കണ്ടുമുട്ടുന്ന എല്ലാവരുടെയും ഹൃദയങ്ങളിലും ജീവിതം മുഴുവനിലും നിറയുന്നു. അവിടന്നുവഴിയായി രക്ഷ പ്രാപിക്കാനായി തങ്ങളെത്തന്നെ അനുവദിക്കുന്നവർ പാപം, ദുഃഖം, ആന്തരികശൂന്യത, ഏകാന്തത എന്നിവയിൽനിന്ന് സ്വതന്ത്രരാക്കപ്പെടുന്നു. യേശുക്രിസ്തുവിനോടൊപ്പം സന്തോഷം നിരന്തരം ജനിക്കുകയും പുനർജനിക്കുകയും ചെയ്യുന്നു" (*സുവിശേഷത്തിന്റെ സന്തോഷം*, 1).

അവിടത്തെക്കുറിച്ച് എല്ലാവരോടും പറയാനുള്ള അത്യുത്സാഹം ജനിപ്പിക്കപ്പെടാതെ ഒരാൾക്ക് താൻ ഉത്ഥിതനായ യേശുവിനെ യഥാർത്ഥമായും കണ്ടുമുട്ടി എന്ന് പറയാൻ ആകില്ല. ആകയാൽ, നമ്മുടെ പ്രേഷിതദൗത്യത്തിന് പ്രഥമവും പ്രധാനവുമായ വിഭവം എന്ന് പറയുന്നത് ഉത്ഥിതനായ ക്രിസ്തുവിനെ വിശുദ്ധലിഖിതങ്ങളിലും ദിവ്യകാരുണ്യത്തിലും തിരിച്ചറിഞ്ഞ ആളുകളാണ്; തങ്ങളുടെ ഹൃദയങ്ങളിൽ അവിടത്തെ അഗ്നിയും മിഴികളിൽ അവിടത്തെ പ്രകാശവും പേറുന്നവരാണവർ. ബുദ്ധിമുട്ടേറിയതും അന്ധകാര പൂരിതവുമായ വേളകളിൽപോലും ഒരിക്കലും അവസാനിക്കാത്ത ജീവനെക്കുറിച്ച് അവർക്ക് സാക്ഷ്യം നൽകാനാകും.

"പാതകളിൽ ആയിരിക്കുന്ന പാദങ്ങൾ" എന്ന ചിത്രം ജനതകളോടുള്ള പ്രേഷിതദൗത്യത്തിന്റെ (*missio ad gentes*) സനാതന സാധ്യതയെക്കുറിച്ച് വീണ്ടും നമ്മെ ഓർമിപ്പിക്കുന്നു. അതായത്, ഉത്ഥിതനായ നാഥൻ സഭയെ ഭരമേല്പിച്ച ഭൂമിയുടെ അതിർത്തികൾ വരെ എല്ലാ വ്യക്തികളെയും ജനപദങ്ങളെയും സുവിശേഷ വൽക്കരിക്കുക എന്ന് പ്രേഷിതദൗത്യം. അനീതിയുടെ അസംഖ്യം സാഹചര്യങ്ങളാലും ഒട്ടനവധി ഭിന്നതകളാലും യുദ്ധങ്ങളാലും മുറിവേറ്റിരിക്കുന്ന നമ്മുടെ മനുഷ്യകുടുംബത്തിന് ഇന്ന് മറ്റെന്നേക്കാളും ഉപരി സമാധാനത്തിന്റെ സദ്‌വാർത്തയും ക്രിസ്തുവിലുള്ള രക്ഷയും ആവശ്യമായിരിക്കുന്നു. ഈ അവസരത്തിൽ വീണ്ടും ഞാൻ ഊന്നിപ്പറയുന്നു, "സുവിശേഷം ലഭിക്കാൻ എല്ലാവർക്കും അവകാശമുണ്ട്. ആരെയും ഒഴിവാക്കാതെ സുവിശേഷം പ്രഘോഷിക്കാൻ ക്രൈസ്തവർക്ക് കടമയുമുണ്ട്. പുതിയ ബാധ്യതകൾ അടിച്ചേൽപ്പിക്കുന്നുവെന്നു തോന്നിപ്പിക്കാതെ അവർ തങ്ങളുടെ സന്തോഷം പങ്കുവയ്ക്കാൻ ആഗ്രഹിക്കന്നവരായി, സൗന്ദര്യത്തിന്റെ നവചക്രവാളം ചൂണ്ടിക്കാണിക്കുന്നവരായി, മറ്റുള്ളവരെ രുചികരമായ സദ്യയിലേക്ക് ക്ഷണിക്കുന്നവരായി കാണപ്പെടണം" (*സുവിശേഷത്തിന്റെ സന്തോഷം*, 14). നാം വ്യക്തികൾ എന്ന നിലയിലും സമൂഹങ്ങൾ എന്ന നിലയിലും പ്രേഷിതദൗത്യത്തിനായി പരിവർത്തനപ്പെടണം എന്നതായിരിക്കണം നമ്മുടെ മുഖ്യലക്ഷ്യം, എന്തെന്നാൽ, സഭയുടെ മുഴുവൻ പ്രവർത്തനത്തിനും അടിസ്ഥാന മാതൃക ആയിരിക്കുന്നത് പ്രേഷിതപ്രവർത്തനം തന്നെയാണ്" (*സുവിശേഷത്തിന്റെ സന്തോഷം*, 15).

പൗലോസ് അപ്പോസ്തലൻ പറയുന്നതുപോലെ ക്രിസ്തുവിന്റെ സ്നേഹം നമ്മെ കീഴടക്കുകയും നിർബന്ധിക്കുകയും ചെയ്യുന്നു (2 കോറി 5:14 കാണുക). ഈ സ്നേഹത്തിന് രണ്ടു വശങ്ങളുണ്ട്: ക്രിസ്തുവിന് നമ്മോടുള്ള സ്നേഹം; അത് നമ്മുടെ സ്നേഹത്തെ ക്ഷണിക്കുകയും പ്രചോദിപ്പിക്കുകയും അവനോടുള്ള സ്നേഹത്തിനായി നമ്മെ പ്രേരിപ്പിക്കുകയും ചെയ്യുന്നു. ഈ സ്നേഹമാണ് സഭയെ രൂപപ്പെടുത്തുന്നത്; അത് നിരന്തരം നവമായിക്കൊണ്ടിരിക്കുകയും സഭയെ യുവത്വത്തിൽ നിലനിറത്തുകയും ചെയ്യുന്നു. എന്തെന്നാൽ, ക്രിസ്തുവിന്റെ സുവിശേഷം പ്രസംഗിക്കുക എന്ന ദൗത്യം സഭ അവളുടെ എല്ലാ അംഗങ്ങളെയും ഭരമേൽപ്പിക്കുന്നു: "ജീവിക്കുന്നവർ ഇനിയും തങ്ങൾക്കുവേണ്ടി ജീവിക്കാതെ, തങ്ങളെപ്രതി മരിക്കുകയും ഉയിർക്കുകയും ചെയ്തവനുവേണ്ടി ജീവിക്കേണ്ടതിനാണ് അവിടന്ന്

എല്ലാവർക്കുംവേണ്ടി മരിച്ചത്" (2 കോറി 5:15) എന്ന ബോധ്യത്തിന്റെ അടിസ്ഥാനത്തിലാണിത്. നമുക്കെല്ലാവർക്കും ഈ പ്രേഷിത ദൗത്യത്തിനോട് സഹകരിക്കാനാകും: നമ്മുടെ പ്രാർത്ഥനകൾ, പ്രവർത്തനങ്ങൾ, നമ്മുടെ ഭൗതിക കാഴ്ചവസ്തുക്കൾ, നമ്മുടെ സഹന ത്തിലുള്ള കാഴ്ചവയ്പ്പ്, നമ്മുടെ വ്യക്തിപരമായ സാക്ഷ്യം എന്നിവവഴി. ഭൗതികവും ആധ്യാത്മികവുമായ തലങ്ങളിലുള്ള പ്രേഷിത സഹകരണത്തിന് ഉത്തമ സാഹചര്യങ്ങൾ ഒരുക്കുന്ന പ്രസ്ഥാനങ്ങളാണ് പൊന്തിഫിക്കൽ മിഷൻ സൊസൈറ്റികൾ. അതിനാൽ, ലോകമിഷൻ ഞായറാഴ്ചയിലെ ധനസമാഹരണം വിശ്വാസ പ്രചാരണത്തിനുള്ള പൊന്തിഫിക്കൽ സൊസൈറ്റിക്ക് (Pontifical Society for the Propagation of the Faith) വേണ്ടിയുള്ളതാണ്.

മിഷനറി പ്രവർത്തനത്തിനുവേണ്ടിയുള്ള സഭയുടെ ത്വര അവളുടെ എല്ലാ അംഗങ്ങളും തമ്മിലുള്ളതും എല്ലാ തലത്തിലുള്ളതുമായ പ്രേഷിതസഹകരണത്തിന് നമ്മെ ക്ഷണിക്കുന്നു. കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതദൗത്യം എന്നീ താക്കോൽ സംജ്ഞകളാൽ നയിക്കപ്പെട്ട് സഭ ഇപ്പോൾ നടത്തുന്ന സിനഡാത്മക സഞ്ചാരത്തിന്റെ അടിസ്ഥാന ലക്ഷ്യങ്ങളിലൊന്ന് ഇതുതന്നെയാണ്. ഈ സഞ്ചാരം എന്ന് പറയുന്നത് സഭ തന്നിലേക്ക്തന്നെ തിരിയുന്നതിന്റെ ഭാവമല്ല; സഭ എന്ത് വിശ്വസിക്കുയും എന്ത് നടപ്പിൽ വരുത്തുകയും ചെയ്യണമെന്നതിന്റെ വോട്ടെടുപ്പല്ല അത്; അത് മാനുഷീകമായ മുൻഗണനകൾ നിർണ്ണയിക്കുന്ന ഒരു കാര്യവും അല്ല. മറിച്ച്, എമ്മാവൂസിലേക്കുപോയ ശിഷ്യരെപ്പോലെ, ഉത്ഥിതനായ നാഥനെ ശ്രവിച്ചുകൊണ്ട് ഇറങ്ങി പ്പുറപ്പെടുന്ന ഭാവമാണ് സഭയ്ക്കുള്ളത്. എന്തെന്നാൽ, വിശുദ്ധ ലിഖിതങ്ങൾ വ്യാഖ്യാനിച്ചുതരാനും നമുക്കായി അപ്പം മുറിച്ചുതരാനും കർത്താവ് എപ്പോഴും നമ്മുടെ പക്കലേക്ക് വരുന്നു; അങ്ങനെ പരിശുദ്ധാത്മാവിന്റെ ശക്തിയാൽ ലോകത്തിൽ അവിടത്തെ ദൗത്യം നമുക്ക് നിർവഹിക്കാനാകും.

വഴിമധ്യേ എന്താണ് സംഭവിച്ചതെന്ന് എമ്മാവൂസിലേക്ക് പോയ ആ രണ്ട് ശിഷ്യർ മറ്റുള്ളവരോട് പറഞ്ഞതുപോലെ (ലൂക്കാ 24:35 കാണുക) നമ്മുടെ പ്രഘോഷണം കർത്താവായ ക്രിസ്തുവിനെ ക്കുറിച്ച് ആയിരിക്കും; അത് അവിടത്തെ ജീവൻ, പീഡാനുഭവം, മരണം, ഉത്ഥാനം എന്നിവയെയും അവിടന്ന് നമ്മുടെ ജീവിതങ്ങളിൽ നടത്തിയ സ്നേഹത്തിന്റെ വിസ്മയങ്ങളെക്കുറിച്ചും ആയിരിക്കും. ആകയാൽ, ഉത്ഥിതനായ നാഥനുമായ കണ്ടുമുട്ടലിനാൽ പ്രകാശിതരും അവിടത്തെ

ആത്മാവാൽ പ്രചോദിതരുമായി നമുക്ക് വീണ്ടും ഇറങ്ങിപുറപ്പെടാം. ജ്വലിക്കുന്ന ഹൃദയവുമായി നമുക്ക് ഇറങ്ങി ചെല്ലാം; നമ്മുടെ നയനങ്ങൾ തുറന്നു വയ്ക്കാം; നമ്മുടെ പാദങ്ങൾ പാതയിൽ മുന്നേറട്ടെ. മറ്റുള്ളവരുടെ ഹൃദയങ്ങൾ ദൈവവചനത്താൽ ഉജ്ജ്വലിപ്പിക്കപ്പെടുന്നതിനും ദിവ്യകാരുണ്യത്തിലുള്ള യേശുവിലേക്ക് അവരുടെ കണ്ണുകൾ തിരിക്കുന്നതിനും ദൈവം മനുഷ്യരാശിക്കു മുഴുവനുമായി ചൊരിഞ്ഞിരിക്കുന്ന സമാധാനത്തിന്റെയും രക്ഷയുടെയും പാതയിലൂടെ ഒരുമിച്ച് സഞ്ചരിക്കുന്നതിനുമായി നമുക്ക് അവരെ ക്ഷണിക്കുകയും ചെയ്യാം.

ക്രിസ്തുവിന്റെ പ്രേഷിതശിഷ്യരുടെ മാതാവും പ്രേഷിതരംഗങ്ങളുടെ രാജ്ഞിയും പാതയിലെ സ്ത്രീയുമായ പരിശുദ്ധ കന്യക മറിയം നമുക്കുവേണ്ടി പ്രാർത്ഥിക്കട്ടെ.

റോമിലെ വിശുദ്ധ ജോൺ ലാറ്ററൻ മഹാദേവാലയത്തിൽവച്ച് കർത്താവിന്റെ പ്രത്യക്ഷവൽക്കരണ മഹോത്സവദിനത്തിൽ, 2023 ജനുവരി ആറാം തീയതി നൽകിയത്.

ഫ്രാൻസിസ് പാപ്പാ

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

---

*NB:* ആഗോളപ്രേഷിതദിനത്തെ സംബന്ധിച്ചുള്ള പരിശുദ്ധ പിതാവ് ഫ്രാൻസീസ് മാർപാപ്പായുടെ സന്ദേശത്തിന്റെ ഉള്ളടക്കം 2023 ഒക്ടോബർ 15-ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ ദൈവജനത്തെ അറിയിക്കുമല്ലോ.

Prot. No. 0894/2023

# സിനഡനന്തര സർക്കുലർ - ഓഗസ്റ്റ് 2023

*സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്ത മാർക്കും മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും അല്മായ സഹോദരങ്ങൾക്കും എഴുതുന്ന സർക്കുലർ.*

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

സീറോമലബാർ സഭയുടെ മുപ്പത്തിയൊന്നാമതു സിനഡിന്റെ മൂന്നാമതു സമ്മേളനം 2023 ഓഗസ്റ്റ് 21 മുതൽ 26 വരെ സഭാകാര്യാലയമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്നു. നമ്മുടെ സഭയെയും സമൂഹത്തെയും ബാധിക്കുന്ന സമകാലികവിഷയങ്ങളെക്കുറിച്ചു പഠിക്കാനും പ്രതിസന്ധികൾക്കുള്ള പരിഹാരം പ്രാർഥനാപൂർവം അന്വേഷിക്കാനുമാണു സിനഡുപിതാക്കന്മാർ ശ്രമിച്ചത്. സിനഡിന്റെ വിജയത്തിനായി നിങ്ങളെല്ലാവരും ആത്മാർഥമായി പ്രാർഥിച്ചതിനു ഹൃദയപൂർവം നന്ദി പറയുന്നു.

**പൊന്തിഫിക്കൽ ഡെലഗേറ്റിന്റെ ദൗത്യനിർവഹണം**

പതിറ്റാണ്ടുകളായി നമ്മുടെ സഭയിൽ ഏകീകൃത രീതിയിലുള്ള വിശുദ്ധ കുർബാനയർപ്പണത്തിനായി നാം പരിശ്രമിക്കുകയായിരുന്നല്ലോ. സീറോമലബാർ സഭയിൽ എറണാകുളം-അങ്കമാലി അതിരൂപതയിലൊഴികെ മറ്റെല്ലാ രൂപതകളിലും ഏകീകൃത രീതിയിലുള്ള വിശുദ്ധ കുർബാനയർപ്പണം നടപ്പിലായി. ഈ വിഷയത്തിൽ അതിരൂപതയിൽ രൂപപ്പെട്ട പ്രതിസന്ധികൾ പരിഹരിക്കാൻ വിവിധ തലങ്ങളിൽ പരിശ്രമിച്ചെങ്കിലും വേണ്ടത്ര പുരോഗതി കൈവരിക്കാൻ കഴിഞ്ഞില്ല. ഏകീകൃത വിശുദ്ധ കുർബാനയർപ്പണവുമായി ബന്ധപ്പെട്ട പ്രശ്നപരിഹാരത്തിനുള്ള അവസാന മാർഗം എന്ന നിലയിലാണു പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ ആർച്ചുബിഷപ്പ് സിറിൽ വാസിലിനെ പൊന്തിഫിക്കൽ ഡെലഗേറ്റായി നിയമിച്ചത്. ഓഗസ്റ്റ് 4-ന് കേരളത്തിലെത്തിയ ആർച്ചുബിഷപ്പ് സിറിൽ വാസിൽ എറണാകുളം-അങ്കമാലി അതിരൂപതയുമായി ബന്ധപ്പെട്ട വിവിധ വിഭാഗം ജനങ്ങളുമായി തന്റെ ദൗത്യത്തിന്റെ ഭാഗമായി ചർച്ചകൾ നടത്തി. എന്നാൽ, പൊന്തിഫിക്കൽ ഡെലഗേറ്റിനെതിരെ എറണാകുളം കത്തീഡ്രൽ ബസിലിക്കയിലുണ്ടായ പ്രതിഷേധം സഭയ്ക്ക് അഗാധമായ ദുഃഖമുണ്ടാക്കി. അദ്ദേഹത്തിനെതിരെ പ്രകോപനപരമായ മുദ്രാവാക്യങ്ങൾ വിളിക്കു

കയും സംഘർഷ സാഹചര്യം സൃഷ്ടിക്കുകയും ചെയ്തതു പൊതു സമൂഹത്തിലും സാർവത്രിക സഭയിലും നമ്മുടെ സഭയ്ക്ക് അപമാന മുണ്ടാക്കി. ഓഗസ്റ്റ് 21, 22 തീയതികളിലായി രണ്ടു തവണ പൊന്തി ഫിക്കൽ ഡെലഗേറ്റ് സീറോമലബാർ സിനഡിനെ അഭിസംബോധന ചെയ്തു സംസാരിച്ചു. അച്ചടക്കവും കൂട്ടായ്മയുമില്ലാതെ സഭയ്ക്കു മുന്നോട്ടു പോകാനാവില്ലെന്നും അതിനായുള്ള കർശന നടപടികൾ ആരംഭിച്ചുവെന്നും അദ്ദേഹം അറിയിച്ചു. എറണാകുളം-അങ്കമാലി അതിരൂപതയുമായി ബന്ധപ്പെട്ട എല്ലാ തീരുമാനങ്ങളും പൊന്തിഫി ക്കൽ ഡെലഗേറ്റുവഴി പരിശുദ്ധ പിതാവിന്റെ തീരുമാനത്തിനു വിധേയ മായിരിക്കും.

തന്റെ ദൗത്യത്തിന്റെ ആദ്യഘട്ടം പൂർത്തിയാക്കി ഓഗസ്റ്റ് 23-ാം തീയതി റോമിലെത്തിയ ആർച്ചുബിഷപ്പ് സിറിൽ വാസിൽ പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പയുമായി കൂടിക്കാഴ്ച്ച നടത്തി. ഓഗസ്റ്റ് 4 മുതൽ 22 വരെയുള്ള ദിവസങ്ങളിൽ എറണാകുളം-അങ്കമാലി അതിരൂപത യിൽ താൻ നടത്തിയ സന്ദർശനത്തെക്കുറിച്ചും അതിരൂപതയിലെ ഇപ്പോഴത്തെ സ്ഥിതിഗതികളെക്കുറിച്ചും പരിശുദ്ധ പിതാവിനെ അദ്ദേഹം അറിയിച്ചു. മാർപാപ്പയുടെയും പൗരസ്ത്യ തിരുസംഘ ത്തിന്റെയും നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ ഇപ്പോൾ എടുത്തിരി ക്കുന്ന തീരുമാനങ്ങളിൽ ഉറച്ചുനിൽക്കാൻ മാർപാപ്പ ആവശ്യപ്പെട്ട തായി അദ്ദേഹം അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററെ അറിയിച്ചു. പൗരസ്ത്യസഭകളുടെ കാര്യാലയത്തിന്റെ പ്രീഫെക്ട് കർദിനാൾ ക്ലൗ ദിയോ ഗുജറോത്തിക്കും അതിരൂപതയുടെ പ്രതിസന്ധികളെക്കുറിച്ചു വിശദമായ റിപ്പോർട്ട് ആർച്ചുബിഷപ്പ് സിറിൽ വാസിൽ നൽകിയി ട്ടുണ്ട്. ഏകീകൃത വി. കുർബാനയർപ്പണരീതിയെക്കുറിച്ചുള്ള സീറോമ ലബാർ സിനഡിന്റെയും മാർപാപ്പയുടെയും തീരുമാനം പൂർത്തിയാ ക്കുന്നതിനുവേണ്ടിയുള്ള തന്റെ ദൗത്യം തുടരുമെന്നും പൊന്തിഫിക്ക ൽ ഡെലഗേറ്റ് അറിയിച്ചിട്ടുണ്ട്.

പൊന്തിഫിക്കൽ ഡെലഗേറ്റിന്റെ ദൗത്യം സുഗമമാക്കുന്നതിന്റെ ഭാഗമായി എറണാകുളം-അങ്കമാലി അതിരൂപതാംഗങ്ങളുമായി ചർച്ച തുടരുവാൻ സിനഡു തീരുമാനിച്ചു. സംഭാഷണം സുഗമമാക്കാൻ ഒമ്പതു മെത്രാന്മാരടങ്ങിയ ഒരു സമിതിയെ നിയോഗിച്ചിട്ടുണ്ട്. ഈ സമിതി ചർച്ചകൾക്കു തുടക്കം കുറിച്ചിട്ടുണ്ട്. ചർച്ചയിൽ ഉരുത്തിരിയുന്ന പരി ഹാരമാർഗങ്ങൾ പൊന്തിഫിക്കൽ ഡെലഗേറ്റു വഴി പരിശുദ്ധ പിതാ വിനു സമർപ്പിക്കുകയും ശ്ലൈഹിക സിംഹാസനം നൽകുന്ന നിർദ്ദേശ

ങ്ങൾക്കനുസൃതമായി നടപ്പിലാക്കുകയും ചെയ്യുന്നതാണ്. വ്യക്തിപരമോ പ്രാദേശികമോ ആയ അഭിപ്രായവ്യത്യാസങ്ങൾ മറന്നു നമുക്ക് ഒരു മനസോടെ മുന്നോട്ടു നീങ്ങാം. എല്ലാറ്റിനെയും ഒന്നിപ്പിക്കുന്ന നമ്മുടെ കർത്താവായ ഈശോമിശിഹായുടെ ബലിവേദി നമ്മുടെ കൂട്ടായ്മയുടെ ഉറവിടമാകട്ടെ എന്നു പ്രാർഥിക്കുന്നു. പ്രശ്നപരിഹാരത്തിനു വിഘാതമാകുന്ന പ്രസ്താവനകളിൽനിന്നും പ്രവർത്തനങ്ങളിൽനിന്നും എല്ലാവരും വിട്ടുനിൽക്കണമെന്നു സ്നേഹപൂർവം ഓർമിപ്പിക്കുന്നു. എറണാകുളം-അങ്കമാലി അതിരൂപതയിൽ നിലനിൽക്കുന്ന പ്രതിസന്ധികളുടെ പരിഹാരം ഈ വർഷത്തെ എട്ടു നോമ്പാചരണത്തിലെ പ്രത്യേക നിയോഗമായി നമുക്കു സമർപ്പിക്കാം.

**മണിപ്പൂർ കലാപം**

മതേതരഭാരതത്തിന്റെ ഹൃദയത്തിലേറ്റ ആഴമേറിയ മുറിവാണു മണിപ്പൂർ കലാപം. സാമൂഹികസംവരണത്തെക്കുറിച്ചുള്ള കോടതി വിധിയോടുള്ള പ്രതിഷേധമായി പൊട്ടിപ്പുറപ്പെട്ട ഗോത്ര കലാപമായാണു മണിപ്പൂരിലെ സംഘർഷങ്ങൾ ആരംഭിച്ചത്. ഈ സംഘർഷത്തിന്റെ മറവിൽ ഇരുഗോത്രങ്ങളിലെയും ആളുകൾ പീഡനങ്ങൾക്ക് വിധേയരായിട്ടുണ്ട്. ഇവരിൽ നല്ലൊരു പങ്കും ക്രൈസ്തവരാണ്. കലാപത്തിൽ 170-ൽ പരം ആളുകൾക്കു ജീവഹാനി സംഭവിക്കുകയും ആയിരക്കണക്കിനു ഭവനങ്ങളും ആരാധനാലയങ്ങളും തകർക്കപ്പെടുകയും ചെയ്തു. പതിനായിരങ്ങൾ പ്രാണരക്ഷാർഥം പലായനം ചെയ്യേണ്ടിവന്നു. അത്യാധുനിക ആയുധങ്ങളുമായി കലാപകാരികൾ കഴിഞ്ഞ മൂന്നരമാസമായി അഴിഞ്ഞാടുന്ന സാഹചര്യത്തിൽ ക്രമസമാധാനം തിരിച്ചുകൊണ്ടുവരാൻ സർക്കാർ ആത്മാർത്ഥമായി പരിശ്രമിക്കണം. പൗരന്മാരുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകേണ്ടതു കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഭരണഘടനാപരമായ ഉത്തരവാദിത്വമാണ്. ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിൽ ക്രൈസ്തവർക്കെതിരേ പീഡനങ്ങൾ വർധിച്ചുവരുന്നതു തികച്ചും ആശങ്കാജനകമാണ്.

മണിപ്പൂർ കലാപത്തിനെതിരായ വികാരം രാജ്യമൊന്നാകെ ജാതിമതഭേദമന്യേ ഉയർന്നു എന്നതു മതേതരഭാരതത്തിൽ പ്രത്യാശ പകരുന്ന വസ്തുതയാണ്. മണിപ്പൂരിലെ നമ്മുടെ സഹോദരങ്ങളുടെ സങ്കടത്തിൽ അവരോടൊപ്പം നിൽക്കാനുള്ള ഉത്തരവാദിത്തം നമുക്കുണ്ട്. മണിപ്പൂരിൽ സമാധാനവും ശാന്തിയും സുഗമമാക്കാൻ നമുക്ക് ആത്മാർഥമായി പ്രാർഥിക്കാം. മണിപ്പൂരിനെ പുനർനിർമിക്കാനുള്ള പരിശ്രമങ്ങളിൽ ഭാരതകത്തോലിക്കാസഭയുടെ സാമൂഹിക സേവനവിഭാഗമാ

യ കാരിത്താസ് ഇന്ത്യ ക്രിയാത്മകമായി ഇടപെടുന്നുണ്ട്. കാരിത്താസ് ഇന്ത്യയുടെ പ്രവർത്തനങ്ങൾക്കു നമ്മുടെ സഭ എല്ലാവിധത്തിലുമുള്ള പിന്തുണയും നൽകുന്നുണ്ട്. മണിപ്പൂരിൽ ഭവനരഹിതരും അനാഥരുമായിത്തീർന്ന വിദ്യാർഥികൾക്കു സൗജന്യ വിദ്യാഭ്യാസം നൽകാനുള്ള പരിശ്രമങ്ങൾ നമ്മുടെ വിവിധ രൂപതകളുടെ ആഭിമുഖ്യത്തിൽ ആരംഭിച്ചിട്ടുണ്ട് എന്നതും സ്വാഗതാർഹമാണ്. മണിപ്പൂരിനെ പുനർനിർമിക്കാനുള്ള പദ്ധതിയിൽ നാമെല്ലാവരും ആത്മാർഥമായി സഹകാരികളാകണം.

**മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലി**

സീറോമലബാർസഭയുടെ അഞ്ചാമതു മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലി 2024 ഓഗസ്റ്റ് 23 മുതൽ 25 വരെയുള്ള തീയതികളിൽ പാലാ രൂപതയുടെ അജപാലനകേന്ദ്രമായ അൽഫോൻസിയൻ പാസ്റ്ററൽ സെന്ററിൽ നടത്തപ്പെടുന്നതാണ്. കാലാനുസൃതമായ സഭാജീവിതവും ദൗത്യവും സീറോമലബാർസഭയിൽ  എന്നതാണ് മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയുടെ പ്രമേയം. ഇടവക, രൂപതാതലങ്ങളിലും സന്യാസ സമൂഹങ്ങളിലും ഈ വിഷയത്തെക്കുറിച്ചുള്ള മാർഗരേഖയുടെ അടിസ്ഥാനത്തിൽ സഭാംഗങ്ങളെല്ലാവരും ക്രിയാത്മകമായ ചർച്ചകൾ നടത്തണം. നിങ്ങളുടെ ചർച്ചകളിൽ ഉരുത്തിരിയുന്ന ആശയങ്ങളെ ക്രോഡീകരിച്ചുകൊണ്ട് അസംബ്ലിക്കുള്ള പ്രവർത്തനരേഖ തയ്യാറാക്കുന്നതാണ്. സീറോമലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയുടെ വിജയകരമായ നടത്തിപ്പിനു നിങ്ങളുടെ സഹകരണവും പ്രാർഥനയും ആവശ്യമാണ്.

**വെബ്സൈറ്റിന്റെ ഉദ്ഘാടനം**

നമ്മുടെ സഭയുടെ പ്രവർത്തനങ്ങൾ പൊതുസമൂഹത്തിൽ കൂടുതൽ ദൃശ്യമാക്കുന്നതിന്റെ ഭാഗമായി സീറോമലബാർസഭയുടെ നവീകരിച്ച വെബ്സൈറ്റ് (www.syromalabarchurch.in) ഈ സിനഡിൽ ഉദ്ഘാടനം ചെയ്യപ്പെട്ടു. സീറോമലബാർസഭയെക്കുറിച്ചും സഭയുടെ പ്രവർത്തനങ്ങളെക്കുറിച്ചും ഇവിടെ ലഭ്യമാകുന്ന വിവരങ്ങൾ നിങ്ങൾ പ്രയോജനപ്പെടുത്തുമല്ലോ.

**ഗോരഖ്പൂർ രൂപതയ്ക്ക് പുതിയ ഇടയൻ**

ഗോരഖ്പൂർ രൂപതയുടെ പുതിയ ഇടയനായി ചെറുപുഷ്പ സന്യാസസമൂഹാംഗമായ ഫാ. മാത്യു നെല്ലിക്കുന്നേൽ CST നിയമിക്കപ്പെട്ടു. നിയുക്ത മെത്രാനും ഗോരഖ്പൂർ രൂപതയ്ക്കും എല്ലാ ഭാവുകങ്ങളും

അഭിനന്ദനങ്ങളും പ്രാർഥനാപൂർവം നേരുന്നു. കഴിഞ്ഞ പതിനേഴു വർഷമായി ഗോരഖ്പൂർ രൂപതയെ വളർച്ചയുടെ പാതയിൽ കൃപയോടെ നയിച്ച അഭിവന്ദ്യ മാർ തോമസ് തുരുത്തിമറ്റം CST പിതാവിനോടു സീറോമലബാർസഭ ഏറെ കടപ്പെട്ടിരിക്കുന്നു. സഭയ്ക്കും സമൂഹത്തിനും പ്രത്യേകിച്ചു ഗോരഖ്പൂർ രൂപതയ്ക്കും പിതാവിന്റെ ശ്ലൈഹിക ശുശ്രൂഷ അനുഗ്രഹമായിരുന്നു.

നല്ല ദൈവത്തിന്റെ കരുതലാർന്ന പരിപാലനയ്ക്കു നമുക്കു നന്ദി പറയാം. ദൈവത്തിന്റെ അനുഗൃഹീതമാതാവും നമ്മുടെ അമ്മയുമായ പരിശുദ്ധ കന്യകാമറിയത്തിന്റെയും നമ്മുടെ പിതാവായ മാർതോമാ ശ്ലീഹായുടെയും മാധ്യസ്ഥ്യം നമുക്കു സഹായമാകട്ടെ.

നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സഹവാസവും നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ.

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽ നിന്നു 2023-ാം ആണ്ട് ഓഗസ്റ്റ് മാസം 26-ാം തീയതി നൽകപ്പെട്ടത്.

കർദിനാൾ ജോർജ് ആലഞ്ചേരി
സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ്

---

*NB:* ഈ സർക്കുലർ 2023 സെപ്റ്റംബർ 3-ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ എല്ലാ ഇടവക ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും സമർപ്പിത ഭവനങ്ങളിലും വി. ബലി മധ്യേ വായിച്ചതാണ്.

# കച്ചേരിക്കാര്യം
ഒക്ടോബർ 2023

**1. പുതിയ നിയമനങ്ങൾ**

i) മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി

ഏയ്ഞ്ചൽ ഡയാലിസിസിന്റെയും കുടുംബക്കൂട്ടായ്മയുടെയും സ്വതന്ത്ര ചുമതലയിൽ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി അച്ചനെ അഭിവന്ദ്യ പിതാവ് നിയമിച്ചു. ഏയ്ഞ്ചൽ ഡയാലിസിസ് സോഷ്യൽ സർവ്വീസ് അപ്പൊസ്റ്റൊലേറ്റിന്റെ ഭാഗമായും കുടുംബക്കൂട്ടായ്മ ലെയ്റ്റി അപ്പൊസ്റ്റൊലേറ്റിന്റെ ഭാഗമായും തുടരുകയും ജനറാളച്ചന്റെ ചുമതലയിൽ പ്രവർത്തനങ്ങൾ ക്രമീകരിക്കുകയും ചെയ്യുന്നതാണ്.

ii) ഫാ. അഗസ്റ്റിൻ ചക്കാംകുന്നേൽ – വികാരി, ചട്ടമല (08.10.2023 മുതൽ)

iii) ഫാ. ജോസഫ് കളപ്പുരയ്ക്കൽ – അഡ്മിനിസ്ട്രേറ്റർ, മദർഹോം (08.10.2023 മുതൽ)

iv) ഫാ. തോമസ് മരശ്ശേരി – വികാരി, പറമ്പ (08.10.2023 മുതൽ)

v) ഫാ. സെബാസ്റ്റ്യൻ താഴപ്പള്ളിൽ – വികാരി, തേർമല (01.10.2023 മുതൽ)

vi) ഫാ. ആന്റണി വെട്ടിയാനി – വികാരി, അരീക്കമല (22.10.2023 മുതൽ)

vii) **ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ** : റോമിലെ സീറോ മലബാർ സമൂഹത്തിന്റെ അസി. വികാരിയായി ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറയെ നിയമിച്ചു. പ്രവാസികൾക്കിടയിലെ അജപാലന ശുശ്രൂഷികൾക്കായി റോമിലേക്ക് യാത്രയാകുന്ന ബഹു. ഇട്ടിയപ്പാറ അച്ചന് ദൈവാനുഗ്രഹങ്ങൾ ആശംസിക്കുന്നു.

**2. ഉപരിപഠനം – i) ഫാ. പീറ്റർ കൊച്ചുവീട്ടിൽ :** റോമിലെ സലേഷ്യൻ യൂണിവേഴ്സിറ്റിയിൽ കാറ്റെക്കിസത്തിൽ ഉപരിപഠനത്തിനായി യാത്രയായ ബഹു. പീറ്റർ കൊച്ചുവീട്ടിലച്ചന് ആശംസകൾ.

**ii) ഫാ. പയസ് അരീക്കാട്ട് :** റോമിലെ ഹോളി ക്രോസ് യൂണിവേഴ്സിറ്റിയിൽ ആരാധനാക്രമത്തിൽ ഉപരിപഠനമാരംഭിച്ച ബഹു. പയസ് അരീക്കാട്ടച്ചന് ആശംസകൾ.

Don. Anoop Mathew
Cappellano
Ospedale San. Filippo Neri
V. Giovanni Martinotti 20, I-00135 Roma. Italia
Mob +39 348 1913622

**അഡ്രസ്സ് : റവ. ഫാ. തോമസ് തടത്തിൽ**

Fr. Thomas Thadathil
Viswaprakash Central School
Mangattkadave Thirumala (P.O.)
Thiruvananthapuram - 695006
Phone : 8281153949

**3. P.P.F അംഗങ്ങളുടെ ശ്രദ്ധയ്ക്ക്**

2023 സെപ്റ്റംബർ 04 ന് നിര്യാതനായ ബഹു. ഇഗ്നേഷ്യസ് മുളങ്ങാട്ടിൽ അച്ചനുവേണ്ടി വി. കുർബാന അർപ്പിക്കേണ്ട കാര്യം ഓർമ്മിക്കുമല്ലോ.

**4. മിഷൻ ഞായർ**

ഒക്ടോബർ 22-ാം തീയതി ഞായറാഴ്ചയാണ് ഈ വർഷത്തെ മിഷൻ ഞായർ. മിഷൻ ഞായറിന്റെ സന്ദേശം എല്ലാ കുടുംബങ്ങളിലും എത്തിക്കുമല്ലോ. മിഷൻ ഞായറാഴ്ചത്തെ സ്തോത്രക്കാഴ്ച ആഗോള മിഷൻപ്രവർത്തനങ്ങളെ സഹായിക്കുവാൻ അതിരൂപതാ കേന്ദ്രത്തിൽ എത്തിക്കുമല്ലോ.

**5. ആദരാഞ്ജലികൾ**

**1. ശ്രീ. തോമസ് കുരീക്കാട്ടിൽ (88) :** ബഹു. ജോസഫ് കുരീക്കാട്ടിലച്ചന്റെ സഹോദരൻ ശ്രീ. തോമസ് കുരീക്കാട്ടിൽ 2023 ആഗസ്റ്റ് 20 ന് നിര്യാതനായി. മൃതസംസ്ക്കാര ശുശ്രൂഷകൾ 2023 ആഗസ്റ്റ് 21 ന് താമരശ്ശേരി രൂപതയിലെ കൂരാച്ചുണ്ട് സെന്റ് തോമസ് ദൈവാലയ സിമിത്തേരിയിൽ നടന്നു. പ്രിയപ്പെട്ട സഹോദരന്റെ വേർപാടിൽ ദുഃഖിക്കുന്ന ബഹു. കുരീക്കാട്ടിൽ അച്ചനും കുടുംബാംഗങ്ങൾക്കും അതിരൂപതാകുടുംബത്തിന്റെ അനുശോചനങ്ങൾ അറിയിക്കുന്നു. പരേതന്റെ ആത്മശാന്തിക്കുവേണ്ടി പ്രാർത്ഥിക്കാം.

**2. റവ. ഫാ. തോമസ് കൊച്ചുപറമ്പിൽ (86) :** അവിഭക്ത തലശ്ശേരി അതിരൂപതാംഗമായിരുന്ന റവ. ഫാ. തോമസ് കൊച്ചുപറമ്പിൽ നിര്യാതനായി. ബഹു. തോമസച്ചൻ നമ്മുടെ അതിരൂപതയിൽ കൊളക്കാട്, ഭീമനടി എന്നീ ഇടവകകളിൽ സേവനം ചെയ്തിട്ടുണ്ട്. മൃതസംസ്കാരശുശ്രൂഷകൾ 30.08.23 ന് കൊട്ടോടി സെന്റ് ഫ്രാൻസീസ് ദൈവാലയ സിമിത്തേരിയിൽ താമരശ്ശേരി രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിന്റെ കാർമ്മികത്വത്തിൽ നടത്തപ്പെട്ടു. പ്രിയപ്പെട്ട തോമസ് അച്ചന് തലശ്ശേരി അതിരൂപതാ കുടുംബത്തിന്റെ ആദരാഞ്ജലികൾ. ബഹു. തോമസ് അച്ചന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.



**3. ശ്രീ. ജോസഫ് ചേന്നാട്ട് (91) :** ബഹു. അഗസ്റ്റിൻ ചേന്നാട്ട് അച്ചന്റെ പിതാവ് ശ്രീ. ജോസഫ് ചേന്നാട്ട് 2023 സെപ്റ്റംബർ 5 ന് നിര്യാതനായി. മൃതസംസ്ക്കാരശുശ്രൂഷകൾ 2023 സെപ്റ്റംബർ 8 ന് നെല്ലിക്കുറ്റി സെന്റ് അഗസ്റ്റിൻ ദൈവാലയ സിമിത്തേരിയിൽ അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്നു. പ്രിയപ്പെട്ട പിതാവിന്റെ വേർപാടിൽ ദുഃഖിക്കുന്ന ബഹു. ബിജു ചേന്നാട്ട് അച്ചനും കുടുംബാംഗങ്ങൾക്കും അതിരൂപതാ കുടുംബത്തിന്റെ അനുശോചനങ്ങൾ അറിയിക്കുന്നു.

## 6. സ്നേഹസ്മൃതി

1. റവ. ഫാ. ബർത്തലോമിയോ മഴുവഞ്ചേരി സി.എം.ഐ. - 01-10-2006
2. റവ. ഫാ. ജേക്കബ്ബ് ആലുങ്കൽ - 04-10-1994
3. റവ. ഫാ. സെബാസ്റ്റ്യൻ ജോസഫ് കാഞ്ഞിരക്കാട്ട് - 06-10-2017
4. റവ. ഫാ. ജോസഫ് കച്ചിറമറ്റം - 07-10-2001
5. റവ. ഫാ. തോമസ് പുറത്തെമുതുകാട്ടിൽ - 21-10-2013
6. റവ. ഫാ. സാബാസ് കുരുവിത്തടം സി.എം.ഐ. - 23-10-1982
7. റവ. ഫാ. മാത്യു കാനക്കാട്ട് - 24-10-2007
8. റവ. ഫാ. ജേക്കബ്ബ് നെടുമ്പിള്ളി - 26-10-2010
9. റവ. ഫാ. അഡ്രിയാൻ സി.എം.ഐ. - 26-10-1978
10. റവ. ഫാ. ഹൊർമീസ് പെരുമാലിൽ സി.എം.ഐ. - 28-10-1986
11. റവ. ഫാ. ജേക്കബ്ബ് കുന്നപ്പള്ളിൽ - 30-10-2002
12. റവ. ഫാ. ജോസഫ് മാണിക്കത്താഴെ - 27-10-2020

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
*ചാൻസലർ*

Prot. No. 1006/2023

# DECREE

**Particular Law on Betrothal and Publishing of Banns in Mixed Marriages Solemnized with Dispensation from Catholic Form of Marriage**

Whereas the III Session of the XXXI Synod of Bishops of the Syro-Malabar Church held from August 21 to 26, 2023, in accordance with CCEO c. 110 §1, approved by voting the law on betrothal and publishing of banns in mixed marriages solemnized with dispensation from Catholic form of marriage, the undersigned Cardinal George Alencherry, Major Archbishop of the Syro-Malabar Church, as per c. 112 §1 of CCEO, promulgates the following:

i. Betrothal and publication of banns shall be allowed in mixed marriages solemnized with dispensation from the Catholic form of marriage if requested by at least one of the parties.

ii. Banns shall indicate that the marriage announced is solemnized with dispensation from the Catholic form of marriage granted by the Major Archbishop and that it will be solemnized in the Church of the non-Catholic party.

Given from the Major Archiepiscopal Curia of the Syro-Malabar Church at Mount St. Thomas, Kakkanad on 21 September 2023, the Feast of St. Mathew the Apostle.

+ G. Alencherry

Cardinal George Alencherry
Major Archbishop of the Syro-Malabar Church

Fr. Abraham Kavilpurayidathil
Major Archiepiscopal Chancellor

Prot. No. 1007/2023

# DECREE

## Particular Law on Civil Registration of Marriage for Obtaining Family Visa before Sacramental Solemnization of Marriage

Whereas the III Session of the XXXI Synod of Bishops of the Syro-Malabar Church held from 21 to 26 August, 2023, in accordance with CCEO c. 110 §1, approved by voting the law on civil registration of marriage of Syro-Malabar faithful before solemnizing sacramental marriage for the purpose of obtaining family visa, the undersigned Cardinal George Alencherry, Major Archbishop of the Syro-Malabar Church, as per c. 112 §1 of CCEO, promulgates the following:

i. The Syro-Malabar faithful who, for serious reasons such as obtaining family visa to foreign countries find it necessary to register their marriages under relevant civil law before the sacramental solemnization of the marriage in the church, may approach their own local hierarch, with proper application and testimonial letter from the parish priest concerned, for obtaining permission to that effect.

ii. The party who approaches the local hierarch for permission shall present a written request to that effect which shall carry the undertaking that they will not live together, being aware of the sinfulness of cohabitation before the sacramental marriage and that they will get marriage sacramentally solemnized at the earliest possibility. In addition, the request shall also carry the signatures of both the bride and the bridegroom.

iii. The testimonial letter shall indicate whether the applicant/s belong to the parishes indicated in the application and whether the facts mentioned are true.

iv. Ordinarily the request is to be addressed to the local hierarch of the bridegroom. However, when the local hierarch of the

bridegroom cannot be accessed, then the local hierarch of the bride may be approached.

v. In the permission it shall be specifically mentioned that it is granted under condition that the applicants agree not to cohabit before sacramental marriage and that they will get married sacramentally at the earliest possibility.

vi. After the civil registration of the marriage a copy of the certificate of registration shall be given to both parish priests and the information about the marriage shall be entered in a special section of the marriage registers of both the parishes.

vii. If at least one of the parties requests for betrothal and publication of banns before the solemnization of the sacramental marriage, the request shall be granted by the parish priests. To do so, no permission from the local hierarch is required.

viii. The date of marriage to be entered in the marriage register after the sacramental marriage is the date of the sacramental marriage. In the remark column, however, the date of the civil marriage is to be mentioned.

ix. While issuing marriage certificates the parish priests shall indicate the date of sacramental solemnization.

All contrary dispositions notwithstanding.

Given from the Major Archiepiscopal Curia of the Syro-Malabar Church at Mount St. Thomas, Kakkanad on 21 September 2023, the Feast of St. Mathew the Apostle.

Cardinal George Alencherry
Major Archbishop of the Syro-Malabar Church

Fr. Abraham Kavilpurayidathil
Major Archiepiscopal Chancellor

**Prot. No. 567/2023**

# ഡിക്രി

## ക്നാനായ കത്തോലിക്കരെ (കോട്ടയം അതിരൂപത) തലശ്ശേരി അതിരൂപതയിലേക്ക് സ്വീകരിക്കുന്നത് സംബന്ധിച്ച് :

1. കോട്ടയം അതിരൂപതാംഗത്തെ നമ്മുടെ അതിരൂപതയിലേക്ക് സ്വീകരിക്കുവാൻ അതിരൂപതാ കച്ചേരിക്കു മാത്രമേ അധികാരമുള്ളൂ.

2. കോട്ടയം അതിരൂപതയിൽപ്പെട്ട ഒരു വ്യക്തി വിവാഹത്തിനായി രൂപത മാറണമെങ്കിൽ അതിനുള്ള അനുവാദം ആദ്യം കോട്ടയം അതിരൂപതാ കച്ചേരിയിൽനിന്നും വാങ്ങേണ്ടതാണ്.

3. അനുവാദം ലഭിച്ചശേഷം വിവാഹാർത്ഥം ഇടവക ചേരുന്ന വ്യക്തി തലശ്ശേരി അതിരൂപതയുടെ ഏത് ഇടവകാതിർത്തിക്കുള്ളിലാണോ താമസിക്കുന്നത് ആ ഇടവക വികാരിക്ക് കോട്ടയം അതിരൂപതാദ്ധ്യക്ഷനിൽനിന്നുള്ള അനുമതിപത്രം നൽകേണ്ടതാണ്.

4. തലശ്ശേരി അതിരൂപതയുടെ മുദ്രക്കടലാസിൽ പ്രസ്തുത ഇടവകയിൽ ചേരാനുള്ള അപേക്ഷ തയ്യാറാക്കി, ചേരുവാനുള്ള ഇടവകയിലെ വികാരിയുടെ സാക്ഷിപ്പോടുകൂടി അപേക്ഷ കച്ചേരിയിൽ സമർപ്പിക്കേണ്ടതാണ്.

5. വികാരിമാർ കോട്ടയം അതിരൂപതാദ്ധ്യക്ഷനിൽനിന്നും ലഭിച്ച അനുമതിപത്രം അപേക്ഷയോടൊപ്പം സമർപ്പിക്കുകയോ തങ്ങളുടെ സാക്ഷിപ്പിൽ അനുവാദം ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുകയോ ചെയ്യേണ്ടതാണ്.

**+ മാർ ജോസഫ് പാംപ്ലാനി**

*തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത*



# അനുസ്മരണം

## റവ. ഫാ. ഇഗ്നേഷ്യസ് മുളങ്ങാട്ടിൽ

തലശ്ശേരി അതിരൂപതാംഗമായ ബഹു. ഇഗ്നേഷ്യസ് മുളങ്ങാട്ടിൽ അച്ചൻ 2023 സെപ്റ്റംബർ 4 തിങ്കളാഴ്ച രാവിലെ 6 മണിക്ക് നിര്യാതനായി. അനാരോഗ്യം മൂലം കരുവഞ്ചാൽ പ്രീസ്റ്റ് ഹോമിൽ വിശ്രമജീവിതം നയിക്കുകയായിരുന്ന അച്ചൻ രോഗം മൂർച്ഛിച്ചതിനെ തുടർന്ന് കരുവഞ്ചാൽ സെന്റ് ജോസഫ്സ് ഹോസ്പിറ്റലിൽ ചികിത്സയിലായിരുന്നു.

തലശ്ശേരി അതിരൂപതയിൽ കുടിയേറ്റ ജനതയ്ക്കായി അനേകം ഇടവകകളിൽ സേവനം ചെയ്ത പുരോഹിതനാണ് വിട പറഞ്ഞത്. 1953 ഒക്ടോബർ 04 ന് പാലാ രൂപതയിലെ കുറിച്ചിത്താനം ഇടവകയിൽ പകലോമറ്റം മുളങ്ങാട്ടിൽ മാണി-അന്നമ്മ ദമ്പതികളുടെ മകനായി ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസവും ഹൈസ്കൂൾ വിദ്യാഭ്യാസവും മരങ്ങാട്ടുപിള്ളിയിൽ പൂർത്തിയാക്കി. വൈദികപരിശീലനത്തിനായി പാലാ ഗുഡ്ഷെപ്പേർഡ് മൈനർ സെമിനാരിയിൽ ചേരുകയും തത്വശാസ്ത്ര-ദൈവശാസ്ത്ര പഠനങ്ങൾ ആലുവ സെന്റ് ജോസ്ഫ്സ് പൊന്തിഫിക്കൽ സെമിനാരിയിൽ നിന്ന് പൂർത്തിയാക്കുകയും ചെയ്തു. 1979 ഡിസംബർ 29 ന് തലശ്ശേരി രൂപതയുടെ പ്രഥമ മെത്രാനായിരുന്ന ദിവംഗതനായ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിൽനിന്നും എണ്ണപ്പാറ ഹോളി സ്പിരിറ്റ് പള്ളിയിൽ വച്ച് പൗരോഹിത്യം സ്വീകരിച്ചു. മാനുവൽ, ജോസഫ്, കുട്ടിയമ്മ, റെജി, പരേതയായ സി. മേരി ലില്ലി (M.C.) എന്നിവരാണ് സഹോദരങ്ങൾ.

മലബാറിലെ ആദ്യകാല അസൗകര്യങ്ങളിലും പ്രതിസന്ധികളിലും ആത്മാർത്ഥമായി അദ്ധ്വാനം ചെയ്ത ഇടയനായിരുന്നു ബഹു. ഇഗ്നേഷ്യസ് അച്ചൻ. വൈദികരോട് വളരെയേറെ അടുപ്പവും സ്നേഹവും കാണിച്ചിരുന്ന വ്യക്തിത്വമായിരുന്നു അദ്ദേഹത്തിന്റേത്. തലശ്ശേരി അതിരൂപതയിൽ 23 ഇടവകകളിൽ ബഹു. ഇഗ്നേഷ്യസ് അച്ചൻ സേവനം ചെയ്തിട്ടുണ്ട്. 1980 മാർച്ച് 29 ന് പേരാവൂരിൽ അസിസ്റ്റന്റ് വികാരിയായിട്ടാണ് ബഹു. ഇഗ്നേഷ്യസ് അച്ചൻ തന്റെ പൗരോഹിത്യ ജീവിതം ആരംഭിച്ചത്. 1981 ജൂൺ 10 മുതൽ 1982 ഏപ്രിൽ 24 വരെ

കോടഞ്ചേരിയിലും അസി. വികാരിയായി ശുശ്രൂഷ ചെയ്തു. 1982 ഏപ്രിൽ 24 ന് പൂവാറന്തോട് ഇടവകയുടെ വികാരിയായി നിയമിതനായി. തുടർന്ന് രണ്ടാംകടവ്, ചെട്ടിയാംപറമ്പ്, പാത്തൻപാറ, പടുപ്പ്, തടിക്കടവ്, കീഴ്പ്പള്ളി, പൊൻമല, കോഴിച്ചാൽ, കരുവഞ്ചാൽ, തേർമല, ബിരിക്കുളം, അൽഫോൻസാഗിരി, പാലത്തിൻകടവ്, ചീമേനി, ശാന്തിനഗർ, ചേപ്പറമ്പ്, ഉദയപുരം, കോടോപ്പള്ളി, ലിസ്സിഗിരി, ഉമ്മറപൊയിൽ എന്നീ ഇടവകകളിൽ വികാരിയായി ശുശ്രൂഷ ചെയ്തു. 2020 ഒക്ടോബർ മുതൽ കരുവഞ്ചാൽ ശാന്തിഭവനിൽ വിശ്രമജീവിതം നയിക്കുകയായിരുന്നു.

പൂവാറന്തോട് പള്ളിയുടെ നിർമ്മാണം, പാത്തൻപാറയിൽ വൈദികമന്ദിരം, സെമിത്തേരി ഗ്രൗണ്ട് എന്നിവയുടെ നിർമ്മാണം, പൊൻമലയിൽ സൺഡേ സ്കൂളിന്റെ നിർമ്മാണം, കോഴിച്ചാലിലെ സ്കൂൾ കെട്ടിടത്തിന്റെ ആദ്യനില, അൽഫോൻസാഗിരിയിലെ സങ്കീർത്തി എന്നിങ്ങനെ പല നിർമ്മാണപ്രവർത്തികളും ബഹു. ഇഗ്നേഷ്യസ് അച്ചന്റെ നേതൃത്വത്തിൽ നടന്നിട്ടുണ്ട്.

വളരെയേറെ രോഗപീഡകൾ ബഹു. ഇഗ്നേഷ്യസ് അച്ചനെ ബുദ്ധിമുട്ടിച്ചിരുന്നു. മരുന്നുകൾ ധാരാളം ഉപയോഗിക്കേണ്ടി വന്നിരുന്നു. തന്റെ സഹനങ്ങൾക്ക് നടുവിലും അസ്വസ്ഥതകളിലും ദൈവജനത്തിനുവേണ്ടി കഠിനാദ്ധ്വാനം ചെയ്ത പുരോഹിതനായിരുന്നു ബഹു. ഇഗ്നേഷ്യസ് അച്ചൻ. തലശ്ശേരി അതിരൂപതയുടെ വളർച്ചയിൽ തന്റേതായ സംഭാവനകൾ നല്കിയാണ് ബഹു. ഇഗ്നേഷ്യസ് അച്ചൻ കാലയവനികയ്ക്കുള്ളിൽ മറയുന്നത്. പ്രിയപ്പെട്ട ഇഗ്നേഷ്യസ് അച്ചാ അങ്ങയുടെ അസാന്നിദ്ധ്യം തലശ്ശേരി അതിരൂപതാ വൈദിക കൂട്ടായ്മയിൽ നിഴലിക്കും. അങ്ങയുടെ ദീപ്ത സ്മരണകൾക്കുമുമ്പിൽ ഞങ്ങളുടെ ബാഷ്പാഞ്ജലികൾ. അങ്ങയുടെ കരം പിടിക്കാൻ നിത്യപുരോഹിതനായ ഈശോ പറുദീസായുടെ വാതില്ക്കൽ ഉണ്ടാകട്ടെ...

തലശ്ശേരി അതിരൂപതാ കുടുംബത്തിന്റെ ആദരാഞ്ജലികൾ...

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
*ചാൻസലർ*

## 2023 സെപ്റ്റംബർ 12ന് തലശ്ശേരി സന്ദേശഭവനിൽ ചേർന്ന 5–ാം പ്രസ്ബിറ്ററൽ യോഗത്തിന്റെ റിപ്പോർട്ട്

2022–24 കാലയളവിലെ തലശ്ശേരി അതിരൂപത വൈദിക സമിതിയുടെ 5–ാമത്തെ യോഗം അതിരൂപതാദ്ധ്യക്ഷൻ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ അദ്ധ്യക്ഷതയിൽ 2023 സെപ്റ്റംബർ 12ന് തലശ്ശേരി സന്ദേശഭവനിൽ ചേർന്നു. അതിരൂപതാ ചാൻസലർ ബഹു. ജോസഫ് മുട്ടത്തുകുന്നേലച്ചന്റെ പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു.

പ്രോട്ടോ സിഞ്ചെല്ലൂസ് മോൺ. ആന്റണി മുതുകുന്നേൽ യോഗത്തിൽ സ്വാഗതം ആശംസിച്ചു. വൈദികസമിതി സെക്രട്ടറി ഫാ. ഫിലിപ്പ് കവിയിൽ മുൻയോഗ റിപ്പോർട്ട് അവതരിപ്പിക്കുകയും റിപ്പോർട്ട് യോഗം അംഗീകരിക്കുകയും ചെയ്തു. ഏശയ്യ 43:18–19 വചനഭാഗം ഉദ്ധരിച്ച് അഭിവന്ദ്യ പിതാവ് ഉദ്ഘാടനപ്രസംഗം നടത്തി. ഭൂതകാലത്തിന്റെ തടവറയിൽ കഴിയാതെ സർവ്വതും നൂതനമാക്കുന്ന ദൈവീക പദ്ധതിയിൽ ആശ്രയിച്ച് മുന്നേറണമെന്ന് അഭിവന്ദ്യ പിതാവ് ഉദ്ഘാടന പ്രസംഗത്തിൽ ആഹ്വാനം ചെയ്തു. ദീപിക കണ്ണൂർ യൂണിറ്റിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് അഭിവന്ദ്യ പിതാവ് വൈദികസമിതിയെ അറിയിച്ചു. തലശ്ശേരി അതിരൂപതാംഗമായ ശ്രീ. ബെന്നി വട്ടക്കുന്നേൽ രാഷ്ട്രദീപിക കമ്പനിയുടെ ഡയറക്ടർ ബോർഡിൽ അംഗമായത് യോഗത്തെ അറിയിച്ചു.

അതിരൂപതയുടെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളെ സംബന്ധിച്ച് ബഹു. വൈദികരുടെ മാസധ്യാനത്തിൽ നടത്തിയ ചർച്ചകളുടെ വെളിച്ചത്തിൽ രൂപപ്പെടുത്തിയ നിർദ്ദേശങ്ങൾ മോൺ. ആന്റണി മുതുകുന്നേൽ യോഗത്തിൽ അവതരിപ്പിച്ചു. പ്ലാറ്റിനം ജൂബിലിയ്ക്ക് മുമ്പുള്ള അഞ്ച് വർഷങ്ങൾ പ്രത്യേകമായി ആചരിക്കാൻ തീരുമാനിച്ചു. കുടുംബവർഷം, ലഹരിവിരുദ്ധ–സാമൂഹിക തിന്മകൾക്കെതിരായ വർഷം, സമുദായ ശാക്തീകരണവർഷം, ദിവ്യകാരുണ്യവർഷം, ജൂബിലി വർഷം എന്നിങ്ങനെ 5 പ്രധാനപ്പെട്ട വിഷയങ്ങൾക്ക് പ്രാധാന്യം നല്കി 5 വർഷങ്ങൾ ആചരിക്കാമെന്ന് യോഗം നിർദ്ദേശിച്ചു. പ്ലാറ്റിനം ജൂബിലി വർഷത്തെ കർമ്മപദ്ധതികൾ പാരീഷ് കൗൺസിലുകളിൽ ചർച്ചചെയ്യണമെന്ന് അഭിവന്ദ്യ പിതാവ് നിർദ്ദേശിച്ചു. വള്ളോപ്പിള്ളി ഭവനനിർമ്മാണ പദ്ധതിയിൽ 133 ഇടവകകളിലായി

555 വീടുകൾ ഇതിനോടകം പണിപൂർത്തിയാക്കിയതാക്കി യോഗത്തെ അറിയിച്ചു. ജനകീയ ഇൻഷൂറൻസ് പദ്ധതി നടപ്പിലാക്കാനുള്ള സാധ്യതയെക്കുറിച്ച് തലശ്ശേരി അതിരൂപത സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ ഫാ. സ്കറിയ നിരപ്പേൽ സംസാരിച്ചു. മുഴുവൻ ആളുകളും ഏതെങ്കിലുമൊരു ഇൻഷൂറൻസ് പദ്ധതിയിൽ പങ്കുചേരുന്ന വിധത്തിലുള്ള പദ്ധതികളുടെ സാധ്യത പഠിക്കുവാൻ സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടറെ ചുമതലപ്പെടുത്തി. സർക്കാരിന്റെ ഇൻഷൂറൻസ് പദ്ധതികളെക്കുറിച്ച് ജനങ്ങളെ ബോധവത്ക്കരിക്കുന്നതിന്റെ ഭാഗമായി കുടുംബക്കൂട്ടായ്മകളിൽ ഒരു മാസത്തെ ചർച്ചാവിഷയമായി അവതരിപ്പിക്കുവാൻ കഴിയുംവിധം ഈ വിഷയത്തെ സംബന്ധിച്ച് ലഘുലേഖ തയ്യാറാക്കുന്നത് ഉചിതമായിരിക്കുമെന്ന് അഭിപ്രായമുണ്ടായി. Paid Old Age Home പദ്ധതി അതിരൂപതയുടെ നേതൃത്വത്തിൽ ആരംഭിക്കണമെന്ന് ആവശ്യപ്പെട്ട് ആളുകൾ സമീപിച്ച കാര്യം അഭിവന്ദ്യ പിതാവ് യോഗത്തെ അറിയിച്ചു. പ്രോട്ടോസിഞ്ചെല്ലൂസ് മോൺ. ആന്റണി മുതുകുന്നേലച്ചന്റെ നേതൃത്വത്തിൽ ഈ സംരംഭത്തിന്റെ സാധ്യതകളെക്കുറിച്ച് പഠിച്ച് 2 മാസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കുവാൻ നിർദ്ദേശിച്ചു. 2027ൽ അതിരൂപതാ അസംബ്ലി നടത്തുവാൻ ഉദ്ദേശിക്കുന്നകാര്യം അഭിവന്ദ്യ പിതാവ് അറിയിച്ചു.

പ്ലാറ്റിനം ജൂബിലി വർഷത്തോടനുബന്ധിച്ച് ലോഗോ, ജൂബിലി ആന്തം എന്നിവയ്ക്ക് മത്സരങ്ങൾ നടത്തുന്നത് ഉചിതമായിരിക്കുമെന്ന അഭിപ്രായമുണ്ടായി. അതിരൂപതയിൽ നടത്തുവാൻ ഉദ്ദേശിക്കുന്ന പ്രധാനപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങളെക്കുറിച്ച് അഭിവന്ദ്യ പിതാവ് യോഗത്തെ അറിയിച്ചു. വിയാനി നിധിയിൽ ബഹു. വൈദികരുടെ സഹകരണത്തെക്കുറിച്ചുള്ള വിവരങ്ങൾ പ്രൊക്യുറേറ്റർ ഫാ. ജോസഫ് കാക്കരമറ്റത്തിൽ അറിയിച്ചു. ബയോമൗണ്ടൻ പ്രവർത്തനങ്ങളെക്കുറിച്ച് മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി വിശദീകരിച്ചു. 25 അംഗങ്ങളുള്ള ബയോ മൗണ്ടൻ യൂണിറ്റുകൾ ഇടവകകളിൽ ആരംഭിക്കണമെന്ന് അഭിവന്ദ്യ പിതാവ് നിർദ്ദേശിച്ചു. ബഹു. വൈദികർ 1000 രൂപയുടെ ഷെയർ എടുത്ത് ബയോമൗണ്ടൻ പദ്ധതിയിൽ പങ്കുചേരണമെന്ന് അഭിവന്ദ്യ പിതാവ് നിർദ്ദേശിച്ചു. മാസധ്യാനങ്ങളിൽ വൈദികസമിതി അംഗങ്ങൾ യോഗത്തിലെ പ്രധാനപ്പെട്ട ചർച്ചാ വിഷയങ്ങൾ ബഹു. വൈദികരെ അറിയിക്കണം എന്നും അഭിവന്ദ്യ പിതാവ് നിർദ്ദേശിച്ചു.

EduSpark നെക്കുറിച്ചുള്ള വിവരങ്ങൾ ബഹു. ജേക്കബ് വെണ്ണായപ്പിള്ളിൽ അച്ചൻ അവതരിപ്പിച്ചു. വൈദിക സമിതിയിൽനിന്നും പാസ്റ്ററൽ കൗൺസിലേക്കുള്ള അംഗങ്ങളായി ബഹു. മാത്യു പാലമറ്റത്തിൽ അച്ചനെയും ബഹു. ജോൺസൺ വേങ്ങപ്പറമ്പിൽ അച്ചനെയും തിരഞ്ഞെടുത്തു. Priest welfare കമ്മിറ്റിയിലേക്ക് ഇരിട്ടി റീജിയണിൽനിന്നും കുര്യാക്കോസ് കോലക്കുന്നേൽ അച്ചനെയും ചെമ്പേരി റീജിയണിൽനിന്നും മാത്യു ഓലിക്കൽ അച്ചനെയും ആലക്കോട് റീജിയണിൽനിന്നും ജോസഫ് ഈനാച്ചേരി അച്ചനെയും കാസർഗോഡ് റീജിയണിൽനിന്നും മാത്യു മുക്കുഴി അച്ചനെയും തിരഞ്ഞെടുത്തു. ബഹു. വൈദികർ മരണപ്പെട്ടാൽ അവരുടെ ചരമദിനത്തിൽ അവർ വികാരിയായി ശുശ്രൂഷചെയ്ത ഇടവകകളിൽ 3 വർഷത്തേക്ക് പള്ളിച്ചിലവിൽ ദിവ്യബലി അർപ്പിക്കുകയും മൃതസംസ്ക്കാരം കഴിഞ്ഞുവരുന്ന ഞായറാഴ്ച ദിവ്യബലിക്കുശേഷം അനുസ്മരണ സമ്മേളനങ്ങൾ നടത്തുകയും ചെയ്യണം എന്ന് നിർദ്ദേശിച്ചു. തലശ്ശേരി അതിരൂപതയിൽ അംഗമായിചേരാൻ ആഗ്രഹിക്കുന്ന സന്യാസസഭയിൽപ്പെട്ട ഒരു വൈദികന്റെ അപേക്ഷയെക്കുറിച്ച് അഭിവന്ദ്യ പിതാവ് യോഗത്തെ അറിയിച്ചു.

കത്തീഡ്രൽ ദൈവാലയത്തിന്റെ underground Chapel ലിനോട് ചേർന്ന് സെമിത്തേരി വിപുലീകരിക്കേണ്ടതിനെക്കുറിച്ച് അഭിവന്ദ്യ പിതാവ് സൂചിപ്പിച്ചു. ഏയ്ഞ്ചൽ ഡയാലിസിസ് പദ്ധതിയുടെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുവാൻ ഇടവകയിൽ ഉപകാരികളുടെ കൂട്ടായ്മ രൂപീകരിക്കുന്നത് ഉചിതമായിരിക്കുമെന്ന് യോഗം അഭിപ്രായപ്പെട്ടു. മദ്യവർജന പ്രസ്ഥാനങ്ങൾ, കുടുംബക്കൂട്ടായ്മ, ഇൻഫാം എന്നീ പ്രസ്ഥാനങ്ങൾ കൂടുതൽ പ്രവർത്തനക്ഷമമാകുംവിധം പുനഃക്രമീകരണങ്ങൾ നടത്തുന്നത് ഉചിതമാണെന്ന അഭിപ്രായമുണ്ടായി. കരുവഞ്ചാൽ ഹോസ്പിറ്റലിനോട് ചേർന്ന് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന നേഴ്സിംങ്ങ് കോളേജിനെക്കുറിച്ചുള്ള കാര്യങ്ങൾ മോൺ. ആന്റണി മുതുകുന്നേൽ യോഗത്തെ അറിയിച്ചു. മീറ്റിംഗിന് വൈദികസമിതി സെക്രട്ടറി നന്ദി പ്രകാശിപ്പിച്ചു.

**ഫാ. ഫിലിപ്പ് കവിയിൽ**
*സെക്രട്ടറി*

# കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ്

"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്കാ 2:52).

ലോകസമാധാനത്തിനും കുടുംബങ്ങളുടെ നിലനിൽപ്പിനും വേണ്ടി ജപമാല ചൊല്ലി പ്രാർത്ഥിക്കുവാൻ 'കന്യകാമറിയത്തിന്റെ ജപമാല' (*Rosarium Virginis Mariae*) എന്ന അപ്പസ്തോലിക പ്രബോധനത്തിലൂടെ വി. ജോൺപോൾ രണ്ടാമൻ മാർപാപ്പ ആഹ്വാനം ചെയ്തിട്ടുണ്ട്. 'സുവിശേഷസംഗ്രഹം' എന്നു വിളിക്കപ്പെടുന്ന ഈ ഭക്തമുറ കേവലം ഒരു യാന്ത്രികപ്രാർത്ഥനയല്ല, മറിച്ച് തികച്ചും ധ്യാനാത്മകമാണെന്ന് മാർപാപ്പ ഓർമ്മിപ്പിക്കുന്നു. ഒക്ടോബർ മാസത്തിൽ വിശ്വാസപരിശീലകരായ നമുക്ക് ജപമാല നമസ്ക്കാരത്തിൽ ഭക്തിപൂർവ്വം പങ്കുചേരാം.

### 1. അസൈൻമെന്റ് ക്ലാസ് XII

പന്ത്രണ്ടാം ക്ലാസിലെ കുട്ടികളുടെ ഈ അധ്യയനവർഷത്തെ അസൈൻമെന്റിന്റെ വിഷയം **'മാധ്യമങ്ങളുടെ നന്മയും അവ ഉയർത്തുന്ന വെല്ലുവിളികളും'** എന്നതാണ്. കുട്ടികളെ വിഷയം നേരത്തേ അറിയിച്ച് അസൈൻമെന്റ് എഴുതാനുള്ള ക്രമീകരണങ്ങൾ അവർക്കു ചെയ്തുകൊടുക്കുമല്ലോ. അസൈൻമെന്റ് ഓഫീസിൽ എത്തിക്കേണ്ട അവസാന തീയതി **നവംബർ 30 ആണ്.** ഇക്കാര്യം കുട്ടികളെ നേരത്തെ അറിയിച്ച് അസൈൻമെന്റ് എഴുതാൻ അവരെ ഒരുക്കേണ്ടതാണ്. ആമുഖം, ഉള്ളടക്കം, ഉപസംഹാരം, റഫറൻസ് ഗ്രന്ഥങ്ങൾ എന്നിവ അസൈൻമെന്റിന് ഉണ്ടായിരിക്കണം. കുറഞ്ഞത് പത്തുപേജെങ്കിലും അസൈൻമെന്റിന് ഉണ്ടായിരിക്കണം. കുട്ടിയുടെ മാമ്മോദീസാപേരും ബ്രായ്ക്കറ്റിൽ വിളിപ്പേരും വീട്ടുപേരും ഇടവകയും അസൈൻമെന്റിൽ എഴുതിയിരിക്കണം. താഴെ കൊടുത്തിരിക്കുന്ന മൂന്ന് അധ്യായങ്ങളെ ആസ്പദമാക്കിയാണ് വിഷയാവതരണം നടത്തേണ്ടത്.

**വിഷയം: "മാധ്യമങ്ങളുടെ നന്മയും അവ ഉയർത്തുന്ന വെല്ലുവിളികളും"**

അധ്യായം1 : മാധ്യമങ്ങളും അവയുടെ നന്മയും
2 : മാധ്യമങ്ങൾ ഉയർത്തുന്ന വെല്ലുവിളികൾ
3 : മാധ്യമങ്ങളെ എങ്ങനെ സമൂഹ നന്മയ്ക്കായി വിനിയോഗിക്കാം.

## 2. ഡിപ്ലോമ പരീക്ഷ രജിസ്ട്രേഷൻ (ക്ലാസ്സ് XII)

ഈ അധ്യയനവർഷം 12-ാം ക്ലാസിൽ പഠിക്കുന്ന റെഗുലർ കുട്ടികളുടെ ഡിപ്ലോമ രജിസ്ട്രേഷൻ **ഒക്ടോബർ 15-നുള്ളിൽ** പൂർത്തിയാക്കേണ്ടതാണ്. ഹെഡ്മാസ്റ്റർമാർക്ക് തന്നിരിക്കുന്ന രജിസ്ട്രേഷൻ ഫോമിൽ കുട്ടികളുടെ മാമ്മോദീസ പേര്, സ്കൂളിലെ പേര്, വീട്ടുപേര്, ജനനതീയതി, മാമ്മോദീസ തീയതി, മാതാപിതാക്കളുടെ മാമ്മോദീസ പേര് എന്നിവ നിർബന്ധമായും ഉണ്ടായിരിക്കണം. തിയതികൾ കൃത്യമായും പേരുകൾ അക്ഷരതെറ്റുകൂടാതെയും ചേർക്കേണ്ടതാണ്. ആവശ്യമായ വിവരങ്ങൾ കുട്ടികളുടെ പക്കൽ നിന്നും ശേഖരിച്ചതിനുശേഷം ഫോം പൂരിപ്പിച്ച് കുട്ടികളെ കാണിച്ച് ആവശ്യമായ തിരുത്തലുകൾ വരുത്തിയിട്ടായിരിക്കണം രജിസ്ട്രേഷൻ ഫോമുകൾ ഓഫീസിലേക്ക് അയക്കേണ്ടത്. രജിസ്ട്രേഷൻ നടത്താത്ത ആരെയും പരീക്ഷ എഴുതുവാൻ അനുവദിക്കുകയില്ല. **സർട്ടിഫിക്കറ്റിൽ പിന്നീട് വരുന്ന തിരുത്തലുകൾക്ക് ഫൈൻ ഈടാക്കുന്നതായിരിക്കും.**

**നിർദ്ദേശങ്ങൾ**

a. Internal Assesment മാർക്ക് ഇപ്പോൾ ചേർക്കേണ്ടതില്ല. കുട്ടികൾക്ക് രജിസ്ട്രേഷൻ നമ്പർ ഓഫീസിൽ നിന്നും നൽകി ഫോം തിരികെ നൽകുന്നതാണ്. അപ്പോഴാണ് ഇന്റേണൽ മാർക്ക് ചേർക്കേണ്ടത് (പരമാവധി 25 മാർക്ക്). മാർക്ക് കണക്കാക്കുമ്പോൾ വിശ്വാസപരിശീലനത്തിൽ കുട്ടിയുടെ ഭാഗഭാഗിത്വം, ക്ലാസ്സ് ടെസ്റ്റുകളിൽ കുട്ടിയുടെ പങ്കാളിത്തം, മതബോധന മണിക്കൂറിലെ പങ്കാളിത്തം, വി. കുർബാനയിൽ കുട്ടിയുടെ ഭാഗഭാഗിത്വം etc... കണക്കിലെടുക്കേണ്ടതാണ്.
b. രജിസ്ട്രേഷൻ ഫോം പൂരിപ്പിച്ച് നൽകിയിരിക്കുന്നത് അപൂർണ്ണമാണെങ്കിൽ പരീക്ഷയെഴുതാൻ അനുവദിക്കുന്നതല്ല.
c. രജിസ്ട്രേഷൻ ഫോം ഇംഗ്ലീഷിലായിരിക്കണം പൂരിപ്പിക്കേണ്ടത്.
d. **ഒക്ടോബർ 15-നുള്ളിൽ** ഓഫീസിൽ ലഭിക്കത്തക്കവിധം രജിസ്ട്രേഷൻ ഫോം (സ്പീഡ് പോസ്റ്റ്/രജിസ്റ്റർ) അയക്കേണ്ടതാണ്.

## 3. XII-ാം ക്ലാസ്സ് ഡിപ്ലോമ സേ പരീക്ഷ

മുൻവർഷങ്ങളിൽ നടത്തിയ XII-ാം ക്ലാസ്സിലെ ഡിപ്ലോമ പരീക്ഷയിൽ തോറ്റവർക്ക് 2023 ജനുവരി 26-ന് നടത്തുന്ന പരീക്ഷയ്ക്ക് പേര് രജിസ്റ്റർ ചെയ്ത് പരീക്ഷ എഴുതാവുന്നതാണ്. സൺഡേ സ്കൂൾ ലെറ്റർപാഡിൽ കുട്ടിയുടെ പേരും വീട്ടുപേരും, പരീക്ഷ എഴുതിയ വർഷം, കഴിഞ്ഞ പരീക്ഷയ്ക്ക്

കിട്ടിയ മാർക്കുകൾ, രജിസ്റ്റർ നമ്പർ എന്നിവ എഴുതി ഹെഡ്മാസ്റ്ററിന്റെ ഒപ്പോടു കൂടി **ഒക്ടോബർ 15-ന്** ഓഫീസിൽ ലഭിക്കത്തക്കവിധം അയയ്ക്കേണ്ടതാണ്.

### 4. ഡിപ്ലോമ : നോൺ റെഗുലർ സ്റ്റുഡൻസ്

വിശ്വാസപരിശീലനം പൂർത്തിയാക്കാതെ ഉന്നത പഠനത്തിനായി ഇടവകയ്ക്ക് പുറത്ത് പഠിക്കുന്ന കുട്ടികൾ, അവർ പഠിക്കുന്ന ഇടവകയിൽനിന്ന് പഠനം പൂർത്തിയാക്കി എന്ന് സാക്ഷ്യപ്പെടുത്തുന്ന വികാരിയച്ചന്റെയോ ഹെഡ്മാസ്റ്ററിന്റെയോ കത്ത് ഹാജരാക്കിയാൽ അവരെ പരീക്ഷ എഴുതിപ്പിക്കേണ്ടതാണ്. പരീക്ഷയെ സംബന്ധിച്ച് ബഹു. വികാരിയച്ചന്മാർ പൊതുവായ നിർദ്ദേശം പള്ളിയിൽ കൊടുക്കുമല്ലോ. ഇപ്രകാരമുള്ള കുട്ടികളുടെ പേരുവിവരങ്ങൾ ലെറ്റർപാഡിൽ എഴുതി ഹെഡ്മാസ്റ്ററിന്റെ ഒപ്പോടുകൂടി **ഒക്ടോബർ 15-ന്** ഓഫീസിൽ ലഭിക്കത്തക്കവിധം അയയ്ക്കണം. അവർ അസൈൻമെന്റ് എഴുതേണ്ടതാണ്.

### 5. മതബോധന മണിക്കൂർ

ഈ പ്രവർത്തനവർഷം മുതൽ കുട്ടികളെ അനുധാവനം ചെയ്യുന്നതിന്റെ ഭാഗമായി മതബോധന മണിക്കൂർ (എല്ലാ ശനിയാഴ്ചയും രാത്രി 8 മണി മുതൽ 9 മണി വരെ) എന്ന പുതിയ സംരംഭം ആരംഭിച്ചുവല്ലോ. കുടുംബമാണല്ലോ പ്രഥമ വിശ്വാസപരിശീലനവേദി. കുട്ടികളും മാതാപിതാക്കളും ഒരുമിച്ച് വിശ്വാസപരിശീലന സംബന്ധമായ കാര്യങ്ങൾ പഠിക്കുകയും ചർച്ച ചെയ്യുകയും ചെയ്യുന്ന സമയമാണ് മതബോധന മണിക്കൂർ. ക്ലാസ് അധ്യാപകരുടെ വാട്സ്ആപ്പ് ഗ്രൂപ്പുവഴി മതബോധന മണിക്കൂറിൽ ചർച്ച ചെയ്യുകയും പഠിക്കുകയും ചെയ്യേണ്ട കാര്യങ്ങൾ നൽകുന്നതാണ്. വിശ്വാസപരിശീലകർ അവ കുട്ടികൾക്ക് നൽകണം. മതബോധന മണിക്കൂറിൽ പഠിക്കാനും ചർച്ച ചെയ്യാനും കൊടുത്ത കാര്യങ്ങൾ കുടുംബങ്ങളിൽ ചെയ്തിട്ടുണ്ടെന്ന് വിശ്വാസപരിശീലകർ ഉറപ്പുവരുത്തേണ്ടതാണ്.

### 6. ഫുൾഡേ ക്ലാസ്

വാർഷിക കലണ്ടറിൽ നല്കിയിരിക്കുന്നപ്രകാരം മാസത്തിലെ അവസാന ഞായറാഴ്ച്ച എല്ലാ സൺഡേസ്കൂളുകളിലും ഫുൾഡേ ക്ലാസ് നടത്തുമല്ലോ. ഗ്രൂപ്പുകളുടെ കലാപരിപാടികൾ, സംഘടനാപ്രവർത്തനങ്ങൾ, സെമിനാറുകൾ, ആരാധന, കുമ്പസാരം മുതലായവയ്ക്ക് ഉച്ചകഴിഞ്ഞുള്ള സമയം പ്രയോജനപ്പെടുത്താവുന്നതാണ്.

### 7. എയ്ഞ്ചൽസ് നേഴ്സറി

സീറോമലബാർ കാറ്റക്കെറ്റിക്കൽ കമ്മീഷന്റെ നിർദ്ദേശമനുസരിച്ച് തലശ്ശേരി അതിരൂപതയിൽ ഇതിനോടകം വളരെയധികം സൺഡേ സ്കൂളുകളിൽ ഒന്നാം ക്ലാസിന് മുമ്പുള്ള കുട്ടികൾക്കായുള്ള എയ്ഞ്ചൽസ് നേഴ്സറി

ആരംഭിച്ചു. ഈ വർഷവും സാധിക്കുന്നത്ര സൺഡേ സ്കൂളുകളിൽ എയ്ഞ്ചൽസ് നേഴ്സറി ആരംഭിക്കേണ്ടതാണ്. പുസ്തകം ഓഫീസിൽ ലഭ്യമാണ്.

### 8. ഏകദിന സെമിനാർ

അതിരൂപത മതബോധനകമ്മിറ്റിയുടെ നിർദ്ദേശപ്രകാരം ഏകദിന സെമിനാർ എല്ലാ ഫൊറോനകളിലും നടത്തേണ്ടതാണ്. രാവിലെ 9.30 മുതൽ വൈകുന്നേരം 4 മണിവരെയായിരിക്കും ഏകദിന സെമിനാറിന്റെ സമയം. സെമിനാർ നയിക്കേണ്ട ടീമിനെ അതിരൂപത വിശ്വാസപരിശീലനകേന്ദ്രം നൽകുന്നതാണ്. സെമിനാറിൽ ഫൊറോനയിലെ മുഴുവൻ വിശ്വാസപരിശീലകരും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

**ഏകദിനസെമിനാർ: ഒക്ടോബർ മാസം**

മേരിഗിരി - ഒക്ടോബർ തളിപ്പറമ്പ് - ഒക്ടോബർ 14

### 9. ഓഗസ്റ്റ്, സെപ്റ്റംബർ മാസത്തിൽ നടന്ന സെമിനാർ - നന്ദി

ചെമ്പേരി, പൈസക്കരി, തോമാപുരം, വായാട്ടുപറമ്പ്, പേരാവൂർ, ആലക്കോട്, ചെറുപുഴ, കുന്നോത്ത്, മാലോം, മണിക്കടവ്, കാസർഗോഡ്, നെല്ലിക്കാംപൊയിൽ, എടൂർ, കാഞ്ഞങ്ങാട് എന്നീ ഫൊറോനകളിൽ വിശ്വാസപരിശീലകർക്ക് ഏകദിന സെമിനാർ നടത്തി. റവ. ഡോ. ആന്റണി തറേക്കടവിൽ, റവ. ഡോ. ജേക്കബ് വെണ്ണായപ്പിള്ളിൽ, റവ. ഫാ. സാബു പുതുശ്ശേരിൽ, റവ. ഫാ. മാത്യു മുക്കുഴി, ശ്രീ. ഷോണിറ്റ് അഗസ്റ്റിൻ പാറത്താഴെ, ശ്രീ. വിപിൻ മാറാട്ടുകുന്നേൽ, ശ്രീ. ജോയൽ ജോസഫ് തൊട്ടിയിൽ, ശ്രീ. ജോഷ്വ ഒഴുകയിൽ എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. സെമിനാറിന്റെ സുഖമമായ നടത്തിപ്പിന് സഹകരിച്ച എല്ലാ ബഹു. ഫൊറോന ഡയറക്ടറച്ചന്മാർക്കും വിശ്വാസപരിശീലകർക്കും നന്ദി.

### 10. അതിരൂപതാ വിസിറ്റേഴ്സ് സന്ദർശനം

2023-2024 അധ്യയനവർഷത്തെ സൺഡേസ്കൂൾ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനുവേണ്ടിയുള്ള അതിരൂപതാ വിസിറ്റേഴ്സിന്റെ സന്ദർശനം സെപ്റ്റംബർ മാസത്തിൽ ആരംഭിച്ചു. വിസിറ്റർ വരുന്ന വിവരം തലേ ഞായറാഴ്ച്ച കുട്ടികളെ അറിയിക്കുകയും വി. കുർബ്ബാന കഴിഞ്ഞുള്ള പൊതു കൂട്ടായ്മയിലും സ്റ്റാഫ് മീറ്റിംഗിലും വിസിറ്ററിനു സ്വാഗതം പറയേണ്ടതും കുട്ടികളെ പൊതുവായി കാണുന്നതിനുള്ള അവസരം ക്രമീകരിക്കേണ്ടതുമാണ്. **സ്റ്റാഫ് മീറ്റിംഗിൽ മുഴുവൻ അധ്യാപകരുടെയും സാന്നിധ്യം ഉണ്ടായിരിക്കണം. അവരുടെ യാത്രയ്ക്കാവശ്യമായ റ്റി.എ. സൺഡേ സ്കൂളിൽ നിന്നും കൊടുക്കേണ്ടതാണ്**. ബഹു. ഹെഡ്മാസ്റ്റർമാർ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

### ഒക്ടോബർ മാസത്തിലെ അതിരൂപത വിസിറ്റ്

**ഒക്ടോബർ 01 :** ചെട്ടിയാംപറമ്പ്, കനകപ്പള്ളി, ഹൊസങ്കടി, വെമ്പുവ, കച്ചേരിക്കടവ്, നാട്ടക്കൽ, എടപ്പുഴ, അരവഞ്ചാൽ, കാഞ്ഞങ്ങാട്, വെള്ളരി

യാനം, കടുമേനി, കാർത്തികപുരം, ദീപഗിരി. **ഒക്ടോബർ 08 :** എടത്തൊട്ടി, അട്ടക്കണ്ടം, പാടാംകവല, ചരൾ, ചുള്ളി, ഉരുപ്പുംകുറ്റി, താബോർ, പടന്ന ക്കാട്, കണ്ണൂർ, കാര്യപ്പള്ളി, ആയന്നൂർ. **ഒക്ടോബർ 15 :** കണിച്ചാർ, അട്ടേങ്ങാനം, കാസർഗോഡ്, ഉളിക്കൽ, പയ്യാവൂർ, അങ്ങാടിക്കടവ്, പുഞ്ച, വട്ട്യറ, പാടിയോട്ടുചാൽ, ചായോത്ത്, തളിപ്പറമ്പ്, ചെറുപാറ, ബെഡൂർ, നെല്ലിപ്പാറ, ലിസിഗിരി. **ഒക്ടോ ബർ 22 :** ചെങ്ങോം, വിമലഗിരി-പരപ്പ, പൊയ്നാച്ചി, ജോസ്മൗണ്ട്, വാണി യപ്പാറ, കൊന്നക്കാട്, ചെടിക്കുളം, ജോസ്ഗിരി, നെല്ലിയടുക്കം, പെരിങ്ങാല, ചാവ റഗിരി, മാമ്പൊയിൽ, കനകക്കുന്ന്. **ഒക്ടോബർ 29 :** കൊളക്കാട്, ബിരിക്കുളം, വിള മന, ചുണ്ടപ്പറമ്പ്, പാലത്തിൻകടവ്, അതിരുമാവ്, കീഴ്പ്പള്ളി, രാജഗിരി, എണ്ണപ്പാറ, പെരുംമ്പടവ്, ചട്ടമല, പരപ്പ, പൊന്മല.

### സെപ്റ്റംബർ മാസത്തിൽ നടത്തിയ അതിരൂപത വിസിറ്റ്

**സെപ്റ്റംബർ 03 :** കുട്ടാപറമ്പ്. **സെപ്റ്റംബർ 17 :** മഞ്ഞളാംപുറം, പേരട്ട, ചീമേനി, ആലക്കോട്. **സെപ്റ്റംബർ 24 :** മട്ടന്നൂർ, മുടയരഞ്ഞി, എടക്കോം.

### 11. ഓഫീസ്, റിക്കാർഡുകൾ

എല്ലാ സൺഡേസ്കൂളുകളിലെയും ഓഫീസും റിക്കാർഡുകളും ഈ അധ്യയന വർഷം പുനഃക്രമീകരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. ഓഫീസ്, റിക്കാർഡുകൾ, ഫയലുകൾ തുടങ്ങിയവ ഹെഡ്മാസ്റ്ററിന്റെയും സെക്രട്ടറി യുടേയും നേതൃത്വത്തിൽ ക്രമമാക്കേണ്ടതും ചിട്ടയായി സൂക്ഷിക്കേണ്ടതുമാ ണ്. ഓഫീസിൽ ലെറ്റർപാഡും സീലും ഉണ്ടായിരിക്കേണ്ടതാണ്.

### 12. മതബോധന കൗൺസിൽ /പി.ടി.എ.

സൺഡേ സ്കൂളിന്റെ പ്രവർത്തനങ്ങൾ സജീവമാക്കേണ്ടതിന് കുട്ടിക ളുടെ രക്ഷിതാക്കളെ വിളിച്ചുകൂട്ടി അവർക്ക് ക്ലാസ് കൊടുക്കേണ്ടതും എല്ലാ ഇടവകകളിലും മതബോധന കൗൺസിൽ രൂപീകരിക്കേണ്ടതുമാണ്.

### 13. ആസ്പെക്ട് 2023-2024

2023-2024 വിശ്വാസപരിശീലനവർഷത്തിൽ അധ്യാപകരുടെ തുടർപരി ശീലനത്തിനായി ഉപയോഗിക്കുന്നത് സീറോമലബാർ മതബോധന കമ്മീഷൻ പ്രസിദ്ധീകരിച്ചിരിക്കുന്ന **"സീറോമലബാർസഭയുടെ ആരാധ നക്രമവിശ്വാസപരിശീലനം"** എന്ന പുസ്തകമാണ്. 282 പേജുകളുള്ള ഈ പുസ്തകത്തിന് 110 രൂപയാണ് വിലയായി നല്കേണ്ടത്. ഈ വർഷം മൂന്ന് ഓൺലൈൻ പരീക്ഷയും രണ്ട് എഴുത്തു പരീക്ഷയും ഉണ്ടായിരിക്കുന്നതാ ണ്. എല്ലാ വിശ്വാസപരിശീലകരും ഈ പുസ്തകത്തിന്റെ ഒരു കോപ്പി നിർബന്ധമായും വാങ്ങേണ്ടതും പഠനം ആരംഭിക്കേണ്ടതുമാണ്. പരീക്ഷാ സംബന്ധമായ മറ്റു വിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

### 14. ഗിരിദീപം

തലശ്ശേരി അതിരൂപതയുടെ മുഖപത്രമായ 'ഗിരിദീപം' എല്ലാ പ്രധാനാ ധ്യാപകർക്കും അയയ്ക്കുന്നുണ്ട്. അഡ്രസ്സ് മാറ്റേണ്ടവരും ഗിരിദീപം ലഭിക്കാ

ത്തവരും ഓഫീസിൽ അറിയിക്കേണ്ടതാണ്. എല്ലാ മാസത്തെയും ആദ്യത്തെ ഞായറാഴ്ചത്തെ സ്റ്റാഫ് മീറ്റിംഗിൽ വിശ്വാസ പരിശീലനത്തെ സംബന്ധിച്ച് ഗിരിദീപത്തിൽ പറഞ്ഞിട്ടുള്ള വിഷയങ്ങൾ പ്രധാനാധ്യാപകൻ സ്റ്റാഫംഗങ്ങളെ അറിയിക്കുകയും ചർച്ചചെയ്യുകയും ചെയ്യേണ്ടതാണ്.

**15. അതിരൂപത വിസിറ്റേഴ്സ് മീറ്റിംഗ് - നന്ദി**

2023 സെപ്റ്റംബർ 2 ശനിയാഴ്ച സന്ദേശഭവനിൽവച്ച് അതിരൂപത വിസിറ്റേഴ്സിന് മീറ്റിംഗ് നടത്തി. മീറ്റിംഗിൽ പങ്കെടുത്ത എല്ലാവർക്കും വിശ്വാസ പരിശീലനകേന്ദ്രത്തിന്റെ നന്ദി.

**16. ഓണപരീക്ഷ - നന്ദി**

ഈ വർഷത്തെ ഓണപരീക്ഷ സെപ്റ്റംബർ 10-ാം തീയതി ഞായറാഴ്ച എല്ലാ സൺഡേ സ്കൂളുകളിലും വളരെ ഭംഗിയായി നടത്തി. എല്ലാവിധ ക്രമീകരണങ്ങളും ചെയ്ത ബഹു. വൈദികർക്കും വിശ്വാസപരിശീലകർക്കും സഹകരിച്ച എല്ലാവർക്കും വിശ്വാസപരിശീലന കേന്ദ്രത്തിന്റെ നന്ദി.

**17. വിശ്വാസപരിശീലകരുടെ ധ്യാനം - നന്ദി**

2023-2024 പ്രവർത്തനവർഷത്തിൽ സെപ്റ്റംബർ 29 മുതൽ ഒക്ടോബർ 1 വരെ പരിയാരം മദർഹോമിൽവച്ച് നടത്തിയ ധ്യാനത്തിൽ 81 വിശ്വാസ പരിശീലകർ പങ്കെടുത്തു. ധ്യാനത്തിൽ പങ്കെടുത്ത എല്ലാ വിശ്വാസപരിശീലകർക്കും നന്ദി.

**18. മിഷൻ ഞായർ ഒക്ടോബർ 22**

ആഗോളമിഷൻ ഞായറായ ഒക്ടോബർ 22-ാം തീയതി എല്ലാ സൺഡേസ്കൂളുകളും മിഷൻദിനമായി ആഘോഷിക്കുമല്ലോ.

**19. മതാധ്യാപകദിനം നവംബർ 4**

വിശ്വാസപരിശീലകരുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. ചാൾസ് ബൊറോമിയോയുടെ തിരുനാൾ ദിനമായ നവംബർ 4-നാണ് മതാധ്യാപക ദിനം. എല്ലാ സൺഡേ സ്കൂളുകളിലും നവംബർ 5-ാം തീയതി ഞായറാഴ്ച മതാധ്യാപകദിനം ആചരിക്കുകയും അധ്യാപകർക്ക് സമ്മാനങ്ങൾ നല്കേണ്ടതുമാണ്. ഹെഡ്മാസ്റ്റർ ബഹു. വികാരിയച്ചനുമായി ആലോചിച്ച് മതാധ്യാപകദിനം സമുചിതമായി ആഘോഷിക്കാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്യുമല്ലോ. അതിരൂപതയിലെ എല്ലാ വിശ്വാസപരിശീലകർക്കും മതാധ്യാപകദിനത്തിന്റെ മംഗളങ്ങളും പ്രാർത്ഥനകളും ആശംസിക്കുകയും അധ്യാപകരുടെ ശുശ്രൂഷയെ നന്ദിയോടെ ഓർക്കുകയും ചെയ്യുന്നു.

**20. സീറോ മലബാർ പ്രതിഭാ അവാർഡ്**

ഓരോ രൂപതയിൽനിന്നും 12-ാം ക്ലാസ്സിൽ വിശ്വാസപരിശീലനം നടത്തുന്ന-തിരഞ്ഞെടുക്കപ്പെടുന്ന 2 ആൺകുട്ടികൾക്കും 2 പെൺകുട്ടികൾക്കും

സീറോമലബാർ വിശ്വാസപരിശീലന കമ്മീഷൻ പ്രത്യേകം പരിശീലനം നല്കിവരുന്നു.

**അതിരൂപതാതല ക്യാമ്പ് :** ഫൊറോനതലത്തിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്ന കുട്ടികളുടെ അതിരൂപതാതല ക്യാമ്പ് **ഒക്ടോബറിൽ 7, 8** തീയതികളിലായി തലശ്ശേരി സന്ദേശഭവനിൽവച്ച് നടത്തുന്നു. ക്യാമ്പ് ശനിയാഴ്ച രാവിലെ 10 മണിക്ക് ആരംഭിച്ച് ഞായറാഴ്ച ഉച്ചയ്ക്ക് 1.00 മണിക്ക് അവസാനിക്കുന്നു. പങ്കെടുക്കുന്നവർ ബൈബിൾ, നോട്ട് ബുക്ക്, പേന, ബെഡ്ഷീറ്റ്, ടോയ്‌ലറ്റ് സാധനങ്ങൾ എന്നിവ കൊണ്ടുവരേണ്ടതാണ്. ബഹു. ഫൊറോന പ്രസിഡന്റ് തെരഞ്ഞെടുക്കപ്പെടുന്ന കുട്ടികളുടെ (2 ആൺ കുട്ടികൾ, 2 പെൺകുട്ടികൾ) പേര്, ഇടവക, ഫോൺനമ്പർ എന്നിവ വാട്ട്സ് ആപ്പ് ഗ്രൂപ്പിൽ നൽകണം. ക്യാമ്പിന് 200 രൂപ രജിസ്ട്രേഷൻ ഫീസായി നൽകേണ്ടതാണ്.

### 21. സോൾട്ട് 2023

ഈ വർഷം സൺഡേസ്കൂളിൽ 12-ാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്കുവേണ്ടിയുള്ള ഓറിയന്റേഷൻ ക്ലാസ്സ് **സോൾട്ട് 2023** ഒക്ടോബർ-നവംബർ മാസങ്ങളിൽ നടത്തുന്നതാണ്.

### 22. Mission Quest 2023 - ഒക്ടോബർ 28

സീറോമലബാർ മിഷൻ ഓഫീസും മതബോധന കമ്മിഷനും സംയുക്തമായി മതബോധനവിദ്യാർത്ഥികൾക്കും മുതിർന്നവർക്കും വേണ്ടി നടത്തുന്ന മിഷൻ ക്വിസ്മത്സരമാണ് **Mission Quest**. **2023 ഒക്ടോബർ 28 ശനിയാഴ്ച വൈകുന്നേരം 8 മണിക്ക്** നടത്തുന്നു. സാധിക്കുന്ന എല്ലാവരും ക്വിസിൽ പങ്കെടുക്കുമല്ലോ.

**നിർദ്ദേശങ്ങൾ**

(a) ഈ മത്സരം നടത്തുന്നത് ഗൂഗിൾഫോം ഉപയോഗിച്ചാണ് (b) സീറോ മലബാർ സഭയുടെ 35 രൂപതകളിലുമുള്ള മതബോധനവിദ്യാർത്ഥികൾക്കും മുതിർന്നവർക്കും വെവ്വേറെ മത്സരങ്ങളും അതിനായി വെവ്വേറെ ഗൂഗിൾഫോം ലിങ്കുകളുമാണ് (c) ഗൂഗിൾഫോമിന്റെ ലിങ്കുകൾ സീറോമലബാർ മിഷന്റെ വെബ്സൈറ്റിൽ ലഭ്യമാക്കും www.syromalabarmission.com (d) **2023 ഒക്ടോബർ 28 ശനിയാഴ്ച വൈകുന്നേരം 8 മണി മുതൽ 40 മിനിട്ട് സമയത്തേക്കായിരിക്കും ഗൂഗിൾഫോം സജീവമാകുക** (e) മത്സരത്തിൽ പങ്കെടുക്കാൻ മുൻകൂർ രജിസ്ട്രേഷൻ ആവശ്യമില്ല. എന്നാൽ, മത്സരസമയത്ത് പേര്, ഇടവക, രൂപത, ഫോൺ നമ്പർ, ഇമെയിൽ എന്നിവ രേഖപ്പെടുത്തണം (f) ഓരോ ചോദ്യത്തിനും നൽകപ്പെട്ടിരിക്കുന്ന ഉത്തരങ്ങളിൽ നിന്നും ശരിയായത് മാത്രം തിരഞ്ഞെടുക്കുക (g) ബൈബിൾ ഭാഗത്തിന് പഠനസഹായിയോ സാമ്പിൾ ചോദ്യങ്ങളോ ഇല്ല. മറ്റ് വിഭാഗങ്ങൾക്കുള്ള സാമ്പിൾ ചോദ്യങ്ങൾ ഒക്ടോബർ അഞ്ചാം തീയതിക്കുമുൻപായി വെബ്സൈറ്റിൽ ലഭ്യമാക്കും (h) മത്സരവുമായി ബന്ധപ്പെട്ട സംശയങ്ങൾ ദൂരീകരിക്കാൻ 2023missionquest@gmail.com എന്ന ഇമെയിൽ പ്രയോജനപ്പെടുത്തുക (i) ക്വിസ് മത്സരം സംബന്ധിച്ച് സീറോമലബാർ മിഷൻ ഓഫീസിന്റെ തീരുമാനങ്ങൾ അന്തിമമായിരിക്കും.

**പഠനഭാഗങ്ങൾ**

**വിദ്യാർത്ഥികൾ:** 1) വി. മർക്കോസിന്റെ സുവിശേഷം, അനുപാതം - 40%, POC Bible/NRSV 2) ഏഴ് കൂദാശകളും കൂദാശാനുകരണങ്ങളും, അനുപാതം - 30%, www.syromalabarmission.com 3) **പൊതുവിജ്ഞാനം:** ➤ സീറോമലബാർ സഭ ചരിത്രവും ഹയരാർക്കിയും ➤ സീറോമലബാർ സഭയിലെ, വിശുദ്ധരും വാഴ്ത്തപ്പെട്ടവരും ധന്യരും ➤ സീറോമലബാർ സഭയുടെ പ്രേഷിതത്വവും മിഷൻ രൂപതകളും. **സഭയിലെ പ്രേഷിത മുന്നേറ്റങ്ങൾ:** ➤ മിഷൻ ലീഗ് ➤ഫിയാത് ➤ ജീസസ് യൂത്ത് തുടങ്ങിയവ. അനുപാതം - 30%, www.syromalabarmission.com.

**മുതിർന്നവർ:** 1) വി. മർക്കോസിന്റെ സുവിശേഷം, കോറിന്തോസുകാർക്കുള്ള ഒന്നാം ലേഖനവും, അനുപാതം - 40%, POC Bible/NRSV 2) ഏഴ് കൂദാശകളും കൂദാശാനുകരണങ്ങളും, അനുപാതം - 30%, www.syromalabarmission.com 3) **പൊതുവിജ്ഞാനം:** ➤ സീറോമലബാർ സഭ ചരിത്രവും ഹയരാർക്കിയും ➤ സീറോമലബാർ സഭയിലെ ➤ വിശുദ്ധരും വാഴ്ത്തപ്പെട്ടവരും ധന്യരും ➤ സീറോമലബാർ സഭയുടെ പ്രേഷിതത്വവും മിഷൻ രൂപതകളും. **സഭയിലെ പ്രേഷിത മുന്നേറ്റങ്ങൾ:** ➤ മിഷൻ ലീഗ് ➤ ഫിയാത് ➤ ജീസസ് യൂത്ത് തുടങ്ങിയവ. അനുപാതം - 30%, www.syromalabarmission.com.

### 23. ഓഫീസിൽ അടയ്ക്കേണ്ട തുകകൾ

2023-2024 പ്രവർത്തന വർഷത്തിൽ ഓഫീസിൽ അടയ്ക്കേണ്ട വിവിധ തുകകൾ (സ്റ്റുഡന്റ്സ് ഫണ്ട്, ചോദ്യപേപ്പർ, പാഠപുസ്തകങ്ങൾ, ഉപപാഠ പുസ്തകങ്ങൾ) ശേഖരിച്ച് ബാങ്ക് വഴി അടയ്ക്കണമെന്ന് ഓർമിപ്പിക്കുന്നു. താഴെ കൊടുത്തിരിക്കുന്ന അക്കൗണ്ടിലേയ്ക്കാണ് തുക ട്രാൻസ്ഫർ ചെയ്യേണ്ടത്. തുക ട്രാൻസ്ഫർ ചെയ്യുന്നവർ ഡയറക്ടറച്ചനെ ഫോൺ വഴി അറിയിക്കുകയോ വാട്സ്ആപ്പ് നമ്പറിലേക്ക് സന്ദേശം നൽകുകയോ ചെയ്യണം.

A/c Holder : Department of Catechesis
A/c No : 0078053000073503
IFSC : SIBL 0000078
Bank : South Indian Bank, Thalassery

### 24. ഡയറക്ടറച്ചൻമാരുടെ സന്ദർശനം

ഡയറക്ടറച്ചൻ വരക്കാട്, അങ്ങാടിക്കടവ്, അട്ടക്കണ്ടം, പെരിയ, പൊയ്നാച്ചി എന്നീ സൺഡേ സ്കൂളുകളിലും അസി. ഡയറക്ടറച്ചൻ നിർമ്മലഗിരി, ചെമ്പേരി എന്നീ സൺഡേ സ്കൂളുകളിലും സന്ദർശനം നടത്തി.

**ഫാ. ജേക്കബ് വെണ്ണായപ്പിള്ളിൽ**
*ഡയറക്ടർ*

# ബൈബിൾ അപ്പൊസ്തൊലേറ്റ്
## ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

**1. തിയോളജി കോഴ്സുകളിലേക്കുള്ള അഡ്മിഷൻ പൂർത്തിയായി**

2023-24 അധ്യയന വർഷത്തിൽ 400 ൽ പരം വിദ്യാർത്ഥികൾ ദൈവ ശാസ്ത്രത്തിൽ ബിരുദ-ബിരുദാനന്തര പഠനത്തിനും 150 ൽ അധികം വിദ്യാർത്ഥികൾ ഡിപ്ലോമ പഠനത്തിനുമായി പുതുതായി ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിൽ പ്രവേശിച്ചിട്ടുണ്ട്.

**2. ഒക്ടോബർ മാസത്തിലെ ക്ലാസ്സുകൾ**

**MTh**

01. വി. കുർബാനയുടെ ദൈവശാസ്ത്രം - *ഒക്ടോബർ 5 (മലയാളം)*

**3. ആൽഫ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ബിരുദദാന ചടങ്ങ് ഡിസംബർ 16 ശനിയാഴ്ച**

2020 ബാച്ചിൽ ദൈവശാസ്ത്രപഠനം വിജയകരമായി പൂർത്തിയാക്കിയ വിദ്യാർത്ഥികളുടെ ബിരുദദാനം 2023 ഡിസംബർ 16 ന് ശനിയാഴ്ച തലശ്ശേരി സന്ദേശഭവൻ ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെടുന്നു. രാവിലെ 9.00 ന് ചടങ്ങ് ആരംഭിക്കും. ബിരുദം സ്വീകരിക്കുന്ന എല്ലാ വിദ്യാർത്ഥികളും രാവിലെ 8.30 മണിയോടെ ചടങ്ങ് നടക്കുന്ന ഓഡിറ്റോറിയത്തിൽ എത്തിച്ചേർന്ന് തങ്ങളുടെ പേര് രജിസ്റ്റർ ചെയ്യണമെന്ന് ഓർമ്മിപ്പിക്കുന്നു. അവർ ധരിക്കേണ്ട കോൺവൊക്കേഷൻ വസ്ത്രവും ക്യാപ്പും രജിസ്റ്റർ ചെയ്യുമ്പോൾ നല്കുന്നതായിരിക്കും. 9.00 നുള്ള കോൺവൊക്കേഷൻ പ്രദക്ഷിണത്തിൽ പങ്കെടുക്കുന്നവർക്കു മാത്രമേ ഹാളിൽ പ്രവേശനം ലഭിക്കുകയുള്ളൂ. കോൺവൊക്കേഷൻ ഫീസായി 750 രൂപയാണ് വിദ്യാർത്ഥികൾ അടയ്ക്കേണ്ടത്.

**4. ലോഗോസ് ബൈബിൾ ക്വിസ് 2023**

ലോഗോസ് ബൈബിൾ ക്വിസിന്റെ അതിരൂപതാതല മത്സരം സെപ്റ്റംബർ 24-ാം തീയതി നടത്തി. 195 ഇടവകകളിൽ നിന്നായി 27070

പേരാണ് ഈ വർഷം രജിസ്ട്രേഷൻ നടത്തിയത്. ഇതിനായി പരിശ്രമിച്ച ബഹു. വികാരിയച്ചന്മാർക്കും മറ്റു ഭാരവാഹികൾക്കും അഭിനന്ദനങ്ങൾ.

**5. ലോഗോസ് ബൈബിൾ ക്വിസ് സെമിഫൈനൽ മത്സരം : നവംബർ 05 ഉച്ചകഴിഞ്ഞ് 2 മണിക്ക്. സ്ഥലം : കോഴിക്കോട്**

**1. സെമിഫൈനൽ പരീക്ഷയ്ക്കുള്ള പാഠ്യഭാഗങ്ങൾ**

| | |
|---|---|
| ജോഷ്വാ 13–24 | ലൂക്കാ 1–8 |
| പ്രഭാഷകൻ 27–33 | 2 കൊറി 1–6 |

2. കെ.സി.ബി.സി. വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ വർഷത്തെ ലഘുപഠനങ്ങൾ.

(മലയാളത്തിൽ പി.ഒ.സി. ബൈബിളും, ഇംഗ്ലീഷിൽ NRSV ബൈബിളും ഉപയോഗിക്കണം)

**മാനദണ്ഡങ്ങൾ**

1. ഓരോ വിഭാഗത്തിൽ നിന്നും ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്നവർക്കാണ് സെമിഫൈനൽ മത്സരത്തിന് അർഹതയുള്ളത്.

2. അവർ **ജനനസർട്ടിഫിക്കറ്റും** (വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയത്) ഇപ്പോഴത്തെ **അഡ്രസ്സും** ഓരോ **ഫോട്ടോയും ഇടവകയുടെ പേരും** അടക്കം ഒക്ടോബർ 15–ന് മുൻപായി ബൈബിൾ അപ്പൊസ്റ്റൊലേറ്റിൽ എത്തിക്കണം. **പ്രായവിഭാഗം തെറ്റിവരുന്നവരെ യാതൊരു കാരണവശാലും ഫൈനൽ പരീക്ഷയിൽ പങ്കെടുപ്പിക്കുന്നതല്ല.**

**6. സംസ്ഥാനതല മത്സരം: നവം. 18 ന്, പി.ഒ.സി യിൽ**

ഓരോ ഗ്രൂപ്പിലെയും 10 പേരടങ്ങിയ ഗ്രൂപ്പ് ഫൈനൽ മത്സരങ്ങൾ നവം. 18 നു രാവിലെ 9.30 ന് പി.ഒ.സി യിൽ ആരംഭിക്കും.

**7. ഭിന്നശേഷി വിഭാഗത്തിനുള്ള ഫൈനൽ മത്സരങ്ങൾ**

* ഭിന്നശേഷി വിഭാഗത്തിനുള്ള ഫൈനൽ മത്സരങ്ങൾ നവം.18 ന് പി. ഒ.സി യിൽ വച്ചു നടക്കുന്നതായിരിക്കും.

* പരീക്ഷയുടെ 85% ചോദ്യങ്ങളും അവർക്കു നൽകുന്ന 300 ചോദ്യങ്ങളടങ്ങിയ ചോദ്യാവലിയിൽ നിന്നുമായിരിക്കും. 15% ചോദ്യങ്ങൾ പഠനഭാഗത്തുനിന്നുള്ളതായിരിക്കും.

* രൂപതയിൽ നിന്നും ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന 10 പേരുടെ ലിസ്റ്റ് ആണ് പി.ഒ.സി യിലേക്കു നൽകേണ്ടത്.

* ആദം മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ ഭിന്നശേഷിക്കാരായ ആളുകളെ ലോഗോസ് പരീക്ഷയ്ക്ക് ഒരുക്കുന്ന പ്രിയപ്പെട്ട ജോർജ് കളരിമുറിയച്ചന് പ്രത്യേകം അഭിനന്ദനങ്ങൾ.

## 8. ലോഗോസ് ഫമിലിയ ക്വിസ്

1. ലോഗോസ് ഫമിലിയ ക്വിസ്സിൽ രൂപതയിൽ നിന്നും മൂന്നു പേരടങ്ങിയ ഒരു ടീമിനെ ഒക്ടോബർ 25-ന് മുൻപായി പി.ഒ.സി.യിൽ രജിസ്റ്റർ ചെയ്യണം. അതിനാൽ വിജയിക്കുന്ന ടീമംഗങ്ങളുടെ ജനന സർട്ടിഫിക്കറ്റും ഫോട്ടോയും (വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയത്) ഒക്ടോ. 15 നു മുമ്പായി തരേണ്ടതാണ്.

2. ഫമിലിയ ക്വിസിൽ, മൂന്നു പേരുടെ ടീമിൽ മാതാപിതാക്കളും ഒരു മകൻ/മകൾ അല്ലെങ്കിൽ അപ്പൻ രണ്ടു മക്കൾ/അമ്മ രണ്ടു മക്കൾ എന്ന വിധത്തിൽ ആയിരിക്കണം പങ്കെടുക്കേണ്ടേത്.

3. ലോഗോസ് ഫമിലിയ ക്വിസ് എഴുത്തു പരീക്ഷയായിരിക്കും.

4. ലോഗോസ് ഫമിലിയ ക്വിസ് നവംബർ 18 ന് രാവിലെ 9.30 ന് ആയിരിക്കും.

5. അതിരൂപതാ ലോഗോസ് ക്വിസിന്റെ റിസൾട്ട് ഒക്ടോബർ 10 നുള്ളിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും.

## 9. അഖില കേരള ബൈബിൾ കലോത്സവം

കെ.സി.ബി.സി ബൈബിൾ കമ്മീഷന്റെ ആഭിമുഖ്യത്തിൽ 2023 ഡിസംബർ 29,30 തീയതികളിൽ എറണാകുളം, തേവര സേക്രട്ട് ഹാർട്ട് കോളേജിൽ വച്ച് നടത്തപ്പെടുന്നു.

### 1). രചന മത്സരങ്ങൾ

1. മത്സരത്തിന് അയയ്ക്കുന്ന കൃതികൾ സ്വന്തവും സ്വതന്ത്രവുമായിരിക്കണം. അനുകരണമോ വിവർത്തനമോ മുൻപ് പ്രസിദ്ധീകരിച്ചിട്ടുള്ളതോ പ്രസിദ്ധീകരണത്തിന് എവിടെയെങ്കിലും ഏൽപ്പിച്ചിട്ടുള്ളതോ ആയിരിക്കരുത്.

2. രചനകളിൽ പേരോ വിലാസമോ എഴുതരുത്. **പേരും വിലാസവും രൂപതയുടെ പേരും മറ്റൊരു കടലാസിൽ എഴുതി പിൻ ചെയ്തിരിക്കണം.**

3. കടലാസിന്റെ ഒരു വശത്ത് മാത്രമേ എഴുതാവൂ. ചെറുകഥ 6 പേജുകളിലും (പ്രിന്റ് 3 പേജ്) ലേഖനം 10 പേജുകളിലും (പ്രിന്റ് 6 പേജ്) കവിത 60 വരികളിലും കവിയരുത്. ഏകാങ്കനാടകം 30 മിനിറ്റുകൊണ്ട് അവതരിപ്പിക്കുന്നതായിരിക്കണം.

4. രചനകൾ അയയ്ക്കുന്ന കവറിൽ അഖിലകേരള ബൈബിൾ കലോത്സവം 2023 എന്ന് എഴുതിയിരിക്കണം.

5. **മത്സരത്തിനയയ്ക്കുന്ന കൃതികൾ തിരിച്ചു നൽകുന്നതല്ല. കോപ്പികൾ ആവശ്യമുള്ളവർ മത്സരത്തിനയയ്ക്കുന്നതിനു മുൻപ് വേറെ കോപ്പി കരുത്തേണ്ടതാണ്.**

6. രചനകൾ 50 രൂപ രജിസ്ട്രേഷൻ ഫീസിനൊപ്പം സെക്രട്ടറി, ബൈബിൾ കമ്മീഷൻ, പി.ഒ.സി, പി.ബി നമ്പർ 2251, കൊച്ചി-682025 എന്ന വിലാസത്തിൽ

2023 നവംബർ 16 നു മുൻപ് ലഭിക്കത്തക്കവിധത്തിൽ അയയ്ക്കേണ്ടതാണ്. **ഈ തീയതിക്ക് ശേഷം ലഭിക്കുന്ന കൃതികൾ സ്വീകരിക്കുന്നതല്ല.**

7.സമ്മാനർഹമാകുന്ന കൃതികൾ ആദ്യം പ്രസിദ്ധീകരിക്കുവാനുള്ള അവകാശം കെ.സി.ബി.സി ബൈബിൾ കമ്മീഷനായിരിക്കും.

8. വിദഗ്ധരുടെ ഒരു സമിതിയായിരിക്കും രചനകൾ പരിശോധിക്കുന്നതും വിജയികളെ നിശ്ചയിക്കുന്നതും. സമിതിയുടെ തീരുമാനം അന്തിമമായിരിക്കും.

9. ലേഖന മത്സരം മൂന്നു ഗ്രൂപ്പുകൾക്കായിട്ടാണ് നടത്തപ്പെടുക.

ഗ്രൂപ്പ് നമ്പർ 1 : അല്മായർ

വിഷയം : **സിനഡാലിറ്റിയും സഭാനവീകരണവും**

ഗ്രൂപ്പ് നമ്പർ 2 : സെമിനാരി വിദ്യാർത്ഥികൾ

വിഷയം : **സിനഡാത്മകതയും സഭാജീവിതവും**

ഗ്രൂപ്പ് നമ്പർ 3 : സന്യാസിനികൾ

വിഷയം : **സിനഡാത്മകത ബൈബിളിൽ**

10. അവതരണ മത്സരങ്ങളോടൊപ്പമായിരിക്കും പെയിന്റിംഗ് മത്സരവും നടത്തുന്നത്. മത്സരസമയത്ത് ബൈബിളിൽ നിന്നും നല്കുന്ന വിഷയത്തിനനുസരിച്ചായിരിക്കണം പെയിന്റിംഗ് നടത്തേണ്ടത്. അതിനാവശ്യമായ എല്ലാ ഉപകരണങ്ങളും പങ്കെടുക്കുന്നവർ കൊണ്ടുവരേണ്ടതാണ്. പേപ്പർ സംഘാടകർ നൽകുന്നതാണ്. മത്സരത്തിന് വാട്ടർ കളറാണ് ഉപയോഗിക്കേണ്ടത്. മത്സരത്തിന്റെ സമയം 2 മണിക്കൂർ ആയിരിക്കും.

### 10. സഭാനവീകരണ വർഷധ്യാനം

കേരളസഭാ നവീകരണ വർഷാചരണത്തോടനുബന്ധിച്ച് നമ്മുടെ അതിരൂപതയിൽ നടത്തി വരുന്ന സഭാനവീകരണ ധ്യാനങ്ങൾ വിജയകരമായി നടന്നു വരുന്നു. 2023 ഡിസംബർ മാസം 7-10 തീയതികളിൽ കുന്നോത്തു ഫൊറോനയിലെ 13 ഇടവകകളിലും 14-17 തീയതികളിൽ എടൂർ ഫൊറോനയിലെ 8 ഇടവകകളിലും ധ്യാനം നടത്തുന്നു. ബഹുമാനപ്പെട്ട വികാരിയച്ചന്മാർ തങ്ങളുടെ ഇടവകകളിൽ ഹോം മിഷൻ, വീടു വെഞ്ചരിപ്പ്, ധ്യാനത്തിനൊരുക്കമായുള്ള പ്രാർത്ഥന, കുമ്പസാരം തുടങ്ങിയവയ്ക്കുള്ള ഒരുക്കങ്ങൾ നടത്താൻ ശ്രദ്ധിക്കുമല്ലോ.

### 11. റേമാ 2023

ഈ വർഷത്തെ ലോഗോസ് ബൈബിൾ ക്വിസ്സിന് നമ്മുടെ അതിരൂപതയിൽ നിന്നും മികച്ച പങ്കാളിത്തമാണ് ലഭിച്ചിരിക്കുന്നത്. അതുകൊണ്ടു തന്നെ അതിരൂപതാതലത്തിൽ പരമാവധി സമ്മാനങ്ങൾ നൽകുന്നതിനും വചന പഠനം പ്രോത്സാഹിപ്പിക്കുന്നതിനുമായി റേമാ 2023 എന്ന പേരിൽ ലോഗോസ്

ബൈബിൾ ക്വിസ്സിന്റെ അതിരൂപതാതല ഗ്രാന്റ് ഫിനാലെ നടത്തുന്നു. രണ്ടു ഘട്ടങ്ങളിലായാണ് ഈ ഗ്രാന്റ് ഫിനാലെ നടക്കുന്നത്. ഫൊറോന തലത്തി ൽ, പ്രായപരിധി നോക്കാതെ ഏറ്റവും കൂടുതൽ മാർക്കു നേടിയ രണ്ടു പേരട ങ്ങുന്ന 19 ടീമുകളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള എഴുത്തു പരീക്ഷയാണ് ഒന്നാം ഘട്ടം. രണ്ടാം ഘട്ടം - എഴുത്തു പരീക്ഷയിൽ ഉയർന്ന മാർക്കു നേടുന്ന 5 ടീമുകളെ പങ്കെടുപ്പിച്ചുകൊണ്ട് നടത്തുന്ന ഗ്രാന്റ് ഫിനാലെ.

* ലോഗോസ് പരീക്ഷയിൽ ഒരു ഫൊറോനയിൽ ഒന്നും രണ്ടും സ്ഥാനം നേടിയ വ്യക്തികളാണ് ഫൊറോനാതല സെമിഫൈനലിൽ ഒരു ടീമായി മത്സരിക്കേണ്ടത്.
* ഫൊറോനാതല സെമി ഫൈനലിലെ ആദ്യ അഞ്ചു സ്ഥാനക്കാർ ഗ്രാന്റ് ഫിനാലെയ്ക്ക് അർഹത നേടുന്നു.
* ഗ്രാന്റ് ഫിനാലെയിൽ ആദ്യ മൂന്നു സ്ഥാനങ്ങൾ നേടി വിജയികളാവുന്ന വർക്ക് 7000, 5000, 3000 രൂപയുടെ ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും 4, 5 സ്ഥാനക്കാർക്ക് 1500 രൂപയുടെ പ്രോത്സാഹനസമ്മാനവും നൽകുന്നതാണ്.
* ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട് പുറത്തിറക്കിയ ലോഗോസ് പഠനസഹായിയിൽ നിന്നായിരിക്കും 80% ചോദ്യങ്ങൾ നൽകുന്നത്.
* തീയതിയും സ്ഥലവും പിന്നീട് അറിയിക്കുന്നതാണ്.

### 12. വിശുദ്ധനാട് തീർത്ഥാടനം

നമ്മുടെ അതിരൂപതയിൽ നിന്നും ബഹു. വൈദികരുടെ നേതൃത്വത്തിൽ വിശുദ്ധ നാട് തീർത്ഥാടനം നടക്കുന്നത് അറിയാമല്ലോ. ബഹു. ജോർജ് വെള്ളരിങ്ങാട്ടച്ചൻ, ബഹു. ജോസഫ് കാവനാടിയച്ചൻ, ബഹു. മാത്യു ശാസ്താംപടവിലച്ചൻ, ബഹു. നോബിൾ ഓണംകുളം അച്ചൻ എന്നീ വൈദി കരുടെ നേതൃത്വത്തിൽ നടത്തുന്ന വിശുദ്ധനാട് തീർത്ഥാടനങ്ങൾ അഭിവന്ദ്യ പിതാവ് അതിരൂപതാ ബൈബിൾ അപ്പൊസ്റ്റൊലേറ്റിന്റെ കീഴിൽ ഏകോപി പ്പിച്ചിട്ടുണ്ട്. നമ്മുടെ പ്രിയപ്പെട്ട അച്ചന്മാരുടെ നേതൃത്വത്തിൽ നടക്കുന്ന വിശുദ്ധനാട് തീർത്ഥാടനത്തിൽ, താല്പര്യമുള്ളവരെ പങ്ക് ചേരാൻ പ്രോത്സാ ഹിപ്പിക്കുമല്ലോ. വിശദവിവരങ്ങൾക്ക് ബൈബിൾ അപ്പൊസ്റ്റൊലേറ്റുമായി ബന്ധപ്പെടാവുന്നതാണ്.

**ഫാ. ഫിലിപ്പ് കവിയിൽ**
*പ്രസിഡന്റ്, ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്*

**ഫാ. ടോം ഓലിക്കരോട്ട്**
*ഡയറക്ടർ, ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്,*
*ബൈബിൾ അപ്പൊസ്റ്റൊലേറ്റ്*

# ചിൽഡ്രൻ അപ്പൊസ്റ്റോലേറ്റ്
## ചെറുപുഷ്പ മിഷൻലീഗ്

സ്നേഹ ബഹു. അച്ചന്മാരെ, സിസ്റ്റേഴ്സ്, പ്രിയ മിഷനറിമാരെ,

ഒക്ടോബർമാസം അഖിലലോക മിഷൻ മദ്ധ്യസ്ഥയും സംഘടനയുടെ സ്വർഗീയ മദ്ധ്യസ്ഥയുമായ വി. കൊച്ചുത്രേസ്യായുടെ തിരുനാളും ജപമാല മാസാചരണവും, വി. ഫ്രാൻസിസ് അസീസ്സിയുടെ തിരുനാളും, മിഷൻ ഞായറും ആചരിക്കുന്ന മാസമാണല്ലോ. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ വിശ്വാസം പ്രഘോഷിക്കുന്ന മിഷനറിമാർക്ക് വേണ്ടിയും പല വിധത്തിൽ ദുരിതം അനുഭവിക്കുന്നവർക്കു വേണ്ടിയും ഈ മാസം പ്രത്യേകം പ്രാർത്ഥിക്കാം.

| | |
|---|---|
| അനുസ്മരിക്കുന്ന തിരുനാൾ | : കാവൽമാലാഖ, വി. കൊച്ചുത്രേസ്യായുടെ തിരുനാൾ |
| അനുസ്മരിക്കുന്ന വിശുദ്ധർ | : വി. കൊച്ചുത്രേസ്യാ, വി. ഫ്രാൻസീസ് അസ്സീസി, വി. അമ്മത്രേസ്യാ |
| പ്രാർത്ഥനാനിയോഗം | : ചെറുപുഷ്പ മിഷൻലീഗ് പ്രവർത്തകർക്കു വേണ്ടി |
| സുകൃതം | : 77 ത്രികാല ജപം |
| സുകൃതജപം | : എന്റെ ഈശോയെ ഞാൻ അങ്ങയെ ആരാധിക്കുന്നു. |
| വചനാമൃതം | : വി. ലൂക്കാ 7-ാം അദ്ധ്യായം |

### 1. ശാഖകൾ ശ്രദ്ധിക്കാൻ

1 ഞായർ: വി. കൊച്ചുത്രേസ്യായുടെ തിരുനാൾ, മിഷൻമാസാരംഭം, ശാഖയിൽ പതാക ഉയർത്തുന്നു, അംഗത്വ നവീകരണം, അസാധാരണസമ്മേളനം, പൊതുദിവ്യകാരുണ്യസ്വീകരണം.

2 തിങ്കൾ : കാവൽമാലാഖമാരുടെ തിരുനാൾ, അതിരൂപത കൗൺസിൽ വാർഷികം, സംസ്ഥാന വാർഷികം

3 ചൊവ്വ : ചെറുപുഷ്പ മിഷൻലീഗ് 77-ാം സ്ഥാപക ദിനം, പതാക വന്ദനം

4 ബുധൻ : വി. ഫ്രാൻസീസ് അസ്സീസിയുടെ തിരുനാൾ

12 വ്യാഴം : വി. അൽഫോൻസാമ്മയുടെ വിശുദ്ധപദവി ദിനാചരണം

14 ശനി : അതിരൂപത മിഷൻ കിസ്സ്

15 ഞായർ : വി. അമ്മത്രേസ്യായുടെ തിരുനാൾ

22 ഞായർ : മിഷൻ ഞായർ – അസാധാരണ സമ്മേളനം, പൊതുദിവ്യകാരുണ്യ സ്വീകരണം, പ്രേഷിത റാലി.

23 – 24 തിങ്കൾ/ചൊവ്വ : അതിരൂപതാ സംയുക്തകലോത്സവം

31 തിങ്കൾ: മിഷൻ മാസസമാപനം, മിഷൻഗ്രാമങ്ങൾക്ക് 5 മാസത്തെ സുകൃതങ്ങൾ, സാമ്പത്തികസഹായങ്ങൾ എന്നിവ അയച്ചു കൊടുക്കുന്നു.

**2. മേഖലകൾ ശ്രദ്ധിക്കാൻ**: എക്സിക്യൂട്ടീവ്, മിഷൻമാസാചരണ പദ്ധതികൾ, മിഷൻലീഗ് സ്ഥാപക ദിനം, മിഷൻ ഞായർ, അതിരൂപതാ സംയുക്ത കലോത്സവം, അതിരൂപതാ കൗൺസിൽ – വാർഷികം, സംസ്ഥാന വാർഷികം, അതിരൂപതാതല മിഷൻക്വിസ്സ്.

### 3. വി. കൊച്ചുത്രേസ്യായുടെ തിരുനാളും, സ്ഥാപകദിനവും, അംഗത്വ നവീകരണവും

ഒക്ടോബർ 1–ാം തിയതി വി. കൊച്ചുത്രേസ്യായുടെ തിരുനാളിനോടനുബന്ധിച്ച് അംഗത്വ നവീകരണം നടത്തുമല്ലോ. അതിരൂപതാതല അംഗത്വ നവീകരണവും സ്ഥാപക ദിനവും, വി. കൊച്ചുത്രേസ്യായുടെ തിരുനാളാഘോഷവും കരയത്തുംചാൽ ശാഖയിൽ വെച്ച് നടത്തപ്പെടുന്നതാണ്.

### 4. മിഷൻമാസാചരണം – മിഷൻ ഞായർ

ഒക്ടോബർ 1 മുതൽ 31 വരെ മിഷൻമാസമായി ആചരിക്കുകയും ഓരോ ദിവസവും പ്രത്യേക നിയോഗങ്ങളോടെ മിഷൻ ഗ്രാമങ്ങൾക്കും മിഷൻ പ്രവർത്തനങ്ങൾക്കും മിഷനറിമാർക്കുവേണ്ടിയും പ്രാർത്ഥിക്കാൻ കുട്ടികളെ ഓർമ്മിപ്പിക്കുകയും ഒക്ടോബർ 22–ാം തീയതി മിഷൻ ഞായർ സാഘോഷം കൊണ്ടാടുകയും ചെയ്യുമല്ലോ. അതിരൂപതാതലം വിളക്കന്നൂർ; ശാഖയിൽ വച്ച് മിഷൻ ഞായർ ആചരിക്കുന്നതായിരിക്കും. കൂടാതെ സാധിക്കുമെങ്കിൽ കുട്ടികളിൽ മിഷൻ ചൈതന്യവും പ്രേഷിതതീക്ഷ്ണതയും ഉജ്ജ്വലിക്കത്തക്കവിധം വി. കുർബ്ബാനയ്ക്ക് ശേഷം വി. കൊച്ചുത്രേസ്യായുടെ രൂപത്തിനു മുമ്പിൽ അനുദിനപ്രാർത്ഥന, മിഷൻ ഗ്രാമത്തിനുവേണ്ടി പ്രാർത്ഥന, പ്രാർത്ഥിക്കാൻ ലഭിച്ച മിഷൻ ഗ്രാമവുമായി സൗഹൃദബന്ധം തുടങ്ങിയവ നടത്തുകയും ചെയ്യുമല്ലോ. അതോടൊപ്പം **"വിളിയറിഞ്ഞ് ഒരുമയോടെ വിളഭൂമിയിലേക്ക്."** എന്ന ഈ വർഷത്തെ മിഷൻ ലീഗിന്റെ ആപ്തവാക്യത്തിന് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള പരിപാടികൾ ശാഖാ – മേഖലാ തലത്തിലും വ്യക്തിപരമായും നടത്തുവാൻ വേണ്ട കർമ്മപദ്ധതികൾ നടപ്പാക്കുമല്ലോ.

### 5. അതിരൂപതാ സംയുക്ത കലോസത്സവം

ഈ വർഷത്തെ അതിരൂപതാ സംയുക്ത കലോത്സവം ഒക്ടോബർ 23, 24 തിങ്കൾ, ചൊവ്വ എന്നീ ദിവസങ്ങളിലായി ചെമ്പേരി എൻജിനീയറിംഗ് കോളേജിൽ വച്ച് നടത്തപ്പെടുന്നു. അതിരൂപതാ സംയുക്ത കലോ

ത്സവത്തെ സംബന്ധിച്ച് നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ കൃത്യമായി പാലി ക്കുവാൻ ശാഖാ - മേഖലാ എക്സിക്യൂട്ടീവ് അംഗങ്ങൾ പ്രത്യേകം ശ്രദ്ധി ക്കുമല്ലോ. കലോത്സവത്തെ സംബന്ധിച്ച് എന്തെങ്കിലും സംശയം ഉള്ളവർ അതിരൂപതാ ഓഫീസുമായി ബന്ധപ്പെടുമല്ലോ.

**6. അതിരൂപതാ കൗൺസിൽ വാർഷികം, സംസ്ഥാന വാർഷികം**

ചെറുപുഷ്പ മിഷൻലീഗ് തലശ്ശേരി അതിരൂപതയുടെ 64-ാം വാർഷികവും കൗൺസിലും, സംസ്ഥാന വാർഷികവും ചെമ്പേരി വിമൽജ്യോതി എൻജി നീയറിംഗ് കോളേജിൽ വച്ച് ഈ വരുന്ന ഒക്ടോബർ 2-ാം തീയതി തിങ്കളാഴ്ച അതിരൂപതാ പ്രസിഡന്റിന്റെ അധ്യക്ഷതയിൽ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെയും, ദേശീയ-സംസ്ഥാന ഭാരവാഹികളുടെയും, വിവിധ രൂപതകളിൽ നിന്നുള്ള ഭാരവാഹികളുടെയും മഹനീയ സാന്നിധ്യത്തിൽ നടത്തപ്പെടുന്നു. 2022-2023 പ്രവർത്തന വർഷം അതിരൂപതാതലത്തിൽ ഗോൾഡൻ സ്റ്റാർ, സിൽവർസ്റ്റാർ, മിഷൻ സ്റ്റാർ കരസ്ഥമാക്കിയ ശാഖകൾ ക്കും മേഖലകൾക്കുമുള്ള ട്രോഫിയും ക്യാഷ് അവാർഡുകളും മിഷൻലീ ഗിലൂടെ വളർന്ന് മികച്ച നേട്ടങ്ങൾ കൈവരിച്ചവരെ ആദരിക്കുന്ന ചടങ്ങും, ശ്രീ. ജെയ്സൺ മർക്കോസ് പ്രേഷിത അവാർഡ്ദാനവും രാവിലെ നടക്കുന്ന അതിരൂപതാ കൗൺസിൽ വാർഷികസമ്മേളനത്തിൽ വച്ച് നടക്കുന്നതായി രിക്കും. ഈ ആഘോഷ പരിപാടികളിൽ മുഴുവൻ ശാഖാ മേഖലാ ഭാരവാ ഹികളും വൈസ് ഡയറക്ടേഴ്സും പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. രജിസ്ട്രേഷൻ ഫീസ് ഒരു കുട്ടിക്ക് 100 രൂപ വീതം കൊണ്ടുവരുവാൻ ശ്രദ്ധി ക്കുമല്ലോ. അതോടൊപ്പം ഉച്ചകഴിഞ്ഞ് നടക്കുന്ന സംസ്ഥാനവാർഷികത്തിൽ എല്ലാ ശാഖകളിൽനിന്നും മുഴുവൻ കുട്ടികളെയും പങ്കെടുപ്പിക്കുമല്ലോ.

**പ്രോഗ്രാം:** 9 am രജിസ്ട്രേഷൻ, 9.15 am വി. കുർബ്ബാന, 10 am പതാക ഉയർത്തൽ, 10.15 am അതിരൂപത കൗൺസിൽ വാർഷികം ഉദ്ഘാടനം, അവാർഡ് ദാനം, ആദരിക്കൽ, മിഷൻജ്യോതി പ്രകാശനം, ബെസ്റ്റ് ശാഖാ - മേഖല സമ്മാന ദാനം, 12.30 pm ഉച്ച ഭക്ഷണം, 1.30 pm സംസ്ഥാന വാർഷികം, പൊതുസമ്മേളനം, 3.30 pm പ്രേഷിത റാലി, 4.30 pm ചായ. പ്രോഗ്രാമിന് മാറ്റ് കൂട്ടുവാൻ വിവിധകലാപരിപാടികൾ ഉണ്ടായിരിക്കും.

**7. കൈയ്യെഴുത്ത് മാസിക**

ശാഖകളിൽ കൈയ്യെഴുത്ത് മാസിക നിർമ്മാണ പ്രവർത്തനങ്ങൾ ആരം ഭിച്ചുകാണുമെന്ന് കരുതുന്നു. ഈ വർഷത്തെ പഠനവിഷയമായ **"വിളിയ റിഞ്ഞ് ഒരുമയോടെ വിളഭൂമിയിലേക്ക്."** എന്ന വിഷയത്തെ ആസ്പദമാ ക്കിയുള്ള രചനകൾ നിർബന്ധമായും മാസികയിൽ ഉണ്ടായിരിക്കണം. മേഖ ലകളിൽ ഒന്നാം സ്ഥാനം കിട്ടുന്ന കൈയ്യെഴുത്ത് മാസിക ഓഫീസിൽ ലഭി ക്കേണ്ട അവസാന തീയതി ജനുവരി 26 ആയിരിക്കും. (കൈയ്യെഴുത്ത് മാസിക നിർമ്മാണത്തെക്കുറിച്ചുള്ള നിബന്ധനകൾ മാർഗ്ഗരേഖ പേജ് 57, 58 കാണുക.)

**8. പ്രബന്ധരചനാ മത്സരം**

ചെറുപുഷ്പ മിഷൻലീഗ് തലശ്ശേരി അതിരൂപത സുവർണ്ണ ജൂബിലി സ്മാരക അവാർഡിനായി അതിരൂപതാ തലത്തിൽ 18 വയസ്സിൽ താഴെ പ്രായമുള്ള മിഷൻലീഗ് അംഗങ്ങൾക്കായി പ്രബന്ധരചനാ മത്സരം നടത്തുന്നു. പ്രബന്ധം സമർപ്പിക്കാനുള്ള അവസാന തീയതി നവംബർ 30. പ്രബന്ധരചനാ മത്സരത്തെക്കുറിച്ചുള്ള നിബന്ധനകൾ മാർഗ്ഗരേഖ പേജ് 60, സെപ്റ്റംബർ മാസത്തെ ഗിരിദീപം പേജ് 31 എന്നിവ കാണുക.

**9. ആൽബം**

**"വിളിയറിഞ്ഞ് ഒരുമയോടെ വിളഭൂമിയിലേക്ക്."** എന്ന വിഷയത്തെ ആസ്പദമാക്കി ശാഖകളിൽ നിന്ന് മേഖലയിൽ എത്തിക്കുന്ന ആൽബങ്ങളിൽ ഒന്നാം സ്ഥാനം ലഭിക്കുന്ന ആൽബം നവംബർ 30 ന് മുമ്പ് അതിരൂപതാ ഓഫീസിൽ എത്തിക്കണമെന്നകാര്യം ഓർമ്മിപ്പിക്കട്ടെ. ആൽബ നിർമ്മാണത്തെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക് സെപ്റ്റംബർ മാസത്തെ ഗിരിദീപം പേജ് 30, മാർഗ്ഗരേഖ പേജ് 61 കാണുക.

**10. ക്ലിക്ക് ഷോട്ട്: ഷോർട്ട് ഫിലീം**

5-ാം ക്ലാസ്സ് മുതൽ 12-ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്കായി നടത്തുന്ന ക്ലിക്ക് ഷോട്ട്: ഷോർട്ട് ഫിലീം മത്സരത്തിൽ പങ്കെടുക്കുന്നവർ ക്ലിക്ക് ഷോട്ട് പെൻഡ്രൈവിൽ ആക്കി നവംബർ 30 ന് മുമ്പ് അതിരൂപതാ ഓഫീസിൽ എത്തിക്കുമല്ലോ. (കൂടുതൽ വിവരങ്ങൾക്ക് സെപ്റ്റംബർ മാസത്തെ ഗിരിദീപം പേജ് 30, 31, മാർഗ്ഗരേഖ പേജ് 59 എന്നിവ കാണുക.

**11. പൂമ്പാറ്റ ആംഗ്യപ്പാട്ട് :** 5-ാം ക്ലാസ്സ് മുതൽ 10-ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്കായി നടത്തുന്ന പൂമ്പാറ്റ ആംഗ്യപ്പാട്ട് മത്സരത്തിൽ പങ്കെടുക്കുന്നവർ ആംഗ്യപ്പാട്ട് പെൻഡ്രൈവിൽ ആക്കി നവംബർ 30 ന് മുമ്പ് അതിരൂപതാ ഓഫീസിൽ എത്തിക്കുമല്ലോ. (കൂടുതൽ വിവരങ്ങൾക്ക് സെപ്റ്റംബർ മാസത്തെ ഗിരിദീപം പേജ് 31, മാർഗ്ഗരേഖ പേജ് 59, 60 എന്നിവ കാണുക.

**12. അതിരൂപതാ വിഹിതങ്ങൾ**

ഈ വർഷത്തെ വാർഷിക വിഹിതവും (500) അംഗത്വഫീസും 5-ാം ക്ലാസ്സ് മുതൽ 12-ാം ക്ലാസ് വരെയുള്ള എല്ലാ അംഗങ്ങൾക്കും (5 രൂപ വീതം) അടയ്ക്കാനുള്ളവരും കഴിഞ്ഞവർഷത്തെ കുടിശ്ശിക അടയ്ക്കാനുള്ളവരും എത്രയും പെട്ടന്ന് അടച്ച് സഹകരിക്കുമല്ലോ.

**13. മിഷൻകലണ്ടർ :** ഈ വർഷത്തെ മിഷൻ കലണ്ടർ ഒക്ടോബർ ആദ്യത്തെ ആഴ്ച ശാഖകൾ നൽകിയ എണ്ണമനുസരിച്ച് മേഖലകളിൽ എത്തിക്കുന്നതും മേഖലകൾ അവരുടെ നേതൃത്വത്തിൽ ശാഖകളിൽ എത്തിക്കുന്നതുമായിരിക്കും. ഒരു മിഷൻ കലണ്ടറിന്റെ തുക 10 രൂപയാണ് എന്ന കാര്യം സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

**14. മിഷൻ പച്ചക്കറിത്തോട്ടം :** മിഷൻ പച്ചക്കറിത്തോട്ട മത്സരത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന ശാഖകൾ ഒക്ടോബർ 30 ന് മുമ്പ് ഓഫീ

സിൽ പേര് രജിസ്റ്റർ ചെയ്യണം. പേര് രജിസ്റ്റർ ചെയ്യാത്തവരെ മത്സരത്തിന് പരിഗണിക്കുന്നതല്ല. പച്ചക്കറിത്തോട്ടമത്സരങ്ങളെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ ഓഗസ്റ്റ് മാസത്തെ ഗിരിദീപം പേജ് 45, മാർഗ്ഗരേഖ പേജ് 60 എന്നിവ കാണുക.

**15. ശാഖാ സന്ദർശനങ്ങൾ**

അതിരൂപതാ ഭാരവാഹികൾ ഒക്ടോബർ മാസം ചെമ്പന്തൊട്ടി (ഒക്ടോബർ -1), തളിപ്പറമ്പ് (ഒക്ടോബർ-8), വായാട്ടുപ്പറമ്പ് (ഒക്ടോബർ - 15), ആലക്കോട് (ഒക്ടോബർ-22), മേരിഗിരി (ഒക്ടോബർ-29), എന്നീ മേഖലകളിലെ ശാഖകൾ സന്ദർശിക്കുന്നതാണ് എന്നകാര്യം ഓർമ്മപ്പെടുത്തുന്നു. അന്നേ ദിവസം ശാഖാ വൈസ്ഡയറക്ടേഴ്സ് ശാഖകളിൽ വേണ്ട ക്രമീകരണങ്ങൾ ചെയ്യുവാൻ ശ്രദ്ധിക്കുമല്ലോ.

**16. വചനാമൃതം :** കുട്ടികൾ വചനം വായിക്കുന്നതിനും, വചനം പഠിക്കുന്നതിനുമായി വചനാമൃതം എന്നപേരിൽ ഈ മാസം വി. ലൂക്കാ 7 അദ്ധ്യായങ്ങൾ നൽകിയിരിക്കുന്നു. കുട്ടികൾക്ക് ഈ വചനഭാഗം വായിക്കാനും പഠിക്കാനും വേണ്ട ക്രമീകരണങ്ങൾ ശാഖാ - മേഖലാ തലത്തിൽ നൽകുമല്ലോ.

**17. അതിരൂപതാതല ടെലിക്വിസ് മത്സരം**

കുട്ടികളിൽ വചനത്തോടുള്ള ആഭിമുഖ്യം വളർത്തുവാനും ദൈവവചനം പഠിക്കുവാനുമായി അതിരൂപതയുടെ നേതൃത്വത്തിൽ നടക്കുന്ന ടെലിക്വിസ് മത്സരത്തിൽ പങ്കെടുക്കുന്ന പ്രിയപ്പെട്ട കൊച്ചുകൂട്ടുകാർക്കും സമ്മാനാർഹരായവർക്കും അവരെ അതിനായി ഒരുക്കുന്ന മാതാപിതാക്കൾക്കും, മതാധ്യാപകർക്കും, സിസ്റ്റേഴ്സിനും അതിരൂപതാകുടുംബത്തിന്റെ നന്ദി. അതോടൊപ്പം **ഒക്ടോബർ മാസം നടത്തപ്പെടുന്ന മത്സരത്തിൽ പങ്കെടുക്കേണ്ട തീയതിയും, റീജിയണുകളുടെ പേരും, വിളിക്കേണ്ട നമ്പറുകളും ചുവടെകൊടുക്കുന്നു.**

**പഠനഭാഗം :** വി. ലൂക്കായുടെ സുവിശേഷം 9 മുതൽ 16 വരെയും, നിയമാവർത്തന പുസ്തകം 1 മുതൽ 15 വരെയുമുള്ള അദ്ധ്യായങ്ങൾ.

- ഫോൺ വിളിക്കേണ്ട സമയം ഓരോ റീജിയണും തന്നിരിക്കുന്ന ദിവസം 5 മണി മുതൽ 6 മണി വരെ മാത്രം ആയിരിക്കും.
- 08-10-23 ഞായറാഴ്ച : ഇരിട്ടി റീജിയൺ (മണിക്കടവ്, നെല്ലിക്കാംപൊയിൽ, കുന്നോത്ത്, എടൂർ, പേരാവൂർ എന്നീ മേഖലകൾ)<br>വിളിക്കേണ്ട നമ്പർ : **9495345038**
- 15-10-23 ഞായറാഴ്ച : ചെമ്പേരി റീജിയൺ (ചെമ്പേരി, തളിപ്പറമ്പ്, ചെമ്പന്തൊട്ടി, പൈസക്കരി എന്നീ മേഖലകൾ)<br>വിളിക്കേണ്ട നമ്പർ : **9446916439**
- 22-10-23 ഞായറാഴ്ച : ആലക്കോട് റീജിയൺ (ആലക്കോട്, വായാട്ടുപറമ്പ്, മേരിഗിരി, ചെറുപുഴ എന്നീ മേഖലകൾ)<br>വിളിക്കേണ്ട നമ്പർ : **9496357819**

- 29-10-23 ഞായറാഴ്ച : കാഞ്ഞങ്ങാട് റീജിയൺ (കാസർഗോഡ്, കാഞ്ഞങ്ങാട്, പനത്തടി, തോമാപുരം, വെള്ളരിക്കുണ്ട്, മാലോം എന്നീ മേഖലകൾ) വിളിക്കേണ്ട നമ്പർ : **9048340650**

**17. അതിരൂപതാ മിഷൻക്വിസ്സ് മത്സരം**

കലോത്സവത്തോടൊപ്പം എല്ലാവർഷവും നടത്തിവരുന്ന അതിരൂപതാതല മിഷൻ ക്വിസ്സ് മത്സരം ഈ വർഷം ഒക്ടോബർ 14-ാം തീയതി ശനിയാഴ്ച തളിപ്പറമ്പ് വച്ച് ആയിരിക്കും നടത്തപ്പെടുക... ഓരോ വിഭാഗത്തിലും മേഖലകളിൽ ഒന്നാം സ്ഥാനം കിട്ടുന്ന ആൺകുട്ടിക്കും, പെൺകുട്ടിക്കും അതിരൂപതാ മത്സരത്തിൽ പങ്കെടുക്കാവുന്നതാണ് എന്നകാര്യം ഓർമ്മപ്പെടുത്തട്ടെ. അതിരൂപതാ മിഷൻക്വിസ്സ് മത്സരത്തിന് മുമ്പ് മേഖലകളിൽ മത്സരം നടത്തി ലിസ്റ്റ് ഒക്ടോബർ 5 ന് മുമ്പ് അതിരൂപതാ ഓഫീസിൽ എത്തുക്കുമല്ലോ. ക്വിസ്സിനെ സംബന്ധിച്ച് സംശയം ഉള്ളവർ അതിരൂപതാ ഓഫീസുമായി ബന്ധപ്പെടുമല്ലോ.

**18 . ഫാ. ജോസഫ് മാലിപ്പറമ്പിൽ അനുസ്മരണവും, ഡയറക്ടേഴ്സ് ദിനാചരണവും - അതിരൂപതാതലം**

10-09-2023 ഞായറാഴ്ച നിർമ്മലഗിരി ശാഖയിൽ വച്ച് അതിരൂപതാതല ഫാ. ജോസഫ് മാലിപ്പറമ്പിൽ അനുസ്മരണവും ഡയറക്ടേഴ്സ് ദിനാചരണവും നടത്തി. ഫാ. ജോസഫ് മാലിപ്പറമ്പിൽ അനുസ്മരണത്തിന് വേണ്ട ക്രമീകരണങ്ങൾ നടത്തിയ നിർമ്മലഗിരി ശാഖാ ഡയറക്ടർ ബഹു. തോമസ് തെക്കേമുറി അച്ചനും എക്സിക്യൂട്ടീവ് അംഗങ്ങൾക്കും മതാധ്യാപകർക്കും അതിരൂപതാ കുടുംബത്തിന്റെ നന്ദി.

**19. ഫാ. ജോസഫ് മാലിപ്പറമ്പിൽ അനുസ്മരണം - സംസ്ഥാനതലം**

സെപ്റ്റംബർ 10-ാം തീയതി ശനിയാഴ്ച ആർപ്പൂക്കരയിൽ വെച്ച് നടന്ന ഫാ. ജോസഫ് മാലിപ്പറമ്പിൽ അനുസ്മരണ സമ്മേളനത്തിൽ അതിരൂപതാ ഭാരവാഹികൾ പങ്കെടുത്തു.

**20. സാഹിത്യ ശില്പശാല :** അതിരൂപതാതല സാഹിത്യമത്സര വിജയികൾക്ക് സംസ്ഥാനതല മത്സരത്തിനൊരുക്കമായി സംഘടിപ്പിച്ച സാഹിത്യ ശില്പശാല സെപ്റ്റംബർ 21 ന് സന്ദേശഭവനിൽ വച്ച് നടന്നു. നിർമ്മലഗിരി കോളേജ് മലയാളം പ്രൊഫസർ ഫാ. ഫിലിപ്പ് കാരക്കാട്ട് ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

**21. സംസ്ഥാന സാഹിത്യ മത്സരം :** 22-ാം തീയതി വെള്ളിയാഴ്ച ശ്രീപുരം പാസ്റ്ററൽ സെന്ററിൽ വച്ച് നടന്ന സംസ്ഥാന സാഹിത്യമത്സരത്തിൽ അതിരൂപതയിൽ നിന്ന് 42 കുട്ടികൾ പങ്കെടുത്തു. മത്സരത്തിന് അതിരൂപതാതലത്തിൽ വിജയികളായവരെ പറഞ്ഞയച്ചതിന് മേഖലാ - ശാഖാ ഡയറക്ടേഴ്സ് വൈസ് ഡയറക്ടേഴ്സ് എന്നിവർക്ക് പ്രത്യേകം നന്ദി.

**ഫാ. ജോസഫ് വടക്കേപ്പറമ്പിൽ**

# തിരുബാലസഖ്യം

സ്നേഹ ബഹുമാനപ്പെട്ട അച്ചന്മാരെ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

പരിശുദ്ധ അമ്മയുടെ മദ്ധ്യസ്ഥം പ്രത്യേകം യാചിക്കേണ്ട മാസമല്ലോ ഈ മാസം. അമ്മയുടെ സംരക്ഷണവും അനുഗ്രഹവും ലഭിക്കുവാനായി കൂടുതൽ ജപമാലചൊല്ലി പ്രാർത്ഥിക്കുവാൻ കൊച്ചുകൂട്ടുകാരെല്ലാവരും ശ്രദ്ധിക്കുമല്ലോ.

അനുസ്മരിക്കുന്ന തിരുനാൾ : വി. കൊച്ചുത്രേസ്യായുടെ തിരുനാൾ
അനുസ്മരിക്കുന്ന വിശുദ്ധർ : വി. അമ്മത്രേസ്യാ, കാവൽ മാലാഖ
പ്രാർത്ഥനാനിയോഗം : എല്ലാ അമ്മമാർക്കുംവേണ്ടി
സുകൃതംജപം : ഈശോയെ ഞാൻ നിന്നെ സ്നേഹിക്കുന്നു.
വചനം : നിങ്ങൾ എന്നിൽ വസിക്കുവിൻ, ഞാൻ നിങ്ങളിലും വസിക്കും (വി. യോഹ. 15:4)
*പ്രവൃത്തി* : 10 ദിവസത്തെ വി.കുർബാനയിലും കൊന്തനമസ്കാരത്തിലും കുട്ടികളെ പങ്കെടുപ്പിക്കുക; ജപമാല ചൊല്ലാൻ കുട്ടികളെ പഠിപ്പിക്കുക.
മനപാഠമാക്കുക : ജപമാല കാണാതെ ചൊല്ലാൻ കുട്ടികളെ പഠിപ്പിക്കുക.
എയ്ഞ്ചൽസ് ബീറ്റ്സ് : ശാഖാ തലത്തിൽ വചനം പറയൽ മത്സരം നടത്തുക.

**1. ശാഖകൾ ശ്രദ്ധിക്കാൻ**

1 ഞായർ : വി. കൊച്ചുത്രേസ്യായുടെ തിരുനാൾ,
2 തിങ്കൾ : കാവൽമാലാഖമാരുടെ തിരുനാൾ
4 ബുധൻ : വി. ഫ്രാൻസീസ് അസ്സീസിയുടെ തിരുനാൾ
12 ഞായർ : വി. അമ്മത്രേസ്യായുടെ തിരുനാൾ
22 ഞായർ : മിഷൻ ഞായർ
31 ചൊവ്വ : ജപമാലമാസ സമാപനം

**2. ഈശോയെപ്പോലെ എളിമയിൽ വളരാം...**

ഈ മാസം നമുക്ക് ഈശോയെപ്പോലെ എളിമയിൽ വളരാം എന്ന മൂന്നാം അധ്യായം പഠിക്കാം. ഈശോ മാതാപിതാക്കൾക്ക് വിധേയനായി എളിമയിൽ ആണ് ജീവിച്ചത്. തന്നേക്കാൾ മുതിർന്നവരോട് ഈശോ എളിമയോടെ ബഹുമാനപൂർവ്വം പെരുമാറിയിരുന്നു. ജീവിതകാലത്ത് ഉണ്ടായ സഹനങ്ങൾ എളിമയോടെ സ്വീകരിച്ചു. കൂട്ടുകാരെ, നമുക്കും ഈശോയെപ്പോലെ എളിമയോടെ മറ്റുള്ളവർക്ക് വിധേയപ്പെട്ട് ജീവിക്കാം.

**3. നിറം കൊടുക്കാമോ?**

പ്രിയ കൂട്ടുകാരെ, ഈശോയെപ്പോലെ എളിമയുള്ളവരാകാം എന്ന മൂന്നാം അധ്യായത്തിലെ പേജ് 19 ലെ ചിത്രം ക്രയോൺസ് ഉപയോഗിച്ച് മനോഹരമായി കളർചെയ്ത് ഏറ്റവും നല്ല 3 എണ്ണം ഒക്ടോബർ 20 ന് മുമ്പ് അതിരൂപതയിലേക്ക് അയച്ച് തരുമല്ലോ.

**4. വഴി കാട്ടാമോ?**

പ്രിയ കൂട്ടുകാരെ, ഈശോയെപ്പോലെ എളിമയുള്ളവരാകാം എന്ന മൂന്നാം അധ്യായത്തിലെ പേജ് 20 ലെ വഴി കാട്ടാമോ? എന്ന ചിത്രം പൂരിപ്പിച്ച് നല്ല 3 എണ്ണം ഒക്ടോബർ 20 ന് മുമ്പ് അതിരൂപതയിലേക്ക് അയച്ച് തരുമല്ലോ.

**5. ശാഖാ സന്ദർശനങ്ങൾ**

അതിരൂപതാ ഭാരവാഹികൾ ഒക്ടോബർ മാസം ചെമ്പന്തൊട്ടി (ഒക്ടോബർ - 1), തളിപ്പറമ്പ് (ഒക്ടോബർ-8), വായാട്ടുപ്പറമ്പ് (ഒക്ടോബർ - 15), ആലക്കോട് (ഒക്ടോബർ-22), മേരിഗിരി (ഒക്ടോബർ-29) എന്നീ മേഖലകളിലെ ശാഖകൾ സന്ദർശിക്കുന്നതാണ് എന്നകാര്യം ഓർമ്മപ്പെടുത്തുന്നു. തിരുബാലസഖ്യം ആനിമേറ്റേഴ്സ് അന്നേ ദിവസം തിരുബാലസഖ്യം റെക്കോഡുകൾ കൃത്യമായി എഴുതി സൂക്ഷിക്കുകയും ശാഖകളിൽ വേണ്ട ക്രമീകരണങ്ങൾ ചെയ്യുവാൻ ശ്രദ്ധിക്കുകയും ചെയ്യുമല്ലോ.

**6. നിറംകൊടുക്കാമോ? സെപ്റ്റംബർ മാസത്തെ വിജയികൾ**

| | | |
|---|---|---|
| I | ഹെൽന റോസ് ചെമ്മരാപ്പള്ളി | - കനകക്കുന്ന് |
| II | ഡാൽവിൻ വടുതലക്കുഴിയിൽ | - മുണ്ടാന്നൂർ |
| III | റ്റെസ്സ കിഴക്കരക്കാട്ട് | - തിരുമേനി |

**7. വഴികാട്ടാമോ ? സെപ്റ്റംബർ മാസത്തെ വിജയികൾ**

| | | |
|---|---|---|
| I | ടോം ചിന്താർമണിയിൽ | - പാടിയോട്ടുചാൽ |
| II | ഐറിൻ പാലറയ്ക്കൽ | - കീഴ്പ്പള്ളി |
| III | ദിയ പുതുമനഅറയ്ക്കൽ | - കാവുന്തല |

**ഫാ. ജോസഫ് വടക്കേപ്പറമ്പിൽ**
*ഡയറക്ടർ*

# യൂത്ത് അപ്പൊസ്റ്റോലേറ്റ്

"യുവജനങ്ങളെ, നിങ്ങൾ അന്വേഷിക്കുന്ന സന്തോഷത്തിന്റെ പേരാണ് ക്രിസ്തു". *(ബെനഡിക്ട് പതിനാറാമൻ പാപ്പ)*

പ്രിയപ്പെട്ടവരെ,

ജപമാലമാസത്തിലേക്ക് നാം പ്രവേശിക്കുകയാണല്ലോ. പരിശുദ്ധ അമ്മയോട് ചേർന്ന് ജപമാല ഭക്തിയിൽ വളരാനും നമ്മുടെ പ്രവർത്തനങ്ങൾ ക്രോഡീകരിക്കാനും പരിശ്രമിക്കുമല്ലോ.

**അമ്മയോടൊപ്പം - (Live Rosary For Ten Days)**

അതിരൂപതാ കെസിവൈഎം-ന്റെ നേതൃത്വത്തിൽ പരിശുദ്ധ അമ്മയോടൊത്ത് ജപമാല ചൊല്ലി പ്രാർത്ഥിക്കുന്ന ഓൺലൈൻ ജപമാല വാരാചരണം ഒക്ടോബർ മാസത്തിൽ നടത്തപ്പെടുന്നതാണ്.

മാതാവിന്റെ നാമധേയത്വത്തിലുള്ള 10 പള്ളികളിൽ വൈകുന്നേരം നടത്തപ്പെടുത്തുന്ന ജപമാലയിൽ യുവജനങ്ങൾ നേതൃത്വം കൊടുക്കുന്നു. ഈ ജപമാല പ്രാർത്ഥന നമ്മുടെ ചാനലുകളിൽ സംപ്രേക്ഷണം ചെയ്യുന്നതാണ്.

**മിഷൻ മാണ്ഡ്യ - മിഷൻ അനുഭവ സന്ദേശ യാത്ര**

കെസിവൈഎം തലശ്ശേരി അതിരൂപതയുടെ മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി അതിരൂപതാ സമിതിയുടെ നേതൃത്വത്തിൽ കർണാടകയിലെ മാണ്ഡ്യ മിഷൻ സന്ദർശിച്ചു. മാണ്ഡ്യ രൂപതയിലെ വ്യത്യസ്ത പള്ളികളും, എം എസ് റ്റി സഭാസമൂഹത്തിന്റെ മിഷൻ സ്റ്റേഷനുകളും, ഗ്രാമങ്ങളും സംഘം സന്ദർശിച്ചു.

ആതുരശുശ്രൂഷാരംഗത്തും സാമൂഹ്യ സേവനരംഗത്തും മിഷനറിമാർ ചെയ്യുന്ന പ്രവർത്തനങ്ങളെ യുവജനങ്ങൾ അഭിനന്ദിച്ചു. ഡയറക്ടർ ഫാ. ജിൻസ് വാളിപ്ലാക്കൽ, പ്രസിഡണ്ട് ചിഞ്ചു വട്ടപ്പാറ, അതിരൂപതാ സമിതി അംഗങ്ങൾ, ആനിമേറ്റർമാർ തുടങ്ങിയവരുടെ

നേതൃത്വത്തിൽ 25 ഓളം വരുന്ന യുവജനസംഘമാണ് മിഷൻ യാത്രയിൽ പങ്കുചേർന്നത്.

**ഗ്രോട്ടോ ആക്രമിച്ചതിൽ പ്രതിഷേധം**

പേരാവൂർ ഫൊറോനയിലെ എടത്തൊട്ടി പള്ളിയിലെ വിശുദ്ധ യൂദാ ശ്ലീഹായുടെ ഗ്രോട്ടോ കത്തിച്ചതുമായി ബന്ധപ്പെട്ട ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി. തലശ്ശേരി അതിരൂപത കെസിവൈഎം. മതസൗഹാർദ്ദം പുലരുന്ന പേരാവൂർ മേഖലയിൽ ഇത്തരം അതിക്രമങ്ങൾ മനഃസാക്ഷിക്കു നിരക്കുന്നതല്ലെന്ന് യോഗത്തിൽ അധ്യക്ഷത വഹിച്ചുകൊണ്ട് പ്രസിഡന്റ് ചിഞ്ചു വട്ടപ്പാറ പറഞ്ഞു. സമാധാന അന്തരീക്ഷം കാത്തുസൂക്ഷിക്കാൻ നിയമപാലകർ നടപടിയെടുക്കണമെന്ന് പ്രതിഷേധയോഗം ഉദ്ഘാടനം ചെയ്തു ഡയറക്ടർ ഫാ. ജിൻസ് പറഞ്ഞു. അതിരൂപതാ ജനറൽ സെക്രട്ടറി നിഖിൽ സാബു, വൈസ് പ്രസിഡണ്ട് ലിനറ്റ് മരിയ അതിരൂപ സമിതി അംഗങ്ങൾ യുവജന നേതാക്കൾ തുടങ്ങിയവർ പ്രതിഷേധ യോഗത്തിൽ പങ്കെടുത്തു.

**31-ാമത് വാർഷിക സമ്മേളനം**

തലശ്ശേരി അതിരൂപത കെസിവൈഎമ്മിന്റെ 31-ാമത് വാർഷിക സമ്മേളനം ചെമ്പേരി വിമൽജ്യോതി എൻജിനീയറിങ് കോളേജിൽ വച്ച് നടത്തപ്പെട്ടു.

സെപ്റ്റംബർ പതിനേഴാം തീയതി ഞായറാഴ്ച രാവിലെ 9 മണിക്ക് പതാക ഉയർത്തലോടെ ആരംഭിച്ച സെനറ്റ് സമ്മേളനത്തിന് അതിരൂപതാ പ്രസിഡന്റ് ചിഞ്ചു വട്ടപ്പാറ അധ്യക്ഷത വഹിച്ചു. എൻജിനീയറിങ് കോളേജിന്റെ മാനേജർ ബഹു. ജെയിംസ് ചെല്ലങ്കോട്ടച്ചൻ സെനറ്റ് സമ്മേളനം ഉദ്ഘാടനം ചെയ്തു. അതിരൂപത ജനറൽ സെക്രട്ടറി സ്വാഗതവും ഡയറക്ടർ ഫാ. ജിൻസ് ആമുഖപ്രഭാഷണവും വൈസ് പ്രസിഡണ്ട് റിജു മാത്യു നന്ദിയും പറഞ്ഞു. അതിരൂപതാ സമിതിയുടെ പ്രോഗ്രാമുകൾ ഏറ്റെടുത്ത് നടത്തിയ വിവിധ ഫൊറോനകളെ ആദരിച്ചു.

19 ഫൊറോനയിലെ റിപ്പോർട്ടുകൾ അവതരിപ്പിച്ചു. തുടർന്ന് അതിരൂപത സമിതിയുടെ റിപ്പോർട്ടും വരവ് ചെലവ് കണക്കുകളും സെനറ്റിൽ അവതരിപ്പിച്ച് പാസാക്കി. ഉച്ചയ്ക്കുശേഷം നടന്ന ഇലക്ഷനിൽ 2023-24 വർഷത്തേക്കുള്ള സമിതിയെ യോഗം തെരഞ്ഞെടുത്തു. ഡയറക്ടർ ഫാ. ജിൻസ് വാളിപ്ലാക്കൽ തെരഞ്ഞെടുക്കപ്പെട്ട ഭാരവാഹികൾക്ക് കെസിവൈഎം സംഘടനയുടെ പ്രതിജ്ഞ വാചകം ചൊല്ലിക്കൊടുത്തു.

വ്യത്യസ്ത വിഷയങ്ങളിലുള്ള രണ്ട് പ്രമേയങ്ങൾ അവതരിപ്പിച്ചശേഷം നടന്ന സംഘടനാ ചർച്ച കഴിഞ്ഞ് സമാപന സമ്മേളനത്തോടുകൂടി 31-ാമത് അർദ്ധവാർഷിക സെനറ്റ് സമാപനം കുറിച്ചു.

## പ്രമേയങ്ങൾ അവതരിപ്പിച്ചു

കെസിവൈഎം 31-ാമത് വാർഷിക സെനറ്റ് സമ്മേളനത്തിൽ രണ്ട് പ്രമേയങ്ങൾ സമർപ്പിച്ചു. പഠനത്തിനും ജോലിക്കുമായി വിദേശത്തേക്ക് കുടിയേറുന്ന യുവജനങ്ങളുടെ സാഹചര്യങ്ങളും കേരളത്തിൽ തൊഴിൽ കണ്ടെത്താൻ പരിശ്രമിക്കേണ്ട ആവശ്യകതയും ചേർത്ത് കാസർഗോഡ് പ്രസിഡന്റ് ഫെബിൻ ചിറയിൽ ഒന്നാമത്തെ പ്രമേയം അവതരിപ്പിച്ചു.

ലഹരിവസ്തുക്കളുടെ ഉപയോഗം വഴി ഉണ്ടാകുന്ന ദുരന്തമുഖത്തെ പ്പറ്റിയും സാമൂഹ്യതിന്മകളെക്കുറിച്ചും അവബോധമുള്ളവർ ആയിരിക്കാനും സമുദായ സ്നേഹത്തിൽ യുവജനങ്ങൾ വളരേണ്ടതിനെക്കുറിച്ചും പേരാവൂർ ഫൊറോനയിൽനിന്നുള്ള അംഗം വിപിൻ മാറാകാട്ടുക്കുന്നേൽ രണ്ടാമത്തെ പ്രമേയം അവതരിപ്പിച്ചു.

## സ്നേഹാദരവ്

2023-24 സമിതിയുടെ മീഡിയ മനോഹരമായി കൈകാര്യം ചെയ്ത റോണിറ്റ് പള്ളിപ്പറമ്പിൽ, ആൻഡേഴ്സൺ മേച്ചരിക്കുന്നേൽ, അഗസ്റ്റിൻ ടോം, എബിൻ ഷാജു, ജേക്കബ് ചെമ്പന്തൊട്ടി തുടങ്ങിയവരെ ആദരിച്ചു.

## ബെസ്റ്റ് ഫൊറോന അവാർഡ്

2022-23 സമിതിയുടെ ആറുമാസക്കാലത്തെ റിപ്പോർട്ടുകൾ പഠിച്ചതിനു ശേഷം ബെസ്റ്റ് ഫൊറോനാ അവാർഡുകൾ പ്രഖ്യാപിച്ചു. അവാർഡുകൾക്ക് അർഹരായ ചെമ്പേരി, വെള്ളരിക്കുണ്ട്, നെല്ലിക്കാംപൊയിൽ ഫൊറോന കൾക്ക് അഭിനന്ദനങ്ങൾ.

## തലശ്ശേരി അതിരൂപത കെ സി വൈ.എമ്മിന് പുതിയ ഭാരവാഹികൾ

കെ.സി.വൈ.എം. തലശ്ശേരി അതിരൂപതയുടെ 2023-24 പ്രവർത്തന വർഷത്തെ ഭാരവാഹികളെ തെരഞ്ഞെടുത്തു.

പ്രസിഡന്റായി നെല്ലിക്കാംപൊയിൽ ഫൊറോനാംഗം അഖിൽ ചാലിൽപുത്തൻപുരയിൽ തെരെഞ്ഞെടുക്കപ്പെട്ടു. ജനറൽ സെക്രട്ടറിയായി അഖിൽ ആയിലുക്കുന്നേലിനെ തിരഞ്ഞെടുത്തു. വൈസ് പ്രസിഡന്റുമാരായി അനു മറ്റത്തിൽ (മാലോം ഫൊറോനാ), റോണിറ്റ് പള്ളിപ്പറമ്പിൽ (എടൂർ ഫൊറോന), സെക്രട്ടറിമാരായി സിന്റോ തറപ്പിൽ (പൈസക്കരി ഫൊറോന), റോസ് തോട്ടത്തിൽ (പനത്തടി ഫൊറോന), ട്രഷറർ എബിൻ കാഞ്ഞിര ത്തിങ്കൽ (ചെമ്പന്തൊട്ടി ഫൊറോന) എന്നിവരേയും കൗൺസിലർമാരായി ജിയോൺ പതാലിപ്ലാവിൽ (തളിപ്പറമ്പ ഫൊറോന), സാന്ദ്രാ എട്ടാനിയിൽ (വായാട്ടുപറമ്പ ഫൊറോന) എന്നിവരെ തിരഞ്ഞെടുത്തു.

**ഹൃദയം നിറഞ്ഞ നന്ദിയോടെ...**

തലശ്ശേരി അതിരൂപത കെസിവൈഎം-നെ 2022-23 വർഷക്കാലം ധീരമായി നയിച്ച ചിഞ്ചു വട്ടപ്പാറയുടെ നേതൃത്വത്തിലുള്ള സമിതിക്ക് ഹൃദയംഗമായ നന്ദി അറിയിക്കുന്നു. വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങളിലൂടെയും അടിയുറച്ച നിലപാടുകളിലൂടെയും യുവജന പ്രസ്ഥാനത്തിന്റെ നന്മയെ വരച്ചു കാണിക്കുവാൻ സാധിച്ചു. വിഴിഞ്ഞം ദുരിതമുഖത്ത് ഐക്യദാർഢ്യം, ലഹരിക്കെതിരെ അഗ്നിശലഭങ്ങൾ എന്ന തെരുവ നാടകം അതിരൂപത സമിതിയുടെ 30 വർഷത്തെ ഭാരവാഹികളെ സംഗമം നസ്രാണി മങ്ക എന്ന വിധത്തിൽ പ്രോഗ്രാമുകൾ സംഘടിപ്പിച്ചതും അതിരൂപതയിൽ 162 ഓളം ഇടവകകളിലേക്ക് കടന്നുചെന്ന ടീ ടൈം എന്ന പ്രോഗ്രാമം, ചെറുപുഴയിൽ വച്ച് നടന്ന മഹായുവജന സംഗമം, ചരിത്രത്തിന്റെ ഭാഗമായ ഇരിട്ടയിൽ വച്ച് നടന്ന ബോൺ നത്താലേ ക്രിസ്തുമസ്സ് പാപ്പാസംഗമവും അതിരൂപ സമിതിയുടെ വ്യത്യസ്തങ്ങളായ തീരം, കാടോരം ക്യാമ്പുകളും വ്യത്യസ്ത ദിനാചരണങ്ങളും പ്രതിഷേധ പ്രകടനങ്ങളും ഈ സമിതിയുടെ എടുത്തു പറയേണ്ട പ്രധാനപ്പെട്ട പ്രവർത്തനങ്ങളാണ്. കെസിവൈഎം സംസ്ഥാന സമിതിയുടെ അർദ്ധ വാർഷിക സെനറ്റിന് നേതൃത്വം കൊടുത്തത് തുടങ്ങി നിരവധി മറ്റ് പ്രവർത്തനങ്ങളും സമിതിയുടെ പ്രവർത്തന മികവിനെ എടുത്തു കാട്ടുന്നതായിരുന്നു. തങ്ങളുടെ സമയവും സാഹചര്യവും അതിരൂപത യുവജന പ്രസ്ഥാനത്തിന് സമർപ്പിച്ച എല്ലാവരെയും അഭിമാനത്തോടും നന്ദിയോടും ഓർക്കുന്നു.

ജനറൽ സെക്രട്ടറിയായിരുന്ന നിഖിൽ സാബു, ട്രഷറർ ജോയൽ പുതുപ്പറമ്പിൽ വൈസ് പ്രസിഡന്റുമാരായ റിജു മാത്യു, ലിനറ്റ് മരിയ സെക്രട്ടറിമാരായിരുന്ന അഖിൽ ഡോമിനിക്ക്, സ്നേഹ സെബാസ്റ്റ്യൻ സംസ്ഥാന സിൻഡിക്കേറ്റ് അംഗങ്ങളായിരുന്ന അമൽ ജോയ്, അൽന ആൻറണി തുടങ്ങിയ എല്ലാവരെയും അതിരൂപതാ സമിതി നന്ദിയോടെ ഓർക്കുന്നു...

**ഫാ. തോമസ് വാളിപ്ലാക്കൽ**
*ഡയറക്ടർ*

# ഫാമിലി അപ്പൊസ്റ്റോലേറ്റ്

ദൈവകൃപ നിറഞ്ഞ, സുദൃഢമായ ബന്ധങ്ങൾ സൂക്ഷിക്കുന്ന കുടുംബങ്ങളിൽ, അവരുടെ എല്ലാ ദൈനംദിന പ്രയാസങ്ങളോടും കഷ്ട പ്പാടുകളോടും ആനന്ദങ്ങളോടും പ്രതീക്ഷകളോടുമൊത്ത് കർത്താവിന്റെ അനുഗ്രഹപ്രദമായ സാന്നിധ്യം വസിക്കുന്നുണ്ട്. കൂടെ നിതാന്തം വസിക്കുന്ന ദൈവത്തെ സ്വന്തം കുടുംബത്തിലും അതിന്റെ വിവിധങ്ങളായ ശുശ്രൂഷാ മേഖലകളിലും കണ്ടെത്തുവാനും, അവിടുത്തെ കൃപയോട് പരിപൂർണ്ണമായി സഹകരിക്കാനും കുടുംബങ്ങളെ സഹായിക്കുക എന്നതാണ് നമ്മുടെ ദൗത്യം.

## I. മാര്യേജ് പ്രിപ്പറേഷൻ കോഴ്സ് (എം.പി.സി)

**MPC 2023**

| | |
|---|---|
| October 19-21 | (Thursday - Saturday) Thalassery |
| November 16-18 | (Thursday - Saturday) Padannakkad |
| December 14-16 | (Thursday - Saturday) Thalassery |

**Time Schedule :**

- കോഴ്സിന്റെ ഒന്നാംദിവസം രാവിലെ 9 മണിക്ക് രജിസ്ട്രേഷനോടെ ആരംഭിച്ച് മൂന്നാം ദിവസം വൈകിട്ട് 4.00 ന് എം.പി.സി സമാപിക്കുന്നു.
- എം.പി.സി കോഴ്സ് കൂടാനായി ആഗ്രഹിക്കുന്നവർ **www.familytly.com** എന്ന വെബ് സൈറ്റിൽ രജിസ്റ്റർ ചെയ്യാൻ വികാരിയച്ചന്മാർ ഓർമ്മിപ്പിക്കുമല്ലോ. എം.പി.സിയുടെ ഫീസ് **1600** രൂപയായിരിക്കും. Online Registration ചെയ്യുമ്പോൾ Reg. Fee 600 രൂപ അടയ്ക്കേണ്ടതാണ്. കോഴ്സിനു വരുമ്പോൾ ബാക്കി 1000 രൂപ കൊണ്ടുവരേണ്ടതാണ്.

- കോഴ്സിൽ പങ്കെടുക്കുന്നവർ അപേക്ഷാഫോം ഡൗൺലോഡ് ചെയ്ത് പ്രിന്റ് ഔട്ട് എടുത്ത് വികാരിയച്ചന്റെ ഒപ്പും സീലും വച്ച് കൊണ്ടുവരേണ്ടതാണ്.
- 2024 ജനുവരി മുതൽ അവസാനദിവസം നടക്കുന്ന മാതാപിതാക്കളുടെ ക്ലാസ്സ് പുനഃരാരംഭിക്കുന്നതാണ്.
- അടുത്ത വർഷത്തെ എം.പി.സി കോഴ്സിന്റെ തീയതികൾ താഴെ കൊടുക്കുന്നു

| MPC 2024 | | | |
|---|---|---|---|
| January | 02-04 | (Tuesday, Thursday) | Thalassery |
| January | 23-25 | (Tuesday, Thursday) | Thalassry |
| February | 15-17 | (Thursday, Saturday) | Padannakkad |
| March | 14-16 | (Thursday, Saturday) | Thalassery |
| April | 02-04 | (Tuesday, Thursday) | Thalassery |
| April | 18-20 | (Thursday, Saturday) | Padannakkad |
| May | 16-18 | (Thursday, Saturday) | Thalassery |
| June | 13-15 | (Thursday, Saturday) | Thalassery |
| July | 18-20 | (Thursday, Saturday) | Padannakkad |
| August | 22-24 | (Thusday, Saturday) | Thalassery |
| September | 19-21 | (Thursday, Saturday) | Padannakkad |
| October | 17-19 | (Thursday, Saturday) | Thalassery |
| November | 14-16 | (Thursday, Saturday) | Padannakkad |
| December | 19-21 | (Thursday, Saturday) | Thalassery |

## II. മാതൃവേദി

**a)** അതിരൂപതാ സെനറ്റ് മീറ്റിംങ്ങ് ആഗസ്റ്റ് 26ന് രാവിലെ 10.00 മണിമുതൽ ഉച്ചക്ക് 1.00 മണി വരെ തളിപ്പറമ്പ് ഓഡിറ്റോറിയത്തിൽ വച്ച് നടന്നു. സംഘടനയുടെ വിവിധങ്ങളായ പ്രവർത്തനങ്ങൾ പ്ലാൻ ചെയ്തു. ഓണാഘോഷമത്സരങ്ങളും നടത്തി.

**b) ഭവന വെഞ്ചിരിപ്പ്**

തലശ്ശേരി അതിരൂപത മാതൃവേദി, അഭിവന്ദ്യ ഞറളക്കാട്ട് പിതാവിന്റെ സുവർണ്ണ ജൂബിലി സ്മാരകമായി ബെഡൂർ ഇടവകയിൽ തോപ്പിൽ സോളമനും സൗമിനിക്കും പണിണു നല്കിയ വീടിന്റെ വെഞ്ചിരിപ്പ് കർമ്മം അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവ് സെപ്റ്റംബർ 9ന് നിർവഹിച്ചു.

**c) പ്രവർത്തന മാർഗ്ഗരേഖ - ഒക്ടോബർ 2023**

**ഒക്ടോബർ 1 :** കൊച്ചുത്രേസ്യ നാമധാരികൾക്ക് ആശംസകൾ നേരുക. ഇടവകയിൽ നിന്നും മിഷനറിമാരായി വിവിധ ഇടങ്ങളിൽ സേവനം ചെയ്യുന്നവരെ വിളിച്ച് ആശംസകൾ നേരുക.

**ഒക്ടോബർ 2 :** കാവൽമാലാഖമാരുടെ മാധ്യസ്ഥം തേടി പ്രാർത്ഥിക്കുക. ഗാന്ധിജയന്തിയോടനുബന്ധിച്ച് ഇടവകയിലെ പൊതു സ്ഥാപനങ്ങൾ ശുചീകരിക്കാൻ അമ്മമാർ മുൻകൈയ്യെടുക്കുക.

**ഒക്ടോബർ 4 :** ഫ്രാൻസീസ് അസ്സീസ്സിയുടെ തിരുനാൾ - മാർപാപ്പയ്ക്ക് വേണ്ടി പ്രാർത്ഥിക്കുക.

**ഒക്ടോബർ 7 :** ജപമാല രാജ്ഞിയുടെ തിരുനാൾ ദിനത്തിൽ വിവിധങ്ങളായ വസ്തുക്കൾ ഉപയോഗിച്ച് ക്രിയേറ്റീവായി ജപമാല നിർമ്മിച്ച് അതിന്റെ വീഡിയോ അയ്ക്കുക.

**ഒക്ടോബർ 10 :** മാനസികാരോഗ്യദിനത്തിൽ മാനസികാരോഗ്യം വർദ്ധിപ്പിക്കാനായി ഒരു വെബിനാർ 6.00pm Dr. Sr. Johnet MSMI, Director Navadarsan Counselling Centre Mangattuparamba ക്ലാസ്സ് നയിക്കുന്നു.

**ഒക്ടോബർ 11 :** പെൺകുട്ടികളുടെ ദിനം - എല്ലാ പെൺകുട്ടികളെയും സവിശേഷമായി ആദരിക്കുക.

**ഒക്ടോബർ 12 :** ലോകകാഴ്ച്ച ദിനം - നിർദ്ധനരായ അമ്മമാരിലൊരാൾക്ക് ഒരു കണ്ണട വാങ്ങി നല്കുക.

**ഒക്ടോബർ 15 :** അമ്മത്രേസ്യായുടെ തിരുനാൾ ദിനം - അമ്മത്രേസ്യായുടെ സൂക്തങ്ങൾ വായിച്ച് പഠിക്കുന്നു. ത്രേസ്യാ നാമധാരികളെ ആദരിക്കുന്നു.

**ഒക്ടോബർ 16 :** ലോകഭക്ഷ്യദിനം - ഒരു നേരത്തെ ഭക്ഷണം നല്കുന്നു.

**ഒക്ടോബർ 18 :** വി. ലൂക്കായുടെ തിരുനാൾ - ലൂക്കായുടെ സുവിശേഷം 1-ാം അദ്ധ്യായം വായിക്കുക.

**ഒക്ടോബർ 22 :** വി. ജോൺപോൾ രണ്ടാമന്റെ തിരുനാൾ ദിനം - ദാമ്പത്യ പ്രശ്നം അനുഭവിക്കുന്നവർക്ക് വേണ്ടി പ്രത്യേകം പ്രാർത്ഥിക്കുക. പ്രബന്ധമത്സരം.

**ഒക്ടോബർ 28 :** വി. ശിമയോന്റെയും, യൂദാതദേവൂസിന്റെയും തിരുനാൾ സമുചിതമായി ആചരിക്കുക. വി. മത്തായിയുടെ സുവിശേഷം 10:1-10 വായിക്കുക. നൊവേന ചൊല്ലി പ്രാർത്ഥിക്കുക.

**പൊതുപ്രവർത്തനങ്ങൾ**

- ജപമാലയുടെ പ്രാധാന്യവും ശക്തിയും വിശദമാക്കുന്ന 3 മിനിറ്റ് ദൈർഘ്യമുള്ള വീഡിയോ സന്ദേശം ഏറ്റവും ആകർഷകവും അർത്ഥവത്തും ആയ വിധത്തിൽ 9400206974 എന്ന വാട്സാപ്പ് നമ്പറിൽ അയച്ചു തരിക.
- എല്ലാ ഫൊറോനകളിലും ഒരു മാസം നീണ്ടുനിൽക്കുന്ന അഖണ്ഡ ജപമാല നടത്തുവാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്യുക

- 23,24 തീയതികളിൽ നടക്കുന്ന അതിരൂപത കലോത്സവം ഏറ്റവും മനോഹരമാക്കുവാൻ ഫൊറോനകളുടെ നേതൃത്വത്തിൽ സഹകരിക്കുക.

## d) അതിരൂപതാ സാഹിത്യ മത്സരങ്ങൾ

ഈ വർഷത്തെ സാഹിത്യമത്സരങ്ങൾ ഒക്ടോബർ 2ന് 19 മേഖലകളിലായി ഫൊറോന - അതിരൂപത തലങ്ങൾ ഒന്നിച്ചു നടത്തപ്പെടുന്നു. ജൂനിയർ, സീനിയർ വിഭാഗങ്ങളായിട്ടായിരിക്കും മത്സരങ്ങൾ നടത്തുക. മത്സരനിബന്ധനകൾക്കായി 2019 ലെ മാതൃവേദി മാർഗ്ഗരേഖ നോക്കി മനസ്സിലാക്കുമല്ലോ.

**സാഹിത്യ മത്സര ഇനങ്ങൾ**

**കവിതാരചന (1 മണിക്കൂർ, 2 പേജ്)**

**സാധ്യതാ വിഷയങ്ങൾ**

1. മാതൃത്വത്തിന്റെ മാധുര്യം
2. മറിയം എന്ന നന്മനിറഞ്ഞ അമ്മ
3. മണിപ്പൂരിൽ മാനം നഷ്ടമായ മഹിളകൾ

**പ്രബന്ധരചന (2 മണിക്കൂർ, 5 പേജ്)**

**സാധ്യതാ വിഷയങ്ങൾ**

1. മണിപ്പൂർ കലാപം ഭാരതത്തിലെ ക്രൈസ്തവർക്ക് നല്കുന്ന സൂചന
2. മതവിദ്വേഷം വളർത്തി വർഗ്ഗീയ മുതലെടുപ്പ് നടത്തുന്ന രാഷ്ട്രീയം ഭാരതത്തിന്റെ ശാപം
3. മത്താ 10:22 എന്റെ നാമം മൂലം നിങ്ങൾ സർവ്വരാലും ദോഷിക്കപ്പെടും. അവസാനം വരെ സഹിച്ചു നിൽക്കുന്നവൻ രക്ഷപ്പെടും.

**പെൻസിൽ ഡ്രോയിംഗ് (2 മണിക്കൂർ)**

**സാധ്യാതാവിഷയങ്ങൾ**

1. പീയെത്ത
2. തിരുകുടുംബം
3. കുരിശിൻ ചുവട്ടിലെ അമ്മ

**ക്വിസ്സ് മത്സരം (70 ചോദ്യങ്ങൾ, 2 മണിക്കൂർ)**

- ചോദ്യങ്ങൾക്ക് അപ്പോൾതന്നെ ഉത്തരമെഴുതേണ്ടതാണ്
- ജൂനിയർ, സീനിയർ വിഭാഗങ്ങളായിട്ടാണ് മത്സരം

**അറിയിപ്പുകൾ**

1) മത്സരത്തിൽ പങ്കെടുക്കുന്നവർക്ക് യൂണിഫോം, ബാഡ്ജ്, ഫോട്ടോ പതിച്ച അംഗത്വകാർഡ് എന്നിവ ഉണ്ടായിരിക്കണം.
2) മത്സരങ്ങൾ ഒക്ടോബർ 2ന് രാവിലെ 10 മണിക്ക് ആരംഭിക്കും.
3) ഓരോ യൂണിറ്റിൽ നിന്നും ജൂനിയർ/സീനിയർ വിഭാഗങ്ങളിൽ ഒരാൾക്ക് മത്സരത്തിൽ പങ്കെടുക്കാം

4) ഒരു വ്യക്തിക്ക് ഒരു ഇനത്തിൽ മാത്രമേ പങ്കെടുക്കാൻ കഴിയൂ.
5) മത്സര വിജയിക്ക് മാർക്കിനോടൊപ്പം ഗ്രേഡും നല്കുന്നതാണ്.
6) വികാരിയച്ചന്റെ ഒപ്പും, പള്ളിയുടെ സീലുമുള്ള മത്സരാർത്ഥികളുടെ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.
8) രജിസ്ട്രേഷൻ ഫീസ് - ഒരിനത്തിന് 50 രൂപ
9) അതതു യൂണിറ്റുകളിൽ നിന്നുള്ള അതിരൂപത വിഹിതം മേഖലകളിൽ കളക്ട് ചെയ്ത് രൂപതാ മത്സരത്തിനു മുമ്പായി അടയ്ക്കേണ്ടതാണ്.

**e) ആഗസ്റ്റ് സെപ്റ്റംബർ മാസങ്ങളിൽ നടത്തിയ വിവിധമത്സരങ്ങളുടെ ഫലം ചുവടെ ചേർക്കുന്നു.**

| | | |
|---|---|---|
| **ഫോട്ടോഗ്രാഫി മത്സരം** | | |
| ഒന്നാം സമ്മാനം - പ്രീതി സജീഷ് തേക്കുംതോട്ടം | - കാര്യപ്പള്ളി | |
| രണ്ടാം സമ്മാനം - ലിൻസി ആനശ്ശേരിൽ | - ബളാൽ | |
| മൂന്നാം സമ്മാനം - സവിത ജോളി കുരുമ്പയിൽ | - മാട്ടറ | |
| **പ്രോത്സാഹന സമ്മാനം** | | |
| മഞ്ജു സജി | - ഉദയപുരം | |
| ടെസ്സി ജോസ് അറയ്ക്കൽ | - ബളാൽ | |
| തങ്കമ്മ വെട്ടത്ത് | - പൈസക്കരി | |
| ആശ കൊല്ലംകുന്നേൽ | - പരപ്പ | |
| **മദർതെരേസ അനുകരണ മത്സര വിജയികൾ** | | |
| ഒന്നാം സമ്മാനം | - മേഴ്സി കൂട്ടമാക്കൽ | - അരവഞ്ചാൽ |
| രണ്ടാം സമ്മാനം | - റോസമ്മ കുറ്റ്യാത്ത് | - ജോസ്ഗിരി |
| മൂന്നാം സമ്മാനം | - കുസുമം ഇമ്മാനുവേൽ | - വിളക്കന്നൂർ |
| **മരിയൻ ഭക്തിഗാനം** | | |
| ഒന്നാം സമ്മാനം | - വിമലശ്ശേരി | |
| രണ്ടാം സമ്മാനം | - കോളയാട് | |
| മൂന്നാം സമ്മാനം | - എടൂർ | |

**f) 2023 ജനുവരി മുതൽ ജൂലൈ വരെ വിവിധ മാതൃവേദി യൂണിറ്റുകൾ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി ചിലവഴിച്ച തുക മേഖലതലത്തിൽ ചുവടെ ചേർക്കുന്നു.**

| | | |
|---|---|---|
| ആലക്കോട് | - | 1,25,500.00 |
| ചെമ്പന്തൊട്ടി | - | 2,17,810.00 |
| ചെമ്പേരി | - | 5,75,000.00 |
| ചെറുപുഴ | - | 2,61,250.00 |
| എടൂർ | - | 1,43,500.00 |
| കാഞ്ഞങ്ങാട് | - | 2,20,546.00 |
| കാസർഗോഡ് | - | 87,800.00 |

| | | |
|---|---|---|
| കുന്നോത്ത് | – | 1,27,000.00 |
| മേരിഗിരി | – | 4,19,650.00 |
| മണിക്കടവ് | – | 1,85,500.00 |
| മാലോം | – | 3,66,760.00 |
| നെല്ലിക്കാംപൊയിൽ | – | 3,31,400.00 |
| പൈസക്കരി | – | 3,96,068.00 |
| പനത്തടി | – | 3,29,950.00 |
| പേരാവൂർ | – | 2,54,445.00 |
| തളിപ്പറമ്പ് | – | 1,93,856.00 |
| തോമാപുരം | – | 2,65,130.00 |
| വായാട്ടുപറമ്പ് | – | 17,03,135.00 |
| വെള്ളരിക്കുണ്ട് | – | 1,79,750.00 |

## III) സഖറിയാസ് കൺവെൻഷൻ

സെപ്റ്റംബർ മാസത്തിൽ "സഖറിയാസ് കൺവെൻഷൻ" മാലോം, ആലക്കോട് ഫൊറോനകളിൽ യഥാക്രമം 11,12,13 & 26,27,28 തീയതികളിലായി നടന്നു. മാലോത്ത് 370 പേരും ആലക്കോട് 450 പേരും കൺവെൻഷനിൽ സംബന്ധിച്ചു.

**ഒക്ടോബർ മാസത്തിൽ "സഖറിയാസ് കൺവെൻഷൻ"**

| മേഖല | തീയതി |
|---|---|
| കാഞ്ഞങ്ങാട് | 11,12,13 |
| മണിക്കടവ് | 16,17,18 |

60 വയസ്സിനു മുകളിൽ പ്രായമുള്ള എല്ലാവരെയും കൺവെൻഷനിൽ പങ്കെടുപ്പിക്കാൻ ശ്രദ്ധിക്കണേ.

## IV) സീറോമലബാർ മാട്രിമോണി

സീറോമലബാർ സഭയിലെ എല്ലാ രൂപതകളുമായി ലിങ്ക് ചെയ്തുകൊണ്ട് പ്രവർത്തിക്കുന്ന മാട്രിമോണിയിൽ രജിസ്റ്റർ ചെയ്യാൻ syromalabarmatrimony.org എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഓഫീസുമായി ബന്ധപ്പെടുക. ഫോൺ : 9400206974, 8078122191

## V) പ്രശാന്തി കൗൺസിലിംഗ് സെന്റർ

അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ കുടുംബബന്ധങ്ങളുടെ ശാക്തീകരണം ഉദ്ദേശിച്ച് ഒരു കൗൺസിലിംഗ് സെന്റർ പ്രവർത്തിക്കുന്നു. വ്യക്തികൾക്കും കുടുംബങ്ങൾക്കും കൗൺസിലിംഗിനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്. ഇടവകകളിൽ ഏതെങ്കിലും തരത്തിൽ പ്രശ്നങ്ങൾ അഭി

മുഖീകരിക്കുന്ന കുടുംബങ്ങൾ ഉണ്ടെങ്കിൽ ഈ സൗകര്യം ഉപയോഗപ്പെടുത്താവുന്നതാണ് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

Phone : 9400206974, 8078122191

## VI) അമല പ്രോലൈഫ്

അമല പ്രോലൈഫ് എക്സിക്യൂട്ടീവ് അംഗങ്ങളുടെ യോഗം ബഹുമാനപ്പെട്ട ആശാരിപ്പറമ്പിൽ സണ്ണിച്ചേട്ടന്റെ വീട്ടിൽ വെച്ച് ഒക്ടോബർ 2ന് ഉച്ച കഴിഞ്ഞ് 2.30ന് നടത്തുവാൻ തീരുമാനിച്ചു. പ്രോലൈഫ് പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുവാനായി മേഖലാതലപ്രവർത്തകരെ സജീവമാക്കാൻ എക്സികുട്ടീവ് അംഗങ്ങളെ ഫൊറോന തിരിച്ച് ചുമതലപ്പെടുത്തി. എല്ലാ മാസവും മൂന്നാമത്തെ ഞായറാഴ്ച്ച എക്സിക്യൂട്ടീവ് മീറ്റിംഗ് ചേരുവാൻ തീരുമാനിച്ചു.

### പ്രോലൈഫ് മാരേജ് ബ്യൂറോ

മലബാർ മേഖല പ്രോലൈഫ് സമിതി നടത്തുന്ന ബ്യൂറോ പെൺകുട്ടികൾക്ക് സൗജന്യ രജിസ്ട്രേഷൻ, ആൺകുട്ടികൾക്ക് രജി.ഫീ 500 രൂപ നാല് മാസത്തേക്ക്.

Web Site: www.prolifemarry.com

## VII) സീറോ മലാബാർ ഗ്ലോബൽ മാതൃവേദി

സെപ്റ്റംബർ 4,5 തീയതികളിൽ കോതമംഗലം രൂപതയുടെ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് നടന്ന സീറോ മലബാർ മാതൃവേദി ഗ്ലോബൽ ജനറൽ ബോഡി മീറ്റിംഗിൽ അതിരൂപതാ ആനിമേറ്റർ സിസ്റ്ററും, ഭാരവാഹികളും പങ്കെടുത്തു.

## VIII) ഹൃദയപൂർവ്വം നന്ദി - സുസ്വാഗതം

കഴിഞ്ഞ 12 വർഷമായി ഫാമിലി അപ്പൊസ്റ്റോലേറ്റ് ഓഫീസിൽ സ്തുത്യർഹമായി സേവനമനുഷ്ടിച്ച് വിരമിച്ച വർണയ്ക്ക് ഹൃദയപൂർവ്വമായ നന്ദി.

### സുസ്വാഗതം

ഫാമിലി അപ്പൊസ്റ്റോലേറ്റ് ഓഫീസിൽ സ്റ്റാഫായി വന്ന മഞ്ജുവിന് സ്നേഹസ്വാഗതം.

## VII) ഫാമിലി അപ്പൊസ്റ്റോലേറ്റിന്റെ

Mail ID : familytly92@gmail.com

**റവ. ഫാ. ജോർജ് കോവാട്ട്**
*ഡയറക്ടർ*

# എജ്യൂക്കേഷണൽ അപ്പൊസ്റ്റോലേറ്റ്

### സ്നേഹത്തണൽ

കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെയും, കാത്തലിക് ടീച്ചേഴ്സ് ഗീൽഡിന്റെയും, ആഭിമുഖ്യത്തിൽ നിർധനരായ വിദ്യാർത്ഥികൾക്ക് പണിത് കൊടുക്കുന്ന സ്നേഹ വീട് പദ്ധതിയിലെ രണ്ടാമത്തെ വീടിന്റെ ആശീർവാദ കർമ്മവും താക്കോൽ കൈമാറ്റവും ചന്ദനക്കാംപാറയിൽ നടന്നു. തലശ്ശേരി അതിരൂപത ടീച്ചേഴ്സ് ഗിൽഡ്, ചന്ദനക്കാംപാറ ഇട വകാ സമൂഹം, മറ്റ് അഭ്യുദയകാംക്ഷികൾ എന്നിവരുടെ സംയുക്താഭി മുഖ്യത്തിൽ നിർമ്മാണം പൂർത്തിയാക്കിയ സ്നേഹവീട് പദ്ധതിയിലെ രണ്ടാമത്തെ വീട് ഓണസമ്മാനമായി വഞ്ചിയം സ്വദേശിക്ക് കൈമാറി. വീടിന്റെ ആശീർവാദവും താക്കോൽദാനവും തലശ്ശേരി അതിരൂപത കോർപ്പറേറ്റ് മാനേജർ ഫാ. മാത്യു ശാസ്താംപടവിൽ നിർവ്വഹിച്ചു. പയ്യാവൂർ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് സാജു സേവ്യർ അദ്ധ്യക്ഷത നിർവ്വഹിച്ചു. ചന്ദനക്കാംപാറ ഇടവക വികാരി ഫാ. ജോസഫ് ചാത്ത നാട്ട് ആമുഖപ്രഭാഷണവും, പൈസക്കരി ഫൊറോന വികാരി ഫാ.നോ ബിൾ ഓണംകുളം അനുഗ്രഹപ്രഭാഷണവും നടത്തി. ചന്ദനക്കാംപാറ ചെറുപുഷ്പ ഹൈസ്കൂൾ മുഖ്യാധ്യാപകൻ റോയ് എബ്രഹാം, പാരിഷ് ട്രസ്റ്റി തോമസ് മാത്യു, ടീച്ചേഴ്സ് ഗിൽഡ് അതിരൂപത എക്സിക്യൂട്ടീവ് മെമ്പർ ബെന്നി ഫിലിപ്പ് എന്നിവർ പ്രസംഗിച്ചു. അതിരൂപത പ്രസിഡണ്ട് ബെന്നി പുത്തൻനട, സെക്രട്ടറി അഗസ്റ്റിൻ കെ ജോസഫ്, സംസ്ഥാന ട്രഷറർ മാത്യു ജോസഫ്, മഞ്ജുഷ കുര്യൻ എന്നിവർ നേതൃത്വം നൽകി.

### സ്കൂൾ ലൈബ്രറി, സയൻസ് ലാബ് ഉദ്ഘാടനവും വെഞ്ചരിപ്പ് കർമ്മവും

കാപ്പാട് സെന്റ് സെബാസ്റ്റ്യൻസ് യുപി സ്കൂളിൽ പുതുതായി നിർമ്മിച്ച സയൻസ് ലാബിന്റെയും ലൈബ്രറിയുടെയും ഉദ്ഘാടനവും വെഞ്ചരിപ്പ് കർമ്മവും നടത്തി. തലശ്ശേരി അതിരൂപത കോർപ്പറേറ്റ് മാനേ ജർ ഫാ. മാത്യു ശാസ്താംപടവിൽ ഉദ്ഘാടനം നിർവ്വഹിച്ചു. സ്കൂൾ മാനേജർ ഫാ. തോമസ് പട്ടാംകുളം അധ്യക്ഷത വഹിച്ചു. വാർഡ് മെമ്പർ സുരുവി റിജോ, സ്കൂൾ ലീഡർ ആൻസിൽ മരിയയ്ക്ക്

പുസ്തകം നൽകിക്കൊണ്ട് ലൈബ്രറിയിൽ നിന്നുള്ള പുസ്തക വിതരണം ഉദ്ഘാടനം ചെയ്തു. പ്രധാനാധ്യാപിക ശ്രീമതി ജാൻസി തോമസ്, പിടിഎ പ്രസിഡന്റ് സന്തോഷ് പെരേപ്പാടൻ, ആശ രാജേഷ്, പി.എ ജെയ്സൺ, ദീപ്തി കുര്യാക്കോസ്, റീജ തോമസ്, ജയോഫിൻ ജോസഫ്, സിസ്റ്റർ ജയ, പി. ജെ, ജസ്റ്റിൻ എന്നിവർ നേതൃത്വം നൽകി.

## സഹായ നിധി - നിഷ എം.ടി ടീച്ചർ

വീർപാട് യുപി സ്കൂളിലെ അധ്യാപികയായിരുന്ന ശ്രീമതി നിഷ ടീച്ചർ ആകസ്മികമായി നമ്മെ വിട്ടുപിരിഞ്ഞു. ടീച്ചറിന്റെ കുടുംബത്തെ സഹായിക്കുന്നതിനായി നിങ്ങൾ നൽകിയ സംഭാവനയായ **622850/- രൂപ** നിഷ ടീച്ചറിന്റെ കുടുംബാഗങ്ങളെ ഏല്പച്ചിട്ടുണ്ട്. വിഷമസന്ധിയിൽ ഈ കുടുംബത്തെ സഹായിക്കാനായി മുന്നോട്ടു വന്ന അധ്യാപക അനധ്യാപകർക്ക് വളരെയധികം നന്ദി. ദൈവാനുഗ്രഹം പ്രാർത്ഥിക്കുന്നു.

## മാസ്റ്റർ മൈൻഡ് 2K23 പൊതുവിജ്ഞാന പരീക്ഷ

തലശ്ശേരി കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെയും കാത്തോലിക് ടീച്ചേഴ്സ് ഗിൽഡിന്റെയും നേതൃത്വത്തിൽ നമ്മുടെ വിദ്യാലയങ്ങളിൽ നടപ്പിലാക്കി വന്നിരുന്ന പൊതുവിജ്ഞാന പരിശീലന പദ്ധതിയായ മാസ്റ്റർ മെൻഡ് **2K23** ഈ വർഷവും പുതുമകളോടെ വീണ്ടും അവതരിപ്പിക്കുകയാണ്. വിദ്യാർത്ഥികളെ മത്സരപരീക്ഷകളിൽ മികവുള്ളവരാക്കാനും വിവിധ സ്കോളർഷിപ്പ് പരീക്ഷകൾ (LSS, USS, NMMS, NTSE) പിഎസ്സി, യുപിഎസ്സി പരീക്ഷകൾ (IAS, IPS, IFS...) ഇവയിൽ മികച്ച വിജയം കൈവരിക്കാനും പ്രാപ്തരാക്കുക എന്നതാണ് ഈ പഠനപദ്ധതിയുടെ ലക്ഷ്യം. പഠനത്തിന് ആവശ്യമായ പുസ്തകങ്ങൾ കോർപ്പറേറ്റ് ഓഫീസിൽനിന്നും സ്കൂളുകളിൽ എത്തിക്കുന്നതാണ്. പുസ്തകങ്ങൾ സ്കൂളിൽ എത്തിയാലുടൻ കുട്ടികൾക്ക് ലഭ്യമാക്കാൻ സ്കൂൾ കോർഡിനേറ്റർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. വിദ്യാർത്ഥികളെ സ്കൂൾതലത്തിൽ തിരഞ്ഞെടുക്കുന്നതിന് വ്യക്തമായ മാനദണ്ഡങ്ങൾ ഉണ്ടായിരിക്കണം. അല്ലെങ്കിൽ കുട്ടികളിൽ നിന്നും മാതാപിതാക്കളിൽ നിന്നും പരാതികൾ ഉണ്ടാവും.

എൽ.പി വിഭാഗം (3, 4 ക്ലാസുകൾ)

യുപി വിഭാഗം (5, 6, 7 ക്ലാസുകൾ)

എച്ച്.എസ്, എച്ച്.എസ്.എസ് വിഭാഗം (8, 9, 10, 11, 12 ക്ലാസുകൾ)

എന്നിങ്ങനെ മൂന്ന് പൊതുവിജ്ഞാന പുസ്തകങ്ങൾ കുട്ടികൾക്ക് ലഭിക്കുന്നതാണ്. 3 മുതൽ 12 വരെയുള്ള ക്ലാസുകളിലെ കുട്ടികൾക്കാണ് പൊതുവിജ്ഞാന പരീക്ഷ നടത്തുന്നത്. പരീക്ഷ സംബന്ധിച്ച നിർദ്ദേശങ്ങൾ പിന്നീട് അറിയിക്കുന്നതാണ്. പുസ്തകങ്ങൾ ഒക്ടോബർ രണ്ടാംവാരത്തോടെ സ്കൂളുകളിൽ എത്തുന്നതാണ്.

**ഫാ. മാത്യു ശാസ്താംപടവിൽ**
*കോർപ്പറേറ്റ് മാനേജർ*

# നിർമ്മലഗിരി കോളേജ്
## കൂത്തുപറമ്പ്

**"Zero Gravity" പ്രോഗ്രാം**

ഫിസിക്സ് വിഭാഗം വിദ്യാർത്ഥികളുടെ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിന്റെ ഭാഗമായി "Zero Gravity" പ്രോഗ്രാം ആരംഭിച്ചു.

മലയാളവിഭാഗം രണ്ടും മൂന്നും വർഷ ബിരുദ വിദ്യാർത്ഥികൾക്ക് stress management എന്ന വിഷയത്തിൽ ക്ലാസ് സംഘടിപ്പിച്ചു. ജീവനി സൈക്കോളജി അപ്രന്റിസായ മിസ്. അഞ്ചിത പി. ക്ലാസ് നയിച്ചു. മലയാളവിഭാഗം അധ്യക്ഷ ഡോ. ദീപാ മോൾ മാത്യു സ്വാഗതവും വിദ്യാർത്ഥികളായ അൻവിത ഷെതാ ഫാത്തിമ, ഡെസ്നി രാജേഷ്, ആൽബിൻ പാപ്പച്ചൻ എന്നിവർ സംസാരിച്ചു.

**അസോസിയേറ്റ് എൻസിസി ഓഫീസർ ആയി നിയമിതനായ ലെഫ്. കമില്ലോ ജോസഫിനെ ആദരിച്ചു**

നിർമലഗിരി കോളേജ് 31 K Bn NCC ഓഫീസർ ആയി ചാർജ് എടുത്ത ലെഫ്. കമില്ലോ ജോസഫിനെ ആദരിച്ചു. Officers Training Academy നാഗ്പൂരിൽ നിന്നും മൂന്ന് മാസത്തെ സൈനീക പരിശീലനത്തിനുശേഷം ലഫ്റ്റനന്റ് ആയി അദ്ദേഹം കമ്മീഷൻ ചെയ്യപ്പെട്ടിരുന്നു. കോളേജ് വൈസ് പ്രിൻസിപ്പൽ ഡോ. ഫാ. ജോബി ജേക്കബ് ലെഫ്. കമില്ലോ ജോസഫിനെ പൊന്നാട അണിയിച്ച് ആദരിച്ചു. നിർമലഗിരി കോളേജ് 9 K Bn NCC യും 31 K Bn NCC യും സംയുക്തമായാണ് ചടങ്ങുകൾ സംഘടിപ്പിച്ചത്. 9 K Bn NCC ഓഫീസർ Capt. സുജ മറിയാമ്മ ജോഷ്വ ചടങ്ങിന് നേതൃത്വം കൊടുത്തു.

2023 സെപ്റ്റംബർ 11,18 തീയതികളിൽ ചരിത്ര വിഭാഗം രണ്ടും മൂന്നും വർഷ വിദ്യാർത്ഥികളുടെ രക്ഷകർതൃയോഗം സമ്മേളിച്ചു കുട്ടികളുടെ പഠനം, മറ്റു പ്രവർത്തനങ്ങൾ മുതലായവ വിലയിരുത്തി.

കേരള ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ ആരംഭിച്ച ജീവനി പ്രൊജക്ടിന്റെ ഉദ്ഘാടനവും സൂയിസൈഡ് പ്രിവൻഷൻ ഡേ പ്രോഗ്രാമും നിർമ്മലഗിരി കോളജിൽ സംഘിപ്പിച്ചു. തലശേരി മിഷൻ ഹോസ്പിറ്റലിലെ കൗൺസലിംഗ് സൈക്കോളജിസ്റ്റ് ഹന സിദ്ധിഖ് 'ക്രിയേറ്റിംഗ് ഹോപ് ത്രു ആക്ഷൻ' എന്ന വിഷയത്തിൽ ക്ലാസ് നയിച്ചു. കോളജ് പ്രിൻസിപ്പാൾ ഡോ. സെബാസ്റ്റ്യൻ റ്റി.കെ. അദ്ധ്യക്ഷത വഹിച്ച മീറ്റിംഗിൽ ദീപ്തി ലിസ്ബത്ത് കെ, സി. സുജ മോൾ ജോസഫ്, അജിത പി. എന്നിവർ സംസാരിച്ചു. കൗൺസലിംങ്ങ് റൂമിന്റെ ഉദ്ഘാടനം വൈസ് പ്രിൻസിപ്പാൾ റവ. ഫാ. ഡോ. ജോബി ജേക്കബ് ഉദ്ഘാടനം ചെയ്തു.

**പി ആർ ഒ**

നിർമലഗിരി കോളേജ്

# സാൻജോസ് മെട്രോപോളിറ്റൻ അക്കാഡമി ഫോർ റിസേർച്ച് ആന്റ് ട്രെയിനിംഗ്

Ph: 8281750777, 8281730777; E-mail: sanjoseacademytly@gmail.com
ചെമ്പേരി, വെള്ളരിക്കുണ്ട്, ഇരിട്ടി

**IELTS, OET, UKVI, PTE**

IELTS, OET, UKVI തുടങ്ങിയ കോഴ്സുകളിലേക്കുള്ള പുതിയ ബാച്ചുകൾ എല്ലാ തിങ്കളാഴ്ചകളിലും ആരംഭിക്കുന്നു. കോഴ്സുകളെ ക്കുറിച്ച് കൂടുതൽ അറിയുവാനും അഡ്മിഷൻ എടുക്കുവാനും താഴെ പറയുന്ന നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

**Ph: 8281750777, 8281730777**. ഓൺലൈൻ ആയി അപേക്ഷിക്കാൻ വെബ്സൈറ്റ് സന്ദർശിക്കുക : www.sanjoseacademy.in

എല്ലാ കോഴ്സുകൾക്കും ഹോസ്റ്റൽ സൗകര്യം ലഭ്യമാണ്.

**സാൻജോസ് അക്കാദമിയുടെ പുതിയ ബ്രാഞ്ച് ഇരിട്ടിയിൽ**

സാൻജോസ് അക്കാദമിയുടെ പുതിയ ബ്രാഞ്ച് ഇരിട്ടിയിൽ ആരംഭി ച്ചിരിക്കുന്നു. ഇരിട്ടി തന്തോട് പള്ളിയോട് ചേർന്നുള്ള ബിൽഡിംഗിൽ ആണ് പുതിയ ബ്രാഞ്ച് ആരംഭിച്ചിരിക്കുന്നത്. ആദ്യം ബാച്ചിൽ രജിസ്റ്റർ ചെയ്യുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ലഭ്യമാണ്. ആകെ 25 സീറ്റുകൾ മാത്രമാണ് ഉള്ളത്. അപ്ലൈ ചെയ്യാൻ ആഗ്രഹിക്കുന്നവർ താഴെ കൊടുത്തിരിക്കുന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക.

**www.sanjoseacademy.in Mob : 85472 27325**

ജർമൻ ഭാഷയുടെ പുതിയ ബാച്ച് ഒക്ടോബർ 5ന് വിമൽ ജ്യോതി കോളേജിൽ ആരംഭിക്കുന്നു. അഡ്മിഷൻ എടുക്കാൻ ആഗ്രഹിക്കു ന്നവർ നേരത്തെ തന്നെ പേര് രജിസ്റ്റർ ചെയ്യുക.

**PTE കോഴ്സ് സാൻജോസ് അക്കാദമിയിൽ**

USA, UK, France, Germany, Australia, New Zealand, Canada, Saudi Arabia, UAE, Netherlands, Poland, Spain, Sweden തുടങ്ങിയ രാജ്യങ്ങളിലേക്ക് പോകാൻ ആഗ്രഹിക്കുന്നവർക്കുള്ള ലാംഗ്വേജ് പ്രൊഫിഷൻസി ടെസ്റ്റ് ആണ് PTE. ഒക്ടോബർ 3 മുതൽ PTE കോഴ്സ് സാൻജോസ് അക്കാദമിയിൽ ആരംഭിക്കുന്നു.

**ഫാ. സോണി വടശ്ശേരിൽ**
*ഡയറക്ടർ*

# വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ്
## ചെമ്പേരി

### വിമൽ ജ്യോതിയിൽ റാഗിംഗ്, ലഹരി വിരുദ്ധ ബോധവൽകരണ ക്ലാസ്സ്

വിമൽ ജ്യോതിയിൽ റാഗിംഗ്, ലഹരി വിരുദ്ധ ബോധവൽകരണ ക്ലാസ്സ് കുടിയന്മല പോലീസ് സബ് ഇൻസ്പെക്ടർ മനോജ്കുമാർ ഉദ്ഘാടനം ചെയ്തു. കോളജ് പ്രിൻസിപ്പൽ ഡോ. ബെന്നി ജോസഫ് സ്വാഗതം പറഞ്ഞ ചടങ്ങിൽ ഫാ. സോണി വടശേരി അധ്യക്ഷത വഹിച്ചു. പോലീസ് ഇൻസ്പെക്ടർ സദാനന്ദൻ, സെബാസ്റ്റ്യൻ പുത്തൻപുര എന്നിവർ ആശംസകൾ പറഞ്ഞു. നാർകോട്ടിക് സെൽ സബ് ഇൻസ്പെക്ടർ സുരേഷ്, അഡ്വ. M M Shajith എന്നിവർ ക്ലാസ്സുകൾ നയിച്ചു. അഖിൽ ദാസ് നന്ദി രേഖപ്പെടുത്തി.

### പ്ലേസ്മെന്റ് വാർത്തകൾ September 2023

- കൊച്ചി ആസ്ഥാനമായി പ്രവർത്തിക്കുന്ന LITMUS7 എന്ന പ്രമുഖ IT കമ്പനി വിമൽ ജ്യോതിയിലെ അവസാന വർഷ വിദ്യാർത്ഥികൾക്കായി ക്യാമ്പസ് റിക്രൂട്ട്മെന്റ് നടത്തി. സെലക്ഷൻ ലിസ്റ്റ് ലഭ്യമായിട്ടില്ല. അടുത്തമാസം അവസാനത്തോടെ ഫൈനൽ സെലക്ഷൻ ലിസ്റ്റ് ലഭ്യമാകുമെന്ന് കരുതുന്നു.
- ഓൺലൈൻ വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്ന പ്രമുഖ കമ്പനിയായ CHEGG INDIA വിമൽജ്യോതിയിൽ ക്യാമ്പസ് റിക്രൂട്ട്മെൻറ് ടെസ്റ്റ് സെപ്റ്റംബർ 18ന് സംഘടിപ്പിച്ചു. ഒക്ടോബർ മാസം അവസാനത്തോടെ ഫൈനൽ ലിസ്റ്റ് ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.
- ക്യാമ്പസ് റിക്രൂട്ട്മെന്റിന് അവസാന വർഷ വിദ്യാർത്ഥികളെ സജ്ജരാക്കുന്നതിന് വേണ്ടി ഓഗസ്റ്റ് 1, 2, 3, 24 & 25 തീയതികളിൽ ആയിട്ട് 30 മണിക്കൂർ നീളുന്ന ഒരു പരിശീലന പരിപാടി സംഘടിപ്പിച്ചു.

- മൂന്നാം വർഷ വിദ്യാർത്ഥികളുടെ പ്ലേസ്മെന്റ് ട്രെയിനിങ് ഓഗസ്റ്റ് 1, 2, 3, 23 & 24 തീയതികളിൽ സംഘടിപ്പിക്കപ്പെട്ടു.
- ബിടെക് രണ്ടാംവർഷ വിദ്യാർഥികൾക്കുള്ള പ്ലേസ്മെന്റ് ട്രെയിനിങ് സെപ്റ്റംബർ 4, 5, 7 & 8 തീയതികളിലായി നടത്തപ്പെടുകയുണ്ടായി.
- ബിടെക് ഒന്നാംവർഷ വിദ്യാർഥികൾക്കുള്ള INDUCTION TRAINING സെപ്റ്റംബർ പതിനൊന്നാം തീയതി മുതൽ പതിനഞ്ചാം തീയതി വരെ നടത്തപ്പെടുകയുണ്ടായി.

## എം.ബി.എ. വാർത്തകൾ

**ഗ്രാമദർശൻ 2023**

വിമൽജ്യോതി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആൻഡ് റിസർച്ച് ഒന്നാം വർഷ എം.ബി.എ. വിദ്യാർത്ഥികൾക്കായി ഏഴു ദിവസത്തെ റൂറൽ ക്യാമ്പ് ഗ്രാമദർശൻ 2023 സംഘടിപ്പിച്ചു. റേഡിയോ മാറ്റൊലി, വയനാട് റവന്യൂ ഡിപ്പാർട്ട്മെന്റ്, നബാർഡ്, എന്നിവയുമായി സഹകരിച്ച് സെപ്റ്റംബർ 10 മുതൽ 16 വരെ മാനന്തവാടി തോണിച്ചാൽ വച്ചാണ് ക്യാമ്പ് നടത്തിയത്. വയനാട് റവന്യൂ ഡിപ്പാർട്ട്മെന്റ് ആയി സഹകരിച്ച് ബേഗൂർ ട്രൈബൽ കോളനിയിൽ ഇലക്ഷൻ ബോധവൽക്കരണ ക്യാമ്പയിൻ സംഘടിപ്പിക്കുകയും, നബാർഡുമായി സഹകരിച്ച് ഫീൽഡ് സർവ്വേയും, വയനാട് റേഡിയോ മാറ്റൊലിയുമായ സഹകരിച്ച് പ്രോഗ്രാം പ്രൊഡക്ഷൻ വർക്ക് ഷോപ്പും ക്യാമ്പിൽ നടത്തി. മാനന്തവാടി രൂപത ആർച്ച് ബിഷപ്പ് മാർ ഡോ. ജോസഫ് പൊരുന്നേടം, മാനന്തവാടി ഡിവൈഎസ്പി ഷൈജു, ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർ ജയകുമാർ, വയനാട് നോഡൽ ഓഫീസർ ദേവകി കെ, ഡെപ്യൂട്ടി തഹസിൽദാർ ജോബി, പ്രമുഖ ജേണലിസ്റ്റും ഇന്ത്യൻ എക്സ്പ്രസ്സിന്റെ എഡിറ്ററുമായ ഡോക്ടർ വിനോദ് കെ. ജോസ്, റേഡിയോ മാറ്റൊലി ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളി, നബാർഡ് ജില്ലാ കോഡിനേറ്റർ ജിഷ എന്നിവർ ക്യാമ്പ് സന്ദർശിക്കുകയും ക്ലാസുകൾ നയിക്കുകയും ചെയ്തു. വിമൽ ജ്യോതി എം.ബി.എ. കോളേജ് പ്രിൻസിപ്പൽ ഫാ. ഡോ. ജനിമോൻ വി. ജോസഫ്, അസിസ്റ്റന്റ് മാനേജർ ഫാ. സോണി വടശ്ശേരിയിൽ, അഡ്മിനിസ്ട്രേറ്റർ ഫാ. ബിബിൻ തെക്കേടത്ത്, ഫാ. ലിബിൻ ഏഴുപറയിൽ, ബാച്ച് കോർഡിനേറ്റർ തോമസ് ജോൺ, ഫാക്കൾട്ടി ജോബിൻ ജോസഫ്, സ്റ്റാഫ് ബിന്ദു ജോൺസൺ എന്നിവരാണ് ക്യാമ്പിന് നേതൃത്വം നൽകിയത്.

**ഫാ. ജെയിംസ് ചെല്ലങ്കോട്ട്**
*മാനേജർ*

# ലെയ്റ്റി അപ്പൊസ്റ്റൊലേറ്റ്
## എ. കെ. സി. സി.

### 2023 സെപ്റ്റംബർ മാസത്തെ പ്രവർത്തനങ്ങൾ

#### 1. മണിക്കടവ് ഫൊറോന കമ്മിറ്റി രൂപീകരിച്ചു

മണിക്കടവ് ഫൊറോനയിൽ കത്തോലിക്കാ കോൺഗ്രസിന്റെ ഫൊറോന കമ്മിറ്റി പ്രവർത്തനമാരംഭിച്ചു. മണിക്കടവ് - പള്ളിയിൽ ചേർന്ന ഫൊറോന കമ്മിറ്റി യോഗത്തിൽ ഫൊറോന വികാരി വെരി റവ. ഫാദർ പയസ് പടിഞ്ഞാറെമുറിയിൽ അധ്യക്ഷത വഹിച്ചു. അതിരൂപതാ പ്രസിഡണ്ട് അഡ്വക്കറ്റ് ടോണി ജോസഫ് പുഞ്ചക്കുന്നേൽ ഉദ്ഘാടനം ചെയ്തു. ലെയ്റ്റി അപ്പൊസ്റ്റൊലേറ്റ് ഫൊറോന ഡയറക്ടർ ബഹു. ഫാ. ജോർജ് ഇലവുംകുന്നേൽ, യൂത്ത് കൗൺസിൽ രൂപത കോഡിനേറ്റർ കിഷോർ ലാൽ ചൂരനോലിൽ, ഫൊറോന പ്രസിഡന്റ് ചാക്കോച്ചൻ ഇളംതുരുത്തിപ്പടവിൽ എന്നിവർ പ്രസംഗിച്ചു.

**എ.കെ.സി.സി മണിക്കടവ് ഫൊറോന ഭാരവാഹികൾ**

| | |
|---|---|
| പ്രസിഡണ്ട് | - ചാക്കോച്ചൻ ഇളംതുരുത്തിപ്പടവിൽ |
| സെകട്ടറി | - സെബാസ്റ്റ്യൻ കുന്നേൽ |
| വൈ. പ്രസിഡണ്ട് | - ലൈസമ്മ മംഗലത്ത്കരോട്ട് |
| ജോ. സെക്രട്ടറി | - മേരി പുതുമറ്റത്തിൽ |
| ട്രഷറർ | - ബെന്നി ആഞ്ഞിലിത്തോപ്പിൽ |
| Youth Link Cordinator | - ഷാജി മറ്റത്തിനാനി |
| Heart Links കോർഡിനേറ്റർസ് | - ജോൺസൺ കടൂക്കുന്നേൽ |
| | - ഷിബു കണ്ടംങ്കരി |
| എക്സിക്യൂട്ടീവ് അംഗങ്ങൾ | - കുര്യാക്കോസ് മേക്കാട്ടുകുന്നേൽ |
| | - സിബി ചിറത്തലയാട്ട് |
| | - സിസിലി ഞാമത്തോലിൽ |

## 2. കത്തോലിക്കാ കോൺഗ്രസ് കാസർഗോഡ് ഫൊറോന കമ്മിറ്റി രൂപീകരിച്ചു

കാസർഗോഡ് ഫൊറോനയിൽ കത്തോലിക്കാ കോൺഗ്രസിന്റെ ഫൊറോന കമ്മിറ്റി രൂപീകരിച്ചു. കാസർഗോഡ് ഫൊറോന ദൈവാലയത്തിൽ ചേർന്ന യോഗത്തിൽ ഫൊറോന കമ്മിറ്റിയുടെ ഉദ്ഘാടനം അഭിവന്ദ്യ ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി പിതാവ് ഉദ്ഘാടനം ചെയ്തു. ഗ്ലോബൽ ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ അധ്യക്ഷത വഹിച്ചു. ഫൊറോന വികാരി വെരി റവ. ഫാ. ജോർജ് വള്ളിമല, ലെയ്റ്റി അപ്പൊസ്റ്റൊലേറ്റ് ഫൊറോന ഡയറക്ടർ റവ. ഫാ. ചാക്കോ കുടിപറമ്പിൽ, ഫൊറോന പ്രസിഡന്റ് സ്റ്റീഫൻ കീച്ചേരികുന്ന് എന്നിവർ പ്രസംഗിച്ചു.

## 3. കത്തോലിക്കാ കോൺഗ്രസ് പച്ചാണി യൂണിറ്റ് രൂപീകരണം

മേരിഗിരി ഫൊറോനയിലെ പച്ചാണി ഇടവകയിൽ കത്തോലിക്കാ കോൺഗ്രസിന്റെ യൂണിറ്റ് രൂപീകരിച്ചു. പച്ചാണി ദൈവാലയത്തിൽ ചേർന്ന യൂണിറ്റ് രൂപീകരണം ഗ്ലോബൽ ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ ഉദ്ഘാടനം ചെയ്തു. ഫൊറോന വികാരി വെരി റവ. ഫാ. ജോയി മഠത്തിമ്യാലിൽ, ഫൊറോന പ്രസിഡന്റ് തോമസ് ഒഴുകയിൽ, റവ. ഡോക്ടർ തോമസ് തടത്തിൽപുത്തെൻ വീട്ടിൽ, പച്ചാണി ഇടവക വികാരി റവ. ഫാ. ജോജി കിഴക്കരക്കാട്ട് CM, മദർ സുപ്പീരിയർ റവ. സി. പൗളിൻ DC, എന്നിവർ പ്രസംഗിച്ചു. ഈ മീറ്റിങ്ങിൽവെച്ച് സമൂഹത്തിലെ വിവിധ തുറകളിൽ സേവനം ചെയ്യുന്ന അടിസ്ഥാന വർഗ്ഗ തൊഴിലാളികളെ ഗ്ലോബൽ ഡയറക്ടർ ആദരിച്ചു.

## 4. ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷൻ റിപ്പോർട്ട്

ക്രൈസ്തവരുടെ പിന്നോക്കാവസ്ഥയെ കുറിച്ച് പഠിക്കുവാൻ സർക്കാർ നിയമിച്ച ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷൻ റിപ്പോർട്ട് പുറത്തുവിടണമെന്ന് കത്തോലിക്ക കോൺഗ്രസ് തലശ്ശേരി അതിരൂപത സമിതി സർക്കാരിനോട് ആവശ്യപ്പെട്ടു. അതിരൂപത കമ്മിറ്റിക്കുവേണ്ടി കത്തോലിക്ക കോൺഗ്രസിന്റെ പ്രതിനിധി സംഘം നിവേദനങ്ങളും നിർദേശങ്ങളും അടങ്ങിയ ഹർജികൾ ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷനുമുമ്പാകെ മാസങ്ങൾക്ക് മുമ്പ് കണ്ണൂർ ജില്ലയിൽവെച്ച് നൽകിയിരുന്നു. കഴിഞ്ഞ മെയ് 17ന് കമ്മീഷൻ റിപ്പോർട്ട് സർക്കാരിനു സമർപ്പിച്ചുവെങ്കിലും തുടർനടപടികൾ ഒന്നും സർക്കാരിന്റെയോ ബന്ധപ്പെട്ട കമ്മീഷന്റെ ഭാഗത്തു നിന്നോ പൊതുസമൂഹത്തിനു ലഭ്യമായിട്ടില്ലായെന്നു കത്തോലിക്ക കോൺഗ്രസ് ചൂണ്ടിക്കാട്ടി.

ഈ സാഹചര്യത്തിൽ അടിയന്തര പ്രാധാന്യം നൽകി കമ്മീഷന്റെ ശുപാർശകൾ പ്രസിദ്ധീകരിക്കണം. ചർച്ചകൾക്കുശേഷം ക്രൈസ്തവസമൂഹത്തിലെ പിന്നോക്കാവസ്ഥപരിഹരിക്കുന്നതിനുവേണ്ടി നിയോഗിക്കപ്പെട്ട കമ്മീഷന്റെ ശുപാർശകൾ നടപ്പിലാക്കാൻ സർക്കാർ അടിയന്തര പ്രാധാന്യം നൽകണമെന്നും അതിരൂപത സമിതി ആവശ്യപ്പെട്ടു.

## 5. വനംവന്യജീവിവകുപ്പിന്റെ വന്യജീവി വാരാഘോഷ പ്രതിജ്ഞ ബഹിഷ്കരിക്കും : കത്തോലിക്കാ കോൺഗ്രസ്

കേരളത്തിൽ ഒക്ടോബർ 2 മുതൽ നടത്തപ്പെടുന്ന വന്യജീവി വാരാഘോഷത്തോടനുബന്ധിച്ച് സ്കൂൾ വിദ്യാർഥികൾക്കും ഉദ്യോഗസ്ഥർക്കും ചൊല്ലുവാൻ സർക്കാർ നൽകിയിരിക്കുന്ന പ്രതിജ്ഞയിൽ വന്യജീവി നിലനിൽപ്പാണ്, അഭിമാനമാണ് എന്ന പ്രതിജ്ഞാവാചകം ജനദ്രോഹവും വന്യജീവി ആക്രമണത്തിൽ ദുരിതമനുഭവിക്കുന്നവരോടും കൊല്ലപ്പെട്ടവരോടുമുള്ള വെല്ലുവിളിയാണെന്നും അതിനാൽ ഈ പ്രതിജ്ഞ ബഹിഷ്കരിക്കണമെന്നും കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ സമിതിയോടൊപ്പം തലശ്ശേരി അതിരൂപത കമ്മിറ്റിയും ആഹ്വാനം ചെയ്തു.

കേരളത്തിൽ വന്യജീവികളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നുവെന്ന് വനംവകുപ്പ് തന്നെ കണക്കുകളിലൂടെ പറയുന്നു. മലയോരത്ത് ജീവിക്കുന്നവർ വന്യജീവികൾക്കും വനത്തിനും എതിരാണെന്ന പൊതുബോധം രൂപീകരിക്കുക എന്ന ദുരുദ്ദേശത്തോടെയാണ് ഇപ്പോൾ കള്ളപ്രചരണങ്ങളുമായി സർക്കാരിന്റെ മൗനാനുവാദത്തോടെ വനം വകുപ്പ് കടന്നുവന്നിരിക്കുന്നത് എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

മനുഷ്യരെ കൊല്ലുകയും ഉപദ്രവിക്കുകയും ചെയ്യുന്ന വന്യമൃഗങ്ങളെ ഉന്മൂലനം ചെയ്യുന്നതിന് വിവിധ സംസ്ഥാനങ്ങളിൽ നിയമമുണ്ടെന്നിരിക്കെ കേരള സർക്കാർ സ്കൂൾ വിദ്യാർത്ഥികളിലും യുവാക്കളിലും ജനദ്രോഹകരമായ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നത് പ്രതിഷേധാർഹമാണെന്നും ജനദ്രോഹ പ്രതിജ്ഞ പിൻവലിക്കണമെന്നും കത്തോലിക്ക കോൺഗ്രസ് ആവശ്യപ്പെട്ടു

| | |
|---|---|
| **അഡ്വ. ടോണി ജോസഫ് പുഞ്ചക്കുന്നേൽ** | **ഫാ. ഫിലിപ്പ് കവിയിൽ** |
| *പ്രസിഡണ്ട്* | *ഡയറക്ടർ* |

# കെ. സി. ബി. സി. മദ്യവിരുദ്ധസമിതി

## മുക്തിശ്രീ, എ. ഡി. എസ്. യു, പ്രതീക്ഷാ മദ്യപാനരോഗ ചികിത്സാകേന്ദ്രം

അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനത്തോടനുബന്ധിച്ച് ജൂൺ 25ന് എല്ലാ ഫൊറോനകൾ, യൂണിറ്റുകൾ, ലഹരിവിരുദ്ധ റാലി, പ്രതിജ്ഞ, ബോധവത്ക്കരണ ക്ലാസ്സുകൾ എന്നിവ നടത്തി.

ജൂൺ 26ന് കെ.സി.ബി.സി മദ്യവിരുദ്ധ സമിതി, മുക്തിശ്രീ പ്രവർത്തന വർഷ ഉദ്ഘാടനം തലശ്ശേരി ലഹരി മുക്തകേന്ദ്രം പ്രതീക്ഷയിൽവച്ച് അഭിവന്ദ്യ ജോസഫ് പാംപ്ലാനി പിതാവ് ഉദ്ഘാടനം ചെയ്തു. ഇതിനോടനുബന്ധിച്ചു പൊതുയോഗം, ബോധവത്ക്കരണ പരിപാടി, ഫ്ളാഷ് മോബ് വിവിധ മത്സരങ്ങൾ (പ്രസംഗം, കവിതാലാപനം ലഹരി വിരുദ്ധ സന്ദേശം ഉൾക്കൊള്ളുന്നത്) സംഘടിപ്പിച്ചു.

കേരളസർക്കാരിന്റെ മദ്യനയം കേരളമാകെ പ്രത്യാഘാതം ഉണ്ടാക്കുന്നുവെന്ന് കെസിബിസി മദ്യവിരുദ്ധ സമിതി മുക്തിശ്രീ അതിരൂപത വൈസ് ഡയറക്ടർ ബഹു. മാത്യു കാരിക്കൽ അച്ചൻ ചൂണ്ടിക്കാട്ടി. അതിരൂപത പ്രസിഡണ്ടുമാർ ശ്രീ. ടോമി വെട്ടുകാട്ടിൽ, ശ്രീമതി ഷിനോ പാറക്കൽ, ജനറൽ സെക്രട്ടറിമാരായ ശ്രീ ദേവസ്യ ടി.സി., ശ്രീമതി സോളി രാമച്ചനാട്ട് എന്നിവർ യോഗത്തിന് നേതൃത്വം നല്കി.

**II.** സർക്കാരിന്റെ മദ്യനയം കേരളം നാശത്തിലേയ്ക്കെന്ന ആശയം ഉൾക്കൊണ്ടുകൊണ്ട് വിദേശമദ്യവും ബിയറും സംസ്ഥാനത്തു തന്നെ പരമാവധി ഉത്പാദിപ്പിക്കാനുള്ള സർക്കാർ സംവിധാനം ഒരുക്കുന്നതിനുള്ള ഗൂഢനീക്കം തിരിച്ചറിയണം.

പുതിയ മദ്യനയം കേരളത്തെ ആകെ മദ്യത്തിൽ മുക്കിക്കൊല്ലുമെന്ന് നെല്ലിക്കാംപൊയിൽ മേഖലാ കെസിബിസി മദ്യവിരുദ്ധ സമിതിയും മുക്തിശ്രീയും ആരോപിച്ചു.

ആഗസ്റ്റ് 1ന് മണിപ്പൂരിലെ ക്രൈസ്തവ പീഡനത്തിനെതിരെ അതിരൂപതാ ഡയറക്ടർ ബഹു. മാത്യു കാരിക്കൽ അച്ചൻ അതിരൂപതാ

ആനിമേറ്റർ സി. ജോസ് മരിയ സി.എം.സി മദ്യവിരുദ്ധ, മുക്തിശ്രീ പ്രസിഡന്റുമാർ ശ്രീ ടോമി വെട്ടികാട്ട്, ശ്രീമതി ഷിനോ പാറക്കൽ മറ്റു അതിരൂപത ഭാരവാഹികൾ മെഴുകുതിരി തെളിയിച്ചു പ്രതിഷേധിച്ചു.

ചെമ്പന്തൊട്ടി മേഖല, ചെമ്പേരി, നെല്ലിക്കാംപൊയിൽ, മണിപ്പാറ, കുന്നോത്ത്, എടൂർ എന്നിങ്ങനെ എല്ലാ ഫൊറോനകളും മണിപ്പൂരിലെ നരഹത്യക്കെതിരെ തിരിതെളിച്ച് പ്രതിഷേധിച്ചുകൊണ്ട് ഐക്യദാർഢ്യം പ്രകടിപ്പിച്ചു.

ആഗസ്റ്റ് 9ന് ക്വിറ്റ് ഇന്ത്യാ ദിനത്തിൽ ക്വിറ്റ് ആൽക്കഹോൾ പരിപാടി മോൺ. ആന്റണി മുതുകുന്നേൽ തലശ്ശേരി പ്രതീക്ഷ ഡി അഡിക്ഷൻ സെന്ററിൽവച്ച് ഉദ്ഘാടനം ചെയ്തു. അതിരൂപത ഡയറക്ടർ ഫാ. മാത്യു കാരിക്കൽ സ്വാഗതവും മദ്യവിരുദ്ധ സമിതി പ്രിസഡണ്ട് ശ്രീ ടോമി വെട്ടുകാട്ടിൽ, മുക്തിശ്രീ എക്സിക്യൂട്ടീവ് മെമ്പർ ശ്രീമതി തങ്കമ്മ പാലമറ്റം എന്നിവർ പ്രസംഗിച്ചു.

**III.** ആഗസ്റ്റ് 15ന് എ.കെ.സി.സി, മദ്യവിരുദ്ധ സമിതി, മുക്തിശ്രീ എന്നിവയുടെ ആഭിമുഖ്യത്തിൽ 'മാ നിഷാദ' ഏകദിന ഉപവാസം മണിപ്പൂർ കലാപത്തിനെതിരെ ചെമ്പേരിയിൽ വച്ച് നടത്തി. ഉദ്ഘാടനം കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ ഉദ്ഘാടനം നടത്തി. അന്നേ ദിവസം ഉച്ചകഴിഞ്ഞ് റാലിയിൽ അതിരൂപത ഭാരവാഹികൾ പങ്കെടുത്തു. റാലിയുടെ സമാപന സമ്മേളനം ഉദ്ഘാടനം മാർ ജോസഫ് പാംപ്ലാനി നിർവഹിച്ചു.

ആഗസ്റ്റ് 17ന് ചിങ്ങം 1 കർഷകദിനം ആചരിച്ചു. കുന്നോത്ത് കർഷക ദിനത്തിൽ കെസിബിസി മദ്യവിരുദ്ധ സമിതിയുടേയും മുക്തിശ്രീയുടെയും ആഭിമുഖ്യത്തിൽ മികച്ച ജൈവകർഷനും നിർമലഗിരി കോളേജ് റിട്ട. പ്രിൻസിപ്പലുമായ ഡോ. ജോസ്ലെറ്റ് ജോസിനെ അതിരൂപത കെ.സി.ബി.സി ഡയറക്ടർ ഫാ. മാത്യു കാരിക്കൽ പൊന്നാട അണിയിച്ച് ആദരിച്ചു.

അതിരൂപത ആക്ടിംഗ് ഡയറക്ടർ ഫാ. മാത്യു കാരിക്കൽ അധ്യക്ഷത വഹിച്ചു. അതിരൂപത ജനറൽ സെക്രട്ടറിമാരായ ദേവസ്യ തൈപ്പറമ്പിൽ, സോളി, മേരിക്കുട്ടി പാലക്കലോടി, സോയി, വിൻസെന്റ് മുണ്ടാട്ടുചുണ്ട യിൽ, തങ്കമ്മ പാലമറ്റം, പുഷ്പ വെള്ളാപാടത്ത് എന്നിവർ ആശംസകൾ അർപ്പിച്ചു. ടി.സി ദേവസ്യ കൈകോട്ട് സമ്മാനമായി നല്കി.

ജോസ്ലെറ്റ് സാറിന്റെ Agri-Farm Schoolil വച്ചു നടന്ന ആദരിക്കൽ മീറ്റിംഗിൽ ജോസ്ലെറ്റ് സാർ ജൈവകൃഷിയെപ്പറ്റിയും കൃഷി രീതിയെപ്പറ്റിയും പുറമെ നിന്നു വാങ്ങുന്ന പച്ചക്കറിയുടെ ദോഷഫലങ്ങളെപ്പറ്റിയും വളരെ ലളിതമായും ഭംഗിയായും 2 മണിക്കൂർ നീളുന്ന നല്ലൊരു ക്ലാസ്സും മനസ്സിലാക്കി തന്നു.

**ഫാ. മാത്യു കാരിക്കൽ**
മദ്യവിരുദ്ധ പ്രസ്ഥാനങ്ങളുടെ എക്സി. ഡയറക്ടർ

# ACCOMPANYING DIFFERENTLY – ABLED AND AWAKENING MISSION (ADAM)

### സെപ്റ്റംബർമാസ പ്രോഗ്രാം

പരിശുദ്ധ അമ്മയുടെ ജനനതിരുനാളിനോട് അനുബന്ധിച്ച് ബാംഗ്ലൂർ അതിരൂപത രോഗികൾക്കും ഭിന്നശേഷിക്കാർക്കും ആയി ബാംഗ്ലൂർ സെന്റ് മേരീസ് ബസിലിക്ക ദൈവാലയത്തിൽ ഒരുക്കിയ പരിശുദ്ധ ബലിക്ക് അഭിവന്ദ്യ പീറ്റർ മച്ചാടോ പിതാവ് നേതൃത്വം നൽകി. ഭിന്നശേഷിക്കാരായ നൂറോളം ആളുകൾ പരിശുദ്ധ ബലിയിൽ പങ്കുചേർന്നു. അതിരൂപത ഭിന്നശേഷി വിഭാഗം ഡയറക്ടർ ഫാ. ക്രിസ്റ്റി പരിപാടികൾക്ക് നേതൃത്വം നൽകി.

സെപ്റ്റംബർ 9-ാം തീയതി ഞായറാഴ്ച സെൻറ് പാട്രിക് ദൈവാലയത്തിൽ പതിവ് വിശുദ്ധ ബലിയും ബൈബിൾ പഠനവും നടത്തി.

### ആദം മിനിസ്ട്രി സെന്റർ ഉദ്ഘാടനവും ലോക ബധിരവാരാഘോഷവും

തലശ്ശേരി അതിരൂപത ഭിന്നശേഷി സൗഹൃദമാക്കുക എന്ന ലക്ഷ്യത്തോടെ മിനിസ്ട്രിയുടെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി പടന്നക്കാട് ഗുഡ്ഷേപ്പേർഡ് പാസ്റ്റർ സെന്ററിൽ പുതിയ ഓഫീസ് പ്രവർത്തനം ആരംഭിച്ചു. 17-ാം തീയതി ഞായറാഴ്ച രാവിലെ 11 മണിക്ക് ലോക ബധിരവാരാഘോഷത്തിന്റെ ഭാഗമായി ആംഗ്യഭാഷയിൽ വിശുദ്ധ ബലി അർപ്പിച്ചു. സ്നേഹവിരുന്നിനുശേഷം തൊക്കിലങ്ങാടി ക്രിസ്തുരാജ ഹോസ്പിറ്റലിലെ ഗൈനക്കോളജി വിഭാഗം ഡയറക്ടർ ബഹു. സി. റീന എസ്.എച്ച്. ആരോഗ്യപരിപാലനം എന്ന വിഷയത്തിൽ ക്ലാസുകൾ നൽകി. എറണാകുളം സെന്റ് ക്ലെയർ കോളേജ് പ്രിൻസിപ്പൽ സി. അഭയ എഫ്സിസി ആംഗ്യഭാഷയിൽ പരിഭാഷ നൽകി. 150 ഓളം സഹോദരങ്ങളും കുട്ടികളും ക്ലാസിൽ പങ്കുചേർന്നു.

**സെന്റർ വെഞ്ചിരിപ്പ് :** അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് ആദം മിനിസ്ട്രിയുടെ ഓഫീസ്, മീഡിയ റൂം, കൗൺസിലിംഗ് സെൻറർ എന്നിവയുടെ വെഞ്ചിരിപ്പ് കർമ്മം നടത്തി.

**ഉദ്ഘാടന സമ്മേളനം :** തലശ്ശേരി അതിരൂപത ഭിന്നശേഷിക്കാർക്ക് എന്നും സൗഹൃദവും, പ്രോത്സാഹനവും നൽകി അവരെ ചേർത്തു പിടിക്കും എന്ന് യോഗത്തിന്റെ അധ്യക്ഷപ്രസംഗം നിർവ്വഹിക്കവേ അഭിവന്ദ്യ ജോസഫ് പാംപ്ലാനി പിതാവ് പ്രഖ്യാപിച്ചു.

ഭിന്നശേഷി വിഭാഗക്കാരെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുവാൻ ആദം മിനിസ്ട്രിക്ക് സാധിക്കട്ടെ എന്ന ആശംസകളോടെ കാസർഗോഡ് അസിസ്റ്റന്റ് കളക്ടർ ശ്രീ. ദിലീപ് കൈനകരി സെന്റർ ഉദ്ഘാടനം ചെയ്തു. എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ചെയ്തു കൊടുത്തപ്പോൾ എനിക്ക് തന്നെയാണ് ചെയ്തത് എന്ന വിശുദ്ധ മത്തായിയിലൂടെ ഈശോ അരുളിചെയ്ത വാക്കുകൾ എന്നും നമ്മുടെ മനസ്സിൽ ഉണ്ടാവണമെന്ന് അദ്ദേഹം ഓർമിപ്പിച്ചു.

**വെബ്സൈറ്റ് ഉദ്ഘാടനം**

ഭിന്നശേഷിക്കാർക്കായുള്ള ആദം മിനിസ്ട്രിയുടെ പ്രവർത്തനങ്ങൾ, ഗവൺമെന്റ്തല അറിയിപ്പുകൾ, ആനുകൂല്യങ്ങൾ, ഭിന്നശേഷി സൗഹൃദ ഉപകരണങ്ങൾ, വിവിധ കലാപരിപാടികൾ, വിദ്യാഭ്യാസ മേഖലകൾ, വിപണനകേന്ദ്രങ്ങൾ എന്നിവയുടെ വിവരങ്ങൾ ഉൾക്കൊള്ളുന്ന വെബ് സൈറ്റിന്റെ ഉദ്ഘാടനം ബഹു. കളക്ടർ നിർവഹിച്ചു.

**ബ്രൗഷർ പ്രകാശനം :** ആദം മിനിസ്ട്രിയുടെ പ്രവർത്തനങ്ങൾ ശുശ്രൂഷകൾ സൂചിപ്പിക്കുന്ന ബ്രൗഷറിന്റെ പ്രകാശനം ബഹു. മോൺ. ജോസഫ് ഒറ്റപ്ലാക്കൽ ആലക്കോട് ബധിര ബൈബിൾ സൊസൈറ്റി പ്രസിഡന്റ് ശ്രീ. സനീഷിന് നൽകിക്കൊണ്ട് നിർവഹിച്ചു.

**ഭിന്നശേഷി വിപണന മേള ഉദ്ഘാടനം**

ഭിന്നശേഷിക്കാർ ഒരുക്കുന്ന കലാവസ്തുക്കൾ, നോട്ടുബുക്കുകൾ, പാവകൾ, തിരി, വസ്ത്രങ്ങൾ തുടങ്ങിയ സാധനങ്ങൾ വിൽപ്പനയ്ക്കായി സഹായിക്കുവാൻ ഭിന്നശേഷി സൗഹൃദ വില്പനശാല ഉദ്ഘാടനം മോൺ. മാത്യു ഇളംതുരുത്തിപടവിൽ ടിഎസ്എസ്എസ് ഡയറക്ടർ. ബഹു. ബെന്നി നിരപ്പേൽ അച്ചന് നൽകിക്കൊണ്ട് നിർവഹിച്ചു. പാസ്റ്റർ സെന്റർ ഡയറക്ടർ ഫാ. തോമസ് പയ്യപള്ളി, ടിഎസ്എസ്എസ് ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ, കാത്തലിക് ഡഫ് അസോസിയേഷൻ ഓഫ് ഇന്ത്യ സെക്രട്ടറി ശ്രീ. ജോഷി, കണ്ണൂർ ജില്ലാ ഡഫ് അസോസിയേഷൻ സെക്രട്ടറി ഉണ്ണികൃഷ്ണൻ, കാസർഗോഡ് ജില്ല ഡഫ് അസോസിയേഷൻ പ്രസിഡന്റ് ഷക്കീർ, ഡോൺ ബോസ്കോ സ്പീച്ച് ആൻഡ് ഹിയറിങ് ഹയർ സെക്കൻഡറി സ്കൂൾ പ്രിൻസിപ്പൽ സി. ഹെലേന ഡി.എസ്.എസ്. എന്നിവർ ആശംസകൾ അറിയിച്ചു സംസാരിച്ചു

ലോകബധിരവാര അഘോഷഭാഗമായി ഡോൺ ബോസ്കോ സ്പീച്ച് ആൻഡ് ഹിയറിങ് ഹയർ സെക്കൻഡറി സ്കൂൾ കാരക്കുണ്ട്, ജ്യോതിഭവൻ സ്കൂൾ ഫോർ ഹീയറിംഗ് ഇംപയേർഡ് ചായ്യോത്ത്, ജ്യോതിഭവൻ സ്പെഷ്യൽ സ്കൂൾ ചിറ്റാരിക്കാൽ, സ്നേഹസതൻ ഷെൽട്ടർ ഹോം പടന്നക്കാട് എന്നിവിടങ്ങളിലെ കുട്ടികൾ കലാപരിപാടികൾ അവതരിപ്പിച്ചു. ആദം മിനിസ്ട്രി ഡയറക്ടർ ഫാ. ജോർജ് കളരിമുറിയിൽ സ്വാഗതവും ആലക്കോട് ബൈബിൾ സൊസൈറ്റി സെക്രട്ടറി ശ്രീ. ആന്റണി വെട്ടിക്കാട്ടിൽ നന്ദിയും പറഞ്ഞു. ആംഗ്യഭാഷയിൽ ജനഗണമന പാടി പരിപാടികൾ അവസാനിപ്പിച്ചു.

## നന്ദിയുടെ ഒരു വാക്ക്

ഭിന്നശേഷിക്കാരെ ഒരു മനസ്സോടെ ചേർത്ത് പിടിക്കുവാനായി ഒന്നുച്ചേർന്ന അഭിവന്ദ്യ പിതാവ്, അസിസ്റ്റന്റ് കളക്ടർ ബഹു. വൈദികർ, സിസ്റ്റേഴ്സ്, സുഹൃത്തുക്കൾ. പ്രോഗ്രാമിന്റെ വിജയത്തിനായി അക്ഷീണം പരിശ്രമിച്ച ആദം മിനിസ്ട്രി സെന്റർ ഒരുക്കുന്നതിനായി ഏറെ സഹകരിച്ച പാസ്റ്റർ സെന്റർ ഡയറക്ടർ ബഹു. ഫാ. തോമസ് പയ്യംപള്ളിയച്ചൻ, കെസിവൈഎം കാലിച്ചാനടുക്കം യൂണിറ്റിലെ യുവജന സുഹൃത്തുക്കൾ, ബന്ധുമിത്രാദികൾ, കാലിച്ചാനടുക്കം. മണക്കടവ്, പടന്നക്കാട് ഇടവക സമൂഹത്തിൽ നിന്നുള്ളവർ. ഏവർക്കും പ്രത്യേകമായി നന്ദി അറിയിക്കുന്നു. മീഡിയ, പ്രിന്റിംഗ് എന്നിവയ്ക്ക് നേതൃത്വം നൽകിയ ശ്രീ. അൻസൽ പുളിക്കൽ, വിനോദ് കോട്ടിരി എന്നിവർക്കും പ്രത്യേക നന്ദി. ആദം മിനിസ്ട്രിയുടെ മുമ്പോട്ടുള്ള പ്രവർത്തനങ്ങൾക്ക് എല്ലാവരുടെയും സഹകരണവും പ്രാർഥനയും അഭ്യർത്ഥിക്കുന്നു.

**ലോഗോസ് ക്വിസ്:** 24-ാം തീയതി ലോക ആംഗ്യഭാഷാദിനത്തോടനുബന്ധിച്ച് ആംഗ്യഭാഷയിൽ വിശുദ്ധ ബലിയോടും കലാപരിപാടികളോടുംകൂടെ ആലക്കോട് സെന്റ് മേരിസ് ഇംഗ്ലീഷ് മീഡിയം സ്കൂളിൽ നടത്തപ്പെട്ടു. ലോഗോസ് ക്വിസ്സിന്റെ ഭാഗമായി 45 ഓളം അംഗങ്ങൾ ലോഗോസ് ക്വിസ്സിൽ പങ്കുചേർന്നു.

## വിവാഹ ആശീർവാദം

* ആദം മിനിസ്ട്രി അംഗങ്ങളായ ബിനീഷ്, വിനീത എന്നിവരുടെ വിവാഹം നെടുവാലൂർ ദൈവാലയത്തിൽ 21-ാം തീയതി ആശീർവദിച്ചു.

## ഒക്ടോബർ മാസ പ്രോഗ്രാം

01 - ആലക്കോട്
08 - ബാംഗ്ലൂർ
15 - ബത്തേരി
22 - 31 - കൊന്ത നമസ്ക്കാരം ഓൺലൈൻ

**ഫാ. ജോർജ് കളരിമുറിയിൽ**
*ഡയറക്ടർ*

# സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

## തലശ്ശേരി സെൻട്രൽ കൗൺസിൽ

പ്രിയ വിൻസെൻഷ്യൻ സഹോദരരെ,

'നമുക്ക് ദൈവത്തെ സ്നേഹിക്കാം... അതെ, സഹോദരരെ നമുക്ക് ദൈവത്തെ സ്നേഹിക്കാം... പക്ഷേ, അതു നമ്മുടെ കരങ്ങളുടെ പ്രവൃത്തി വഴി ആയിരിക്കട്ടെ...' (ഫ്രെഡറിക് ഓസാനാം).

### സി. സി. വാർഷികം

സെപ്റ്റംബർ 2-ാം തീയതി ആലക്കോട് സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽവച്ച് സി.സി പ്രസിഡന്റിന്റെ അധ്യക്ഷതയിൽ ചേർന്ന 45ാം മത് വാർഷിക പൊതുയോഗം അതിരൂപതാ അധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി ഉദ്ഘാടനം ചെയ്തു. കെ.ആർ.സി.സി. കോ-ഓർഡിനേറ്റർ ബ്ര. തോമസ് പുലിക്കോട്ടിൽ മുഖ്യപ്രഭാഷണം നടത്തി. സി.സി. വൈസ് പ്രസിഡന്റ് ബാബു കൊട്ടാരം സ്വാഗതം ആശംസിച്ച യോഗത്തിൽ സ്പിരിച്വൽ ഡയറക്ടർ ഫാ. ജോസഫ് വടക്കേപറമ്പിൽ ആധ്യാത്മികസന്ദേശം നൽകി. ആലക്കോട് ഫൊറോന വികാരി റവ ഫാ. മാണി ആട്ടേൽ, മുൻ സ്പിരിച്വൽ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ, കരിക്കോട്ടക്കരി ഇടവക വികാരി ഫാ. ആന്റണി പുന്നൂര്, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീ. ജോർജ് തയ്യിൽ, നാഷണൽ കൗൺസിൽ വനിത പ്രതിനിധി സി. ജോളി സെബാസ്റ്റ്യൻ, സീനിയർ വൈസ് പ്രസിഡന്റ് കെ. ടി. ജോസഫ് കാരിക്കുന്നേൽ, പ്രോജക്ട് ഓഫീസർ ജോസഫ് ചൊറുക്കാവിൽ യുവജന പ്രതിനിധി അക്ഷയ് തങ്കച്ചൻ തുടങ്ങിയവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. വാർഷിക പൊതുയോഗത്തിന് മുന്നോടിയായി നടന്ന കൃതജ്ഞതാ ബലിയർപ്പണത്തിൽ ഫാ. ജോസഫ് വടക്കേപറമ്പിൽ, ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ എന്നിവർ കാർമികരായിരുന്നു.

തലശ്ശേരി അതിരൂപതയിൽ 2022-23 വർഷം മാതൃകാപരമായ പ്രവർത്തനം നടത്തി ഒന്നാം സ്ഥാനത്തിനർഹരായ കരിക്കോട്ടക്കരി സെന്റ് തോമസ് കോൺഫറൻസിനെയും ചെമ്പേരി ലൂർദ്ദ് മാതാ വനിത കോൺഫറൻസിനെയും, രണ്ടാം സ്ഥാനം നേടിയ മേരിഗിരി

(തേർത്തല്ലി) ലിറ്റിൽ ഫ്ളവർ കോൺഫറൻസിനെയും തോമാപുരം സെന്റ് തോമസ് വനിത കോൺഫറൻസിനെയും യോഗത്തിൽ മൊമെന്റോ നൽകി അഭിവന്ദ്യ പിതാവ് ആദരിച്ചു.

കെ.ആർ.സി.സിയുടെ 'കർമ്മ ശ്രേഷ്ഠ' ആദരവ് നേടിയ സി.സി. വൈസ് പ്രസിഡന്റ് ബാബു ജോസഫ് കൊട്ടാരത്തിനെയും വിൻസെൻഷ്യൻ പ്രവർത്തനത്തിൽ 50 വർഷം പൂർത്തിയാക്കിയ എടപ്പുഴ കോൺഫറൻസ് അംഗം ബ്ര. സാമുവൽ കൊമ്പിക്കുന്നത്തിനെയും 25 വർഷം പൂർത്തിയാക്കിയ 17 അംഗങ്ങളെയും യോഗത്തിൽ ആദരിച്ചു. സമാപനത്തിൽ ആലക്കോട് എ.സി. പ്രസിഡന്റ് ബ്ര. ടോമി മാത്യു തൈക്കൂട്ടത്തിൽ യോഗത്തിന് നന്ദി അർപ്പിച്ച് സംസാരിച്ചു. അതിരൂപതയിലെ മുഴുവൻ ഇടവകകളിൽനിന്നും കൃത്യസമയത്ത് എത്തിച്ചേരുകയും വാർഷിക പൊതുയോഗം വൻവിജയമാക്കുകയും ചെയ്ത എല്ലാ വിൻസെൻഷ്യൻ സഹോദരങ്ങൾക്കും സി.സി. യുടെ പേരിലുള്ള നന്ദി അറിയിക്കുന്നു.

## സെൻട്രൽ കൗൺസിലിന് പുതിയ ആധ്യാത്മിക ഉപദേഷ്ടാവ്

അതിരൂപതയിലെ ലെയ്റ്റി – അപ്പൊസ്റ്റൊലേറ്റിന്റെ ഡയറക്ടറായ റവ. ഡോ. ഫിലിപ്പ് കവിയിലിനെ സൊസൈറ്റിയുടെ പുതിയ സ്പിരിചൽ ഡയറക്ടറായി അഭിവന്ദ്യ പിതാവ് നിയമിച്ചു. പ്രിയപ്പെട്ട കവിയിൽ അച്ചന് വിൻസെൻഷ്യൻ സമൂഹത്തിലേക്ക് ഹൃദ്യമായ സ്വാഗതം. നാളിതുവരെ ഞങ്ങളെ നയിച്ച പ്രിയ ജോസഫ് വടക്കേപറമ്പിൽ അച്ചന് ഹൃദയപൂർവ്വം നന്ദി.

**സോണൽ സെമിനാറുകൾ:** സി.സി.യുടെ നേതൃത്വത്തിൽ രണ്ടാംഘട്ട സോണൽ സെമിനാറും കണക്കെഴുത്ത് പരിശീലന ക്ലാസും ജൂലൈ 8 ന് രാവിലെ വെള്ളരിക്കുണ്ട് സോണിലും ഉച്ചകഴിഞ്ഞ് ആലക്കോട് സോണിലും നടത്തുകയുണ്ടായി. വിജയപുരം സി.സി. വൈസ് പ്രസിഡന്റ് അഡ്വ. ജസ്റ്റിൻ ഡേവിഡും സി. സി.സീനിയർ വൈസ് പ്രസിഡന്റ് കെ. ടി. ജോസഫ് കാരിക്കുന്നേലും ക്ലാസുകൾക്ക് നേതൃത്വം നൽകി.

## വനിതാ – യുവജന ഓണാഘോഷം

ഓഗസ്റ്റ് 26 ന് സി.സി.യിലെ യുവജനങ്ങളുടെ നേതൃത്വത്തിൽ ചെമ്പേരി 'കരുണാലയം' വൃദ്ധസദനം സന്ദർശിക്കുകയും അന്തേവാസികളോടൊപ്പം ഓണം ആഘോഷിക്കുകയും ചെയ്തു. സി.സി. ഭാരവാഹികളും കെ.ആർ. സി.സി. യുവജന പ്രതിനിധികളും ആഘോഷത്തിൽ പങ്കുചേർന്നു. അതോടൊപ്പം സി.സി.യിലെ വിൻസെൻഷ്യൻ വനിതകൾ 'എമിലിയോടൊപ്പം' എന്ന പരിപാടിയുടെ ഭാഗമായി വനിത കോ–ഓർഡിനേറ്റർ സി. ഷൈനി ജേക്കബിന്റെയും ചെമ്പേരി എ.സി.യിലെ വനിതകളുടെയും നേതൃത്വത്തിൽ സാന്ത്വനം പാലിയേറ്റീവ് കെയർ സെന്ററും കരുണാലയവും സന്ദർശിച്ച് ഓണാഘോഷ പരിപാടികളും ഓണസദ്യയും നടത്തി.

## തോമാപുരം എ.സി. ക്ക് പുതിയ പ്രസിഡന്റ്

തോമാപുരം എ.സി.യുടെ പുതിയ പ്രസിഡണ്ടായി പി.ജെ. ഐസക്ക് പുതിയ മംഗലത്തെ തെരഞ്ഞെടുത്തു. 10. 08. 2023 ന് സി.സി പ്രസിഡന്റ്

മുമ്പാകെ സത്യപ്രതിജ്ഞ ചെയ്ത് അദ്ദേഹം സ്ഥാനം ഏറ്റെടുത്തു. കഴിഞ്ഞ ആറ് വർഷക്കാലം തോമാപുരം എ.സി യെ സ്തുത്യർഹമായ രീതിയിൽ നയിച്ച ബ്ര. ജോർജ് ഇടക്കര മൈലക്കലിന് സി.സി.യുടെ പേരിലുള്ള നന്ദി അറിയിക്കുന്നു.

**ഭക്ഷണ ശുശ്രൂഷ**

ചരൽ സെന്റ് സെബാസ്റ്റ്യൻസ് കോൺഫറൻസ് ആഴ്ചതോറും വൃദ്ധ സദനങ്ങൾക്കായി നടത്തിവരുന്ന ഭക്ഷണ ശുശ്രൂഷ വളരെ ഭംഗിയായി നടക്കുന്നതിൽ സന്തോഷമുണ്ട്. കഴിഞ്ഞമാസം അങ്ങാടിക്കടവ് സേക്രട്ട് ഹാർട്ട് കോൺഫറൻസും ഭക്ഷണ ശുശ്രൂഷ നടത്തുകയുണ്ടായി. കൂടാതെ എടൂർ, കരിക്കോട്ടക്കരി കോൺഫറൻസുകൾ വൃദ്ധസദനങ്ങൾക്ക് ആവശ്യമായ വിറക് എത്തിച്ചു നൽകുന്ന പ്രവർത്തനങ്ങളും നടത്തുകയുണ്ടായി. സമയവും സമ്പത്തും വ്യയം ചെയ്തുകൊണ്ടുള്ള ഇത്തരം പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന എല്ലാ അംഗങ്ങളെയും അവരെ പ്രോത്സാഹിപ്പിക്കുന്ന വികാരിയച്ചന്മാരെയും സി.സി.യുടെ അഭിനന്ദനങ്ങൾ അറിയിക്കുന്നു.

**എ.സി. വാർഷികങ്ങൾ :** ചെമ്പേരി, വായാട്ടുപറമ്പ്, ചെമ്പൻതൊട്ടി, കുന്നോത്ത് എ.സി.കൾ അവരുടെ വാർഷികം നടത്തുകയുണ്ടായി. ബാക്കിയുള്ള എ.സികളും ഡിസംബർ 30 ന് മുമ്പായി വാർഷിക യോഗങ്ങൾ നടത്തുകയും റിപ്പോർട്ടും കണക്കുകളും അവതരിപ്പിച്ച് പൊതുയോഗത്തിന്റെ അംഗീകാരം വാങ്ങേണ്ടതുമാണ്. മാത്രവുമല്ല, ഇത്തരം യോഗങ്ങൾ നമ്മുടെ പ്രവർത്തനങ്ങൾ കൂടുതൽ മികവുള്ളതാക്കുകയും ആത്മീയ വളർച്ചയ്ക്ക് സഹായിക്കുകയും ചെയ്യും.

**മണിപ്പൂർ ദുരിതാശ്വാസ സഹായം**

നാഷണൽ കൗൺസിലിന്റെ ആഹ്വാനപ്രകാരം മണിപ്പൂരിലെ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി നാം നടത്തിയ രഹസ്യപിരിവിൽ 6 ലക്ഷത്തിൽപരം രൂപ സമാഹരിക്കുവാൻ നമുക്ക് സാധിച്ചു. ഇങ്ങനെ സമാഹരിക്കുന്ന തുക നാഷണൽ കൗൺസിൽവഴി ദുരിത മേഖലകളിൽ അർഹരായവർക്ക് സാധനങ്ങളായോ മറ്റു പ്രവർത്തനങ്ങളിലൂടെയോ ഏറ്റവും ഉചിതമായ വിധത്തിൽ ഇടനിലക്കാരില്ലാതെ നേരിട്ട് നൽകുമെന്ന് കഴിഞ്ഞ മാസം 15 ന് മംഗലാപുരത്ത് നടന്ന നാഷണൽ കൗൺസിലിന്റെ വാർഷിക യോഗത്തിൽ സി. സി പ്രസിഡണ്ടുമാരെ അറിയിച്ചിട്ടുണ്ട്.

**കോൺഫറൻസ് സന്ദർശനങ്ങൾ**

പ്രവർത്തനങ്ങൾ മന്ദഗതിയിലായ കോൺഫറൻസുകളെ പുനരുജ്ജീവിപ്പിക്കുന്നതിനും നല്ല പ്രവർത്തനങ്ങൾ നടത്തുന്ന കോൺഫറൻസുകളെ പ്രോത്സാഹിപ്പിക്കുന്നതിനുമായി സി.സി. ഭാരവാഹികൾ എല്ലാ കോൺഫറൻസുകളും സന്ദർശിക്കുമെന്ന് അറിയിച്ചിരുന്നല്ലോ. ഇതിൻെറ ഭാഗമായുള്ള ആദ്യസന്ദർശനം സെപ്റ്റം. 10 ന് ബാലേശുഗിരി കോൺഫറൻസിൽ ആരംഭിച്ചു. സി.സി. പ്രസിഡന്റ്, ജനറൽ സെക്രട്ടറി ബ്ര. ജോൺസൺ

കൂട്ടിയാനിൽ, തളിപ്പറമ്പ് എ.സി. പ്രസിഡന്റ് ബ്ര. രാജൻ മണ്ണൂർ തുടങ്ങിയവർ സംഘത്തിൽ ഉണ്ടായിരുന്നു. ഇടവക വികാരി ഫാ. ലൂക്കോസ് മറ്റപ്പള്ളി എല്ലാവിധ സഹകരണവും വാഗ്ദാനം ചെയ്തു.

**ആദരാഞ്ജലികൾ**

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി തോമാപുരം എ.സി.യുടെ മുൻ പ്രസിഡന്റും പാലാവയൽ സെന്റ് ജോൺസ് കോൺഫറൻസ് പ്രസിഡന്റുമായിരുന്ന പി.ജെ. ജോസഫ് പെരുമാട്ടിക്കുന്നേൽ 17.08.2023 ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. അദ്ദേഹത്തിന് തലശ്ശേരി സെൻട്രൽ കൗൺസിലിന്റെ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

**സണ്ണി നെടിയകാലായിൽ**
സി.സി. പ്രസിഡന്റ്

# ധ്യാനകേന്ദ്രങ്ങളിലൂടെ
## 2023 ഒക്ടോബർ

**1. മദർഹോം, പരിയാരം; ഫോൺ: 9446567101, 8606603101**

| | | |
|---|---|---|
| **ഒക്ടോ.** | 08-12 | : ആന്തരീക സൗഖ്യ ധ്യാനം |
| | 14 | : വചനാഗ്നി (09 am - 02 pm, ഏകദിന കൺവെൻഷൻ) |
| | 15-18 | : കന്നഡ ധ്യാനം |
| | 22-26 | : ആന്തരീക സൗഖ്യ ധ്യാനം |

**2. വിമലഗിരി ധ്യാനകേന്ദ്രം, പട്ടാരം - ഇരിട്ടി, ഫോൺ: 6282732852**

| | | |
|---|---|---|
| **ഒക്ടോ.** | 07-11 | : ആന്തരീക സൗഖ്യ ധ്യാനം |
| | 13 | : ജാഗരണ പ്രാർത്ഥന |
| | 07, 21, 28 | : ഏകദിന ധ്യാനം |
| | 14 | : കുട്ടികളുടെ ഏകദിന ധ്യാനം |
| | 21-25 | : ആന്തരീക സൗഖ്യ ധ്യാനം |

**3. സീയോൺ ധ്യാനകേന്ദ്രം, നെല്ലിക്കുറ്റി; ഫോൺ : 7306859339**

| | | |
|---|---|---|
| **ഒക്ടോ.** | 07 | : അഖണ്ഡ ജപമാല |
| | 13 | : ജാഗരണ പ്രാർത്ഥന |
| | 15-19 | : ആന്തരീക സൗഖ്യ ധ്യാനം |
| | 29 നവംബർ 03 | : വരദാന വളർച്ചാ ധ്യാനം |

# സോഷ്യൽ സർവ്വീസ് അപ്പൊസ്റ്റോലേറ്റ്

ടി. എസ്. എസ്. എസ്.

### TSSS ദിനാചരണം

സെപ്റ്റംബർ ഒന്നാം തീയതി TSSS ദിനാചരണത്തിന്റെ ഭാഗമായി തലശ്ശേരി അതിരൂപതയുടെ ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി TSSS ഓഫീസിൽ പതാക ഉയർത്തുകയും സന്ദേശം നൽകുകയും ചെയ്തു. തദവസരത്തിൽ TSSS ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ, അസിസ്റ്റന്റ് ഡയറക്ടർ ഫാ. ബിബിൻ വരമ്പകത്ത്, TSSS സ്റ്റാഫ് അംഗങ്ങൾ എന്നിവർ സംബന്ധിച്ചു. എല്ലാ മേഖലകളിലെയും TSSS അംഗങ്ങൾ അവരവരുടെ യൂണിറ്റുകളിൽ ബഹു. ഡയറക്ടർമാരുടെ നേതൃത്വത്തിൽ പതാക ഉയർത്തുകയും വിവിധ സാമൂഹ്യപ്രവർത്തനങ്ങൾ അന്നേദിവസം നടത്തുകയും ചെയ്തു.

### മേഖല സന്ദർശനങ്ങൾ

TSSS ഡയറക്ടർ ഫാ. ബെന്നി നിരപ്പേലും അസിസ്റ്റന്റ് ഡയറക്ടർ ഫാ. വരമ്പകത്തും എല്ലാ മേഖലകളും സന്ദർശിക്കുകയും മേഖല വാർഷിക പൊതുയോഗങ്ങളിൽ സംബന്ധിക്കുകയും ചെയ്തു.

### SHG

TSSS ന്റെ നേതൃത്വത്തിൽ നെല്ലിക്കാംപൊയിൽ, പേരാവൂർ എന്നീ മേഖലകളിൽ പുതിയ SHG ഗ്രൂപ്പുകൾ രൂപീകരിച്ചു. ഈ മേഖലകളിലെ SHG മെമ്പർമാരുടെ യോഗം നെല്ലിക്കാംപൊയിൽ ചേർന്നു.

പ്രസ്തുത യോഗത്തിൽ TSSS ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ അധ്യക്ഷത വഹിച്ചു. സ്റ്റേറ്റ്ലെവൽ ബാങ്കേഴ്സ് കമ്മിറ്റി കൺവീനറും കാനറാ ബാങ്ക്സ്റ്റേറ്റ് മാനേജറുമായ Mr. പ്രേംകുമാർ ഉദ്ഘാടനം ചെയ്തു. കാനറാ ബാങ്ക് കണ്ണൂർ A G M Mr. രാജു, ഡിവിഷണൽ

മാനേജർമാരായ CTK ബാബു, കുമാർ നായിക്, Mr. അനിൽകുമാർ TSSS പ്രോഗ്രാം മാനേജർ Mr. ജോസ്പ്രകാശ്, പേരാവൂർ RCC ഡയറക്ടർ ഫാ. സെബാസ്റ്റിൻ പൊടിമറ്റം എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. നെല്ലിക്കാംപൊയിൽ, RCC ഡയറക്ടർ ഫാ. ജോസഫ് കുരിശും മൂട്ടിൽ സ്വാഗതം ആശംസിച്ചു. TSSS അസിസ്റ്റന്റ് ഡയറക്ടർ ഫാ. ബിബിൻ വരമ്പകത്ത് നന്ദി പ്രകാശനം നടത്തി.

### സജീവം

സമൂഹത്തെയും പുതുതലമുറയെയും നശിപ്പിച്ചുകൊണ്ടിരിക്കുന്ന ലഹരിക്കെതിരെ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിച്ചു. എറണാകുളം POC യിൽ വെച്ച് സംഘടിപ്പിച്ച സജീവം കോഡിനേറ്റേഴ്സിന്റെ മീറ്റിംഗിൽ TSSS അസിസ്റ്റന്റ് ഡയറക്ടർ ഫാ. ബിബിൻ വരമ്പകത്ത്, TSSS സ്റ്റാഫ് ജോജോ ജോസ് എന്നിവർ പങ്കെടുത്തു.

### ആശാകിരണം

തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റി വിവിധ ഇൻഷുറൻസ് കമ്പനികളുമായി നിരന്തരം ബന്ധപ്പെട്ട് TSSS പ്രവർത്തകർക്കും അവരുടെ കുടുംബാംഗങ്ങൾക്കും മാത്രമായി പുതുതായി ആരോഗ്യ ഇൻഷുറൻസ് പദ്ധതി ആരംഭിക്കുന്നു. വർദ്ധിച്ചുവരുന്ന മെഡിക്കൽ ബില്ലുകളിൽ നിന്നും വ്യക്തികളെയും കുടുംബങ്ങളെയും സുരക്ഷിതമാക്കുവാനും പണമില്ലാത്തതിന്റെ പേരിൽ സാധാരണക്കാർക്ക് ചികിത്സ നിഷേധിക്കപ്പെടാതിരിക്കാനുമായി 5 ലക്ഷം രൂപ മുതൽ രണ്ടു കോടി രൂപ വരെ പരിരക്ഷ ലഭിക്കുന്ന നിരവധി പോളിസികളാണ് ഈ പദ്ധതിയിലൂടെ TSSS ഒരുക്കുന്നത്. പ്രീമിയം തുക ഒന്നിച്ച് അടച്ച് അംഗത്വം എടുക്കുവാൻ സാധിക്കാത്ത TSSS പ്രവർത്തകർക്ക് അതാത് യൂണിറ്റുകളിൽനിന്നും പലിശരഹിത സാമ്പത്തിക സഹായങ്ങൾ അനുവദിക്കുന്നതാണ്. ഇൻഷുറൻസിൽ അംഗത്വം എടുക്കുവാൻ മാത്രമായി നൽകുന്ന ഈ സഹായം നിശ്ചിത കാലയളവിനുള്ളിൽ തവണകളായി തിരിച്ചടയ്ക്കുന്നതിനുള്ള സൗകര്യവും TSSS ന്റെ യൂണിറ്റുകൾ വഴി നൽകുന്നു. ഇൻഷുറൻസ് ലീഡേഴ്സ് മീറ്റിംഗ് ഇരുപത്തിയഞ്ചാം തീയതി ഓൺലൈനായി നടത്തി.

### മെഡിക്കൽ ക്യാമ്പ്

ക്യാൻസർ രോഗത്തെ നേരത്തെ കണ്ടെത്തി നിയന്ത്രണ വിധേയമാക്കാനും നമ്മുടെ കുടുംബത്തെയും നാടിനെയും ക്യാൻസർ വിമുക്തമാക്കി മാറ്റാനും തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ മലബാർ ക്യാൻസർ സെന്ററിന്റെ സഹകരണത്തോടെ കണ്ണൂർ, കാസർഗോഡ്

ജില്ലകളിലായി സൗജന്യ ക്യാൻസർ പരിശോധന ക്യാമ്പുകൾ നടത്തിവരുന്നു. മലബാർ ക്യാൻസർ സെന്ററിലെ ഓങ്കോളജി വിഭാഗത്തിൽ വിദഗ്ധ ഡോക്ടർമാരുടെ നേതൃത്വത്തിൽ വായിലെ അർബുദം, ഗർഭാശയ ക്യാൻസർ തുടങ്ങിയവയുടെ പരിശോധനകളാണ് ക്യാമ്പുകളിൽ സംഘടിപ്പിച്ചുവരുന്നത്. കൃത്യമായ പരിശോധനയിലൂടെയും ഉചിതമായ ചികിത്സാരീതികളിലൂടെയും നിരവധിപേരെ രോഗമുക്തരാക്കാനും സഹായിക്കുവാനും ഇതുവഴി സാധിച്ചിട്ടുണ്ട്. സെപ്റ്റംബർ നാലാം തീയതി ചിറ്റാരിക്കലിൽ വച്ച് നടത്തി. കൂടുതൽ വിവരങ്ങൾക്ക് അതാത് മേഖലയിലെ TSSS അംഗങ്ങളുമായി ബന്ധപ്പെടാവുന്നതാണ്.

## ഏയ്ഞ്ചൽ ഡയാലിസിസ്

അഭിവന്ദ്യ ഞറളക്കാട്ട് പിതാവിന്റെ ബഹുമാനാർത്ഥം നമ്മൾ ആരംഭം കുറിച്ച ഏയ്ഞ്ചൽ ഡയാലിസിസ് 2 സെന്ററുകളിൽ പ്രവർത്തനം തുടരുന്നു. ഏയ്ഞ്ചൽ ഡയാലിസിന്റെ ആരംഭം മുതൽ TSSS ആയിരുന്നു നേതൃത്വം വഹിച്ചിരുന്നത്. ഇപ്പോൾ TSSS-ന്റെ അമിത ജോലിഭാരം മൂലവും ഭരണ നിർവഹണ സൗകര്യങ്ങൾക്കായും ഏയ്ഞ്ചൽ ഡയാലിസിന്റെ ചുമതല വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി അച്ചനെ ഏല്പിച്ചിരിക്കുകയാണ്. തുടർന്നുള്ള ഏയ്ഞ്ചൽ ഡയാലിസിന്റെ നടത്തിപ്പു ബഹുമാനപ്പെട്ട പാലാക്കുഴി അച്ചൻ ചെയ്യുന്നതാണ്. നാളിതുവരെ ഏയ്ഞ്ചൽ ഡയാലിസിന്റെ വിജയത്തിനായി ടിഎസ്എസ്എസിനോട് ചേർന്ന് പ്രവർത്തിച്ച എല്ലാ അച്ചന്മാർക്കും നന്ദി അറിയിക്കുന്നു. പാലാക്കുഴി അച്ചന് ആശംസകളും നേരുന്നു.

**ഫാ. ബിബിൻ വരമ്പകത്ത്**
*അസി. ഡയറക്ടർ*

**ഫാ. ബെന്നി നിരപ്പേൽ**
*ഡയറക്ടർ*

# ബയോ മൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി

## പുതിയ ഔട്ട്‌ലെറ്റ്

ബയോ മൗണ്ടൻ കമ്പനിയുടെ ആദ്യത്തെ ഔട്ട്‌ലെറ്റ് ചീക്കാട് ഉണ്ണി മിശിഹാ ദൈവാലയ അങ്കണത്തിൽ സെപ്റ്റംബർ പതിനഞ്ചാം തീയതി അഭിവന്ദ്യ ജോസഫ് പാംപ്ലാനി പിതാവ് ഉദ്ഘാടനം ചെയ്ത് നാടിന് സമർപ്പിച്ചു.

**റീജിയണൽ വിസിറ്റ് :** കമ്പനിയുടെ പ്രോഡക്റ്റിനെ പരിചയപ്പെടുത്തുവാനും അതിന്റെ പ്രവർത്തനം സുഖകരമാക്കുവാനും എല്ലാ യൂണിറ്റിൽ നിന്നും ഓരോ ഭാരവാഹികളെ തിരഞ്ഞെടുക്കുന്നതിനുമായി റീജണൽ തലത്തിൽ സന്ദർശിക്കുകയും അവിടുത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

**ഇൻഡസ്ട്രിയൽ പാർക്ക് :** കുന്നോത്ത് ആരംഭിക്കാൻ പോകുന്ന ഹരിത പ്രൈവറ്റ് ഇൻഡസ്ട്രിയൽ പാർക്കിന്റെ ജില്ലാതല ഇൻസ്പെക്ഷൻ നടത്തി പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

**ബോർഡ് മീറ്റിംഗ്:** കമ്പനിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന്റെ ഭാഗമായി സെപ്റ്റംബർ 5-ാം തീയതി അഭിവന്ദ്യ ജോസഫ് പാംപ്ലാനി പിതാവിന്റെ അധ്യക്ഷതയിൽ ബോർഡംഗങ്ങൾ കൂടുകയും കമ്പനിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തി ഭാവിപ്രവർത്തനങ്ങൾ നടത്തേണ്ടതിന്റെ കാര്യങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു.

## വാർഷിക ജനറൽ ബോഡി യോഗം

കമ്പനിയുടെ വാർഷിക പൊതുയോഗം സെപ്റ്റംബർ മാസം 29ന് ഉച്ചകഴിഞ്ഞ് 2 മണിക്ക് തലശ്ശേരിയിൽ വച്ച് ചെയർമാൻ സിബി പാലാക്കുഴിയുടെ അധ്യക്ഷതയിൽ യോഗം ചേർക്കുകയും വാർഷിക കണക്കുകൾ റിപ്പോർട്ടുകൾ അവതരിപ്പിച്ച് പാസാക്കുകയും, പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

**ഫാ. ലൂക്കോസ് മാടശ്ശേരി**
*എക്സിക്യൂട്ടീവ് ഡയറക്ടർ*

**മോൺ. സെബാസ്റ്റ്യൻപാലാക്കുഴി**
*ചെയർമാൻ*

**ഫാ. ജോജോ പൊടിമറ്റം**
*കോർഡിനേറ്റർ*

**ഫാ. ബെന്നി നിരപ്പേൽ**
*മാനേജിംഗ് ഡയറക്ടർ*

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോസഫ് പാംപ്ലാനി

### ആഗസ്റ്റ് 2023

21–26 കാക്കനാട് മൗണ്ട് സെന്റ് തോമസിൽവച്ച് നടന്ന സീറോമലബാർ സഭാ സിനഡിൽ പങ്കെടുത്തു.

27 പാടിയോട്ടുചാൽ ദൈവാലയത്തിൽ ദിവ്യബലിയർപ്പിക്കുകയും തുടർന്ന് പാലക്കാട് അസി. കളക്ടറായി ചുമതലയേറ്റ ഇടവകാംഗം ഒ.വി. ആൽഫ്രഡ് ഐ.എ.എസിനുള്ള സ്വീകരണ പരിപാടിയിൽ അധ്യക്ഷത വഹിക്കുകയും ചെയ്തു.

28 കോഴിക്കോട് ദേവഗിരി ദൈവാലയത്തിൽവച്ച് വട്ടമറ്റത്തിൽ ആശംസ് ജോസഫിന്റെയും കുറ്റിക്കാട്ടുമണ്ണിൽ അമൃത സെബാസ്റ്റ്യന്റെയും വിവാഹം ആശീർവ്വദിച്ചു. ഉച്ചയ്ക്കുശേഷം ശാന്തിനഗറിലെത്തി മൈക്കിൾ പാട്ടത്തിലിന്റെ മൃതസംസ്കാര ശുശ്രൂഷാകർമ്മം നിർവ്വഹിച്ചു. തുടർന്ന് ചന്ദനക്കാംപാറ ഇടവകാംഗങ്ങളായ ഫാ. ഫിലിപ്പ് കവിയുടെയും ഫാ. ലാസർ വരമ്പകത്തിന്റെയും ഭവനങ്ങൾ സന്ദർശിച്ചു. ഒൻപതുമണിയോടെ പരിയാരം മദർഹോമിലെത്തി ധ്യാനത്തിലായിരിക്കുന്നവർക്ക് സന്ദേശം നൽകി.

29 തലശ്ശേരി മൈനർ സെമിനാരിയിൽവച്ച് നടത്തിയ വിവിധ ഓണാഘോഷ പരിപാടികൾ ഉദ്ഘാടനം ചെയ്തു.

30 കുന്നോത്ത് മേജർ സെമിനാരി വിദ്യാർത്ഥികൾക്കായി ക്ലാസ്സ് നയിച്ചു. ഉച്ചയ്ക്കുശേഷം കാക്കയങ്ങാട് സെന്റ് ജൂഡ് ദൈവാലയം സന്ദർശിച്ചു. വൈകുന്നേരം തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ഡയറക്ടർമാരുടെ യോഗത്തിൽ അധ്യക്ഷത വഹിച്ചു. തുടർന്ന് ഓൺലൈനായി ചേർന്ന ഡയലോഗ് കമ്മിറ്റി മീറ്റിംഗിൽ പങ്കെടുത്തു.

31 പടന്നക്കാട് റീജിയണൽ ബിഷപ്സ് ഹൗസിൽവച്ച് വിവിധ സന്ദർശകരെ സ്വീകരിച്ചു. തുടർന്ന് പുതുതായി ആരംഭിച്ച റേഡിയോ സ്റ്റേഷന്റെ വെഞ്ചരിപ്പു കർമ്മം നിർവ്വഹിച്ചു. വൈകുന്നേരം തലശ്ശേരി ടൗണിൽ സംഘടിപ്പിച്ച സർവ്വമത സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. രാത്രി 9 മണിക്ക് ഓൺലൈനായി ചേർന്ന മീഡിയാ കമ്മീഷൻ യോഗത്തിൽ അധ്യക്ഷത വഹിച്ചു.

**സെപ്റ്റംബർ 2023**

01 കുന്നോത്ത് മേജർ സെമിനാരി വിദ്യാർത്ഥികൾക്കായി ക്ലാസ്സ് നയിച്ചു. വൈകുന്നേരം അതിരൂപതാ കേന്ദ്രത്തിൽ ചേർന്ന കൂരിയാ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു.

02 താബോർ ദൈവാലയത്തിൽവച്ച് മോഹാലയിൽ ജോസ് - സ്മിതാ ദമ്പതികളുടെ നാലാമത്തെ കുഞ്ഞായ ജോഷ്വായ്ക്ക് മാമ്മോദീസാ നൽകി. ആലക്കോട് ഇടവകാംഗമായിരുന്ന നോർവിൻ ലൂക്കോസിന്റെ മൃതസംസ്കാരശുശ്രൂഷയിലെ ഭവനത്തിലെ കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. തുടർന്ന് ആലക്കോടുവച്ച് ചേർന്ന വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ വാർഷിക പൊതുയോഗ മീറ്റിംഗ് ഉദ്ഘാടനം ചെയ്തു. കരുവഞ്ചാൽ സെന്റ് ജോസഫ്സ് ആശുപത്രിയിൽ ചികിത്സയിലായിരുന്ന ഫാ. ഇഗ്നേഷ്യസ് മുളങ്ങാട്ടിൽ അച്ചനെ സന്ദർശിച്ചു. വൈകുന്നേരം ഓൺലൈനായി ചേർന്ന ഡയലോഗ് കമ്മിറ്റി മീറ്റിംഗിൽ പങ്കെടുത്തു.

03 മട്ടന്നൂർ ഇടവകാ ദൈവാലയത്തിൽ ഇടയസന്ദർശനം നടത്തി. വൈകുന്നേരം ആലുവായിൽവച്ച് എറണാകുളം-അങ്കമാലി രൂപതാ പ്രതിനിധികളും സിനഡ് അംഗങ്ങളും തമ്മിൽ നടത്തിയ ചർച്ചയിൽ പങ്കെടുത്തു.

04 വിമൽജ്യോതി എഞ്ചിനിയറിംഗ് കോളേജിൽവച്ച് എഞ്ചിനിയറിംഗ്, എം.ബി.എ വിദ്യാർത്ഥികളുടെ 2023 വർഷത്തെ പഠനവർഷ ഉദ്ഘാടനം (ജ്യോതിർഗമയ) നിർവ്വഹിച്ചു. ഉച്ചയ്ക്കുശേഷം തലശ്ശേരിയിൽവച്ച് ചേർന്ന സെന്റ് ജോസഫ്സ് ഹോസ്പിറ്റൽ, നിർമ്മലഗിരി കോളേജ് മാനേജ്മെന്റ് മീറ്റിംഗുകൾക്ക് അധ്യക്ഷത വഹിച്ചു.

05 രയറോം ദൈവാലയത്തിൽവച്ച് ഫാ. ഇഗ്നേഷ്യസ് മുളങ്ങാട്ടിൽ അച്ചന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. ഉച്ചയ്ക്കുശേഷം ബയോമൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ ഡയറക്ടർ ബോർഡ് മീറ്റിംഗിനും ഗവേണിംഗ് ബോഡി കമ്മറ്റികളുടെ യോഗത്തിനും അധ്യക്ഷത വഹിച്ചു.

06 കുന്നോത്ത് മേജർ സെമിനാരി വിദ്യാർത്ഥികൾക്കായി ക്ലാസ്സ് നയിച്ചു. ഉച്ചയ്ക്കുശേഷം അതിരൂപതാ കേന്ദ്രത്തിൽവച്ച് വിവിധ സന്ദർശകരെ സ്വീകരിച്ചു.

07 എറണാകുളം അതിരൂപതാ കേന്ദ്രത്തിൽവച്ച് രൂപതാ പ്രതിനിധികളും സിനഡ് അംഗങ്ങളും തമ്മിൽ നടത്തിയ ചർച്ചയിൽ പങ്കെടുത്തു.

08 കുന്നോത്ത് മേജർ സെമിനാരി വിദ്യാർത്ഥികൾക്കായി ക്ലാസ്സ് നയിച്ചു. പൂളക്കുറ്റി ഇടവകയുടെ ജൂബിലിയോടനുബന്ധിച്ച് ദിവ്യബലിയർപ്പിക്കു

കയും വചനസന്ദേശം നൽകുകയും ചെയ്തു. വൈകുന്നേരം ഓൺലൈനായി ചേർന്ന ഡയലോഗ് കമ്മിറ്റി മീറ്റിംഗിൽ പങ്കെടുത്തു.

09 രാവിലെ മേരിഗിരി ഫൊറോനായുടെ പാരീഷ് കൗൺസിൽ മീറ്റിംഗ് ഉദ്ഘാടനം ചെയ്ത് കൗൺസിൽ അംഗങ്ങളുമായി സംവദിച്ചു. ഉച്ചയ്ക്കുശേഷം തളിപ്പറമ്പ് ഫൊറോനായുടെ പാരീഷ് കൗൺസിൽ മീറ്റിംഗ് ഉദ്ഘാടനം ചെയ്ത് കൗൺസിൽ അംഗങ്ങളുമായി സംവദിച്ചു. തുടർന്ന് ചെമ്പേരി വിമൽജ്യോതി എഞ്ചിനിയറിംഗ് കോളേജിൽവച്ച് ജർമ്മൻ നഴ്സിംഗ് പ്രോഗ്രാം പ്രതിനിധികളുമായുള്ള ചർച്ചയിൽ പങ്കെടുത്തു. രാത്രി 9 മണിക്ക് ഓൺലൈനായി ചേർന്ന പെർമനെന്റ് സിനഡിൽ പങ്കെടുത്തു.

10 കാസർഗോഡ് എം.പി ശ്രീ. രാജ്മോഹൻ ഉണ്ണിത്താൻ മണിപ്പൂർ ജനതയ്ക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് നടത്തിവന്ന ധർണ്ണയുടെ ഉപസംഹാര മീറ്റിംഗിന് അധ്യക്ഷത വഹിച്ചു സംസാരിച്ചു. തുടർന്ന് തലശ്ശേരിയിൽവച്ച് ചേർന്ന കൂരിയാ അവലോകന യോഗത്തിൽ അധ്യക്ഷനായി. വൈകുന്നേരം ഓൺലൈനായി ചേർന്ന സാങ്താ മാതാ നഴ്സിംങ് കോളേജ് മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു.

11 നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട ഫാ. ഇഗ്നേഷ്യസ് മുളങ്ങാട്ടിൽ അച്ചനുവേണ്ടി കരുവഞ്ചാൽ പ്രീസ്റ്റ് ഹോമിൽ ദിവ്യബലിയർപ്പിച്ച് പ്രാർത്ഥിച്ചു. ഉച്ചയ്ക്കുശേഷം തലശ്ശേരിയിൽവച്ച് ശ്രീമതി. ആലീസ് കുര്യന്റെ ഡോക്ടറൽ തീസിസ് പ്രസന്റേഷന് മോഡറേറ്ററായി. രാത്രി 9 മണിക്ക് ഓൺലൈനായി ചേർന്ന പെർമനെന്റ് സിനഡിൽ പങ്കെടുത്തു.

12 തലശ്ശേരിയിൽവച്ച് ചേർന്ന പ്രെസ്ബിറ്ററൽ കൗൺസിൽ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

13 അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു. ഉച്ചയ്ക്കുശേഷം വെള്ളരിക്കുണ്ട് ഫൊറോനാ ദൈവാലയത്തിൽവച്ച് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട ബഹു. തോമസ് കൊച്ചുപറമ്പിൽ അച്ചനുവേണ്ടി ദിവ്യബലിയർപ്പിച്ച് പ്രാർത്ഥിച്ചു. തുടർന്ന് മാത്യു പൊട്ടംപ്ലാക്കൽ അച്ചന്റെയും ശ്രീ. ജോബി മൂലയിൽ സാറിന്റെയും ഭവനങ്ങൾ സന്ദർശിച്ചു.

14 രാവിലെ തലശ്ശേരി മൈനർ സെമിനാരി വിദ്യാർത്ഥികൾക്കായി ദിവ്യബലിയർപ്പിച്ച് വചന സന്ദേശം നൽകി. തുടർന്ന് ചെമ്പേരി ഫൊറോനായുടെ പാരീഷ് കൗൺസിൽ മീറ്റിംഗ് ഉദ്ഘാടനം ചെയ്ത് കൗൺസിൽ അംഗങ്ങളുമായി സംവദിച്ചു. ഉച്ചയ്ക്കുശേഷം ചെമ്പന്തൊട്ടി ഫൊറോ

നായുടെ പാരീഷ് കൗൺസിൽ മീറ്റിംഗ് ഉദ്ഘാടനം ചെയ്ത് കൗൺസിൽ അംഗങ്ങളുമായി സംവദിച്ചു. വൈകുന്നേരം നെല്ലിക്കുറ്റിയിൽ നിര്യാത നായ ജോസ് അയ്യമലയ്ക്കുവേണ്ടി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

15 ചീക്കാട് ഉണ്ണിമിശിഹാ ദൈവാലയത്തിൽവച്ച് നടന്ന ഏകദിന ബൈബിൾ കൺവെൻഷൻ നയിച്ചു. ഉച്ചയ്ക്കുശേഷം നസ്രത്ത് സിസ്റ്റേഴ്സ് കുന്നോത്ത് പുതുതായി നിർമ്മിക്കുന്ന ജനറലേറ്റ് ഹൗസിന്റെ തറക്കല്ലി ടീൽ കർമ്മം നിർവ്വഹിച്ചു.

16 രാവിലെ പൈസക്കരി ഫൊറോനാ ദൈവാലയത്തിൽവച്ച് ബഹു. ജോബി കോവാട്ട് അച്ചന്റെ മാതാപിതാക്കളുടെ വിവാഹ ജൂബിലിയോടനുബ ന്ധിച്ച് ദ്യവബലിയർപ്പിച്ചു. പൊടിക്കളം മേരിഗിരി സ്കൂളിൽവച്ച് വേദിക് ഐ.എ.എസ് അക്കാദമി സംഘടിപ്പിച്ച സെമിനാർ ഉദ്ഘാടനം ചെയ്തു. തുടർന്ന് ജില്ലാതല ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിന്റെ ഉദ്ഘാടനവും നിർവ്വ ഹിച്ചു. തലശ്ശേരി മൈനർ സെമിനാരിയിലെത്തി വൊക്കേഷൻ ബ്യൂറോ മീറ്റിംഗിലായിരിക്കുന്നവരുമായി സംവദിച്ചു. ഉച്ചയ്ക്കുശേഷം കരിക്കോ ട്ടക്കരിയിൽ എൽ.എസ്.റ്റി. സിസ്റ്റേഴ്സ് പുതുതായി ആരംഭിച്ച വൃദ്ധസദ നത്തിന്റെ വെഞ്ചരിപ്പുകർമ്മം നിർവ്വഹിച്ചു.

17 രാവിലെ അരവഞ്ചാൽ ദൈവാലയത്തിൽ ദിവ്യബലിയർപ്പിക്കുകയും ദീപിക പത്രത്തിന്റെ അക്ഷരജ്യോതി പദ്ധതി ഉദ്ഘാടനം ചെയ്യുകയും ചെയ്തു. തുടർന്ന് അതിരുമാവ് ദൈവാലയത്തിൽ ഗ്രോട്ടോ വെഞ്ചരിപ്പും പാരിഷ് ഹാൾ വെഞ്ചരിപ്പും നിർവ്വഹിച്ചു. ഉച്ചയ്ക്കുശേഷം പടന്നക്കാട് പുതുതായി ആരംഭിച്ച ആദം മിനിസ്ട്രിയുടെ സെന്റർ ഉദ്ഘാടനം ചെയ്തു.

18–22 വാർഷിക ധ്യാനത്തിലായിരിക്കുന്ന ബഹു. വൈദികരുമായി സംവ ദിച്ചു.

**OCTOBER 2023**

# ENGAGEMENTS

## ARCHBISHOP JOSEPH PAMPLANY

| | | | |
|---|---|---|---|
| 01 | 07.30 am | - | Vayattuparamba |
| 02 | 10.00 am | - | Ponniam : Pratheeksha Ruby Jubilee |
| | 01.30 pm | - | Alakode : CML Council Anniversary |
| 03-27 | | - | Rome : Bishops Synod |
| 28-31 | | - | Ireland : Retreat |

**Secretary to the Archbishop**

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

**മാർ ജോർജ് ഞറളക്കാട്ട്**

## ആഗസ്റ്റ് 2023

28 ശാന്തിനഗർ ഇടവകയിൽ നിര്യാതനായ മൈക്കിൾ പാട്ടത്തിലിന്റെ ഭവനത്തിൽ ഉച്ചയോടെ എത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

31 രാവിലെ പെരിങ്കിരിയിൽ നിര്യാതയായ പീടിയേക്കൽ റോസമ്മയ്ക്കുവേണ്ടി വീട്ടിൽ ചെന്ന് പ്രാർത്ഥിച്ചു. ഉച്ചക്കുമുൻപ് മണ്ഡപം ഇടവകാംഗമായ ഡിജോ കുന്നേപറമ്പിലിന്റെ ഭവനം വെഞ്ചിരിച്ചു. ഉച്ചകഴിഞ്ഞ് തോമാപുരം മേഖല ബൈബിൾ കലോത്സവത്തിൽ പങ്കെടുത്ത് ആശംസകൾ നേർന്നു.

## സെപ്റ്റംബർ 2023

02 രാവിലെ മണിപ്പാറ ഇടവകാംഗമായ കൊച്ചുപറമ്പിൽ ജോഷി - ധന്യ ദമ്പതിമാരുടെ നാലാമത്തെ കുഞ്ഞിന് മാമ്മോദീസ നൽകി.

03 രാവിലെ പൂളക്കുറ്റി ഇടവകയുടെ രജത ജൂബിലിയോട് അനുബന്ധിച്ച് വി. കുർബാന അർപ്പിക്കുകയും കുട്ടികളുടെ ആഘോഷപൂർവമായ ദിവ്യകാരുണ്യ സ്വീകരണത്തിന് കാർമികത്വം വഹിക്കുകയും ചെയ്തു.

04 വൈകുന്നേരം കരുവഞ്ചാൽ പ്രീസ്റ്റ് ഹോമിൽ ബഹു. ഇഗ്നേഷ്യസ് മുളങ്ങാട്ടിൽ അച്ചന്റെ മൃതസംസ്ക്കാര ശുശ്രൂഷയുടെ ഒന്നാം ഭാഗം നടത്തി.

05 രാവിലെ രയറോം ദൈവാലയത്തിൽ ബഹു. ഇഗ്നേഷ്യസ് മുളങ്ങാട്ടിൽ അച്ചന്റെ മൃതസംസ്ക്കാര ശ്വശ്രൂഷയിലെ വി. കുർബാനക്ക് കാർമികത്വം വഹിച്ചു.

06 രാവിലെ കുന്നോത്ത് മേജർ സെമിനാരിയിലെ ഫിലോസഫി തിയോളജി വിഭാഗങ്ങളുടെ ഇൻസ്റ്റിറ്റ്യൂട്ട് പ്രഖ്യാപന ചടങ്ങിൽ പങ്കെടുത്തു.

07 വൈകുന്നേരം പാണത്തൂർ ഇടവകയിൽ തിരുനാൾ കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി. തുടർന്ന് നെല്ലിക്കുറ്റിയിൽ നിര്യാതനായ ജോസഫ് ചേന്നാട്ടിലിന്റെ ഭവനത്തിലെത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

08 രാവിലെ മടപ്പുരച്ചാൽ ദൈവാലയത്തിൽ തിരുനാൾ കുർബാന അർപ്പിച്ച് വചന സന്ദേശം നൽകി.

09 ഉച്ചയ്ക്ക് മുൻപ് ആലക്കോട് ദൈവാലയത്തിൽ വച്ച് ചെട്ടിയാംകുന്നേൽ ക്ലാരീസും പഴയകരിയിൽ അമൽ ടോമും തമ്മിലുള്ള മനസമ്മതം നടത്തി. ഉച്ചക്കുശേഷം അതിരൂപതാ മാതൃവേദി അംഗങ്ങൾ ബെഡൂരിൽ നിർമ്മിച്ചു നൽകിയ ഭവനത്തിന്റെ വെഞ്ചിരിപ്പ് നടത്തി.

10 രാവിലെ കുന്നോത്ത് നസ്രത്ത് ജനറലേറ്റിൽ വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി.

11 രാവിലെ മാലോം ഇടവകയിൽ നടത്തപ്പെട്ട സഖറിയാസ് ധ്യാനത്തിന് വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി.

15 രാവിലെ നസ്രത്ത് ജനറലേറ്റിൽ വി. കുർബാന അർപ്പിച്ച് വചന സന്ദേശം നൽകി. ഉച്ചയ്ക്ക് മുൻപ് ചന്ദനക്കാംപാറയിൽ നിര്യാതനായ ദേവസ്യ വരമ്പകത്തിന്റെ മൃതസംസ്ക്കാര ശുശ്രൂഷയ്ക്ക് മുഖ്യകാർമികത്വം വഹിച്ചു. വൈകുന്നേരം നസ്രത്ത് ജനറലേറ്റിൽ പുതിയ കെട്ടിടത്തിന്റെ തറക്കല്ലിടീൽ കർമ്മത്തിൽ പങ്കെടുത്തു.

17 – 22 തലശ്ശേരിയിൽ വൈദികരുടെ വാർഷിക ധ്യാനത്തിൽ പങ്കെടുത്തു.

**OCTOBER 2023**

# ENGAGEMENTS

**ARCHBISHOP EMERITUS GEORGE NJARALAKATT**

| | | | |
|---|---|---|---|
| 02 | 11 am | - | Holy Mass, MSMI Convent- Kannur |
| 08 | 03 pm | - | Holy Mass, Lingarajapuram |
| 11 | 09: 30 am | - | Holy Mass - Zacharias Convention, Kanhangad |
| 12 | 10 am | - | Silver Jubilee Celebration, NS Generalate - Kunnoth |
| 14 | 10: 30 am | - | Holy Mass, Rayarom |
| 15 | 10 am | - | Holy Mass, Dwaraka |
| 16 | 09: 30 am | - | Holy Mass - Zacharias Convention, Manikkadavu |
| 19 | | - | Nadavayal |
| 22 | 10: 30 am | - | Betrothal, Burnassery |
| 23 | 10: 30 am | - | First Communion, Pathanpara |

**Secretary to the Archbishop Emeritus**

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോർജ് വലിയമറ്റം

### ആഗസ്റ്റ് 2023

21-26 മൗണ്ട് സെന്റ് തോമസിൽ വച്ചു നടന്ന സീറോ മലബാർ സഭയുടെ മെത്രാൻ സിനഡിൽ പങ്കെടുത്തു.

28 ചുണ്ടപ്പുറമ്പ് ഇടവകയിൽ നിര്യാതനായ ജോസഫ് നെല്ലംകുഴിയുടെ അഞ്ചാംദിന കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. അതിനുശേഷം ചന്ദനക്കാംപാറയിൽ പുതിയതായി നിർമ്മിച്ച കവിയിൽ കുടുംബാംഗങ്ങളുടെ ഭവനം വെഞ്ചരിച്ചു. വൈകിട്ട് ശാന്തിനഗറിൽ മരണപ്പെട്ട മൈക്കിൾ പാട്ടത്തിലിനെ സന്ദർശിക്കുകയും ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു.

### സെപ്റ്റംബർ 2023

04 വിലങ്ങാട് ഇടവകയിൽ മരണപ്പെട്ട ചൂരപ്പൊയ്കയിൽ റോസയുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. അതിനുശേഷം കോടഞ്ചേരിയിൽ രോഗിയായി കഴിയുന്ന തോമസ് ചെമ്മാംപള്ളിയിലിനെ സന്ദർശിക്കുകയും രോഗീലേപനം നൽക്കുകയും ചെയ്തു.

05 രയറോം ഇടവകയിൽ വച്ച് ഫാ. ഇഗ്നേഷ്യസ് മുളങ്ങാട്ടിലിന്റെ മൃതസംസ്ക്കാര ശുശ്രൂഷകളുടെ രണ്ടാം ഭാഗത്തിന് മുഖ്യകാർമ്മികത്വം വഹിച്ചു. വൈകിട്ട് കോടഞ്ചേരി ഇടവകയിൽ നിര്യാതനായ തോമസ് ചെമ്മാംപള്ളിയിലിന്റെ മൃതസംസ്ക്കാര ശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

06 താമരശ്ശേരി കത്തീഡ്രൽ ഇടവകയിൽ മാർ പോൾ ചിറ്റിലപ്പള്ളിയുടെ മൂന്നാം ചരമ വാർഷികത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിക്കുകയും സന്ദേശം നൽകുകയും ചെയ്തു.

07 പൂളകുറ്റി ഇടവകയുടെ രജത ജൂബിലിയോടനുബന്ധിച്ച് വി. കുർബാന അർപ്പിക്കുകയും സന്ദേശം നൽകുകയും ചെയ്തു.

08 നെല്ലിക്കുറ്റി ഇടവകയിൽ മരണപ്പെട്ട ചേന്നാട്ട് ജോസഫിന്റെ മൃതസംസ്ക്കാര ശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

09 ഇരിട്ടി ഇടവകയിൽ വിവാഹിതരായ മാമ്മൂട്ടിൽ ഡേവിഡ് – പ്രീയങ്ക ദമ്പതികളുടെ വിവാഹം ആശീർവദിച്ചു.

11 കൊന്നക്കാട് ഇടവകയിൽ മോൺ. ഷാജി മുണ്ടപ്ലാക്കലിന്റെ ചരമ വാർഷികത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിക്കുകയും സന്ദേശം നൽകുകയും ചെയ്തു.

14 തോട്ടുമുക്കം ഇടവകയിൽ ഏറ്റുമാനൂർക്കാരൻ സെബാസ്റ്റ്യന്റെ നാൽപത്തിയൊന്നാം ചരമ ദിനത്തോടനുബന്ധിച്ച് വി. കുർബാന അർപ്പിക്കുകയും സന്ദേശം നൽകുകയും ചെയ്തു.

16 പൈസക്കരി ഇടവകാംഗങ്ങളായ കോവാട്ട് ഫ്രാൻസീസ് – ത്രേസ്യാമ്മ ദമ്പതികളുടെ വിവാഹ സുവർണ്ണ ജൂബിലിയോടനുബന്ധിച്ചുള്ള ചടങ്ങിൽ പങ്കെടുത്തു.

17–22 തലശ്ശേരി കത്തീഡ്രലിൽ വച്ച് നടന്ന വൈദികരുടെ വാർഷിക ധ്യാനത്തിൽ പങ്കെടുത്തു.

## OCTOBER 2023 ENGAGEMENTS

### ARCHBISHOP EMERITUS GEORGE VALIAMATTAM

02 - Peravoor High School : Gandhi Jayanthi Celebrations

14 - Nirmalagiri : Marriage

21 - Malome : Marriage

**Secretary to the Archbishop Emeritus**


2023 ഒക്ടോബർ 23,24
തലശ്ശേരി അതിരൂപത
കലോത്സവം
ചെമ്പേരി വിമൽജ്യോതി
എഞ്ചിനീയറിംഗ് കോളേജിൽ
Koinonia
2023
തലശേരി അതിരൂപത കലോത്സവം
23-24 ഒക്ടോബർ, 2023 | വിമൽ ജ്യോതി, ചെമ്പേരി
Hearty
Welcome

RNI Reg. No. 5910 Date of Publication: 28/09/2023
Registered KL/TLY/20/22-24
Licensed to post without prepayment of postage
No. KL/PMG/NR/WPP/2/TLY/2022-24
വാല്യം : 06 ലക്കം : 10 വില : ₹10

## ഒക്ടോബർ 04 വി. ഫ്രാൻസിസ് അസീസി



Published & Printed by Fr. Sajan George Thengumpally on
behalf of Fr. Jacob Narikuzhy. Printed at Vimala Offset Press, Thalassery.
Published from Archbishop's House, Hollow Way Road, Thalassery - 670 101.
Editor- Fr. Sajan George Thengumpally.